
## ഇപ്പോൾ വില്പനയിൽ

ചെറുചിമിഴിൽ ഒരു കേരളചരിത്രം

പ്രാചീനകാലം മുതലുള്ള
കേരളചരിത്രത്തെ അറിയാൻ ഒരു പുസ്തകം






ഇൻഫർമേഷൻ & പബ്ളിക്
റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം
01 സെപ്തംബർ, 2015 പുസ്തകം 1 ലക്കം 13

ചീഫ് എഡിറ്റർ
**മിനി ആന്റണി ഐ എ എസ്**

കോ-ഓർഡിനേറ്റിങ് എഡിറ്റർ
**സി. രമേശ് കുമാർ**

ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**സന്തോഷ് കുമാർ എ.എസ്.**

എഡിറ്റർ
**നാഫിഹ് എം.**

അസിസ്റ്റന്റ് എഡിറ്റർ
**സി.എഫ്. ദിലീപ് കുമാർ**
**അരുൺ എസ്.എസ്.**

ട്രാൻസ്‌ലേറ്റർ
**ടി. എസ്. സതികുമാർ**

ഡിസൈൻ
**പ്രകാശ് വി.എസ്.**

കവർ, ലേ-ഔട്ട്
**അനിൽരാജ്**

സർക്കുലേഷൻ
**ആർ. അനിൽകുമാർ**

പ്രതിനിധികൾ
- **കെ. സുരേഷ്കുമാർ**, തിരുവനന്തപുരം
- **കെ. അബ്ദുൾ റഷീദ്**, കൊല്ലം
- **കിരൺ റാം**, പത്തനംതിട്ട
- **സി. അജോയ്**, ആലപ്പുഴ
- **വി.ആർ. സന്തോഷ്**, കോട്ടയം
- **ടി.സി. ചന്ദ്രഹാസൻ**, എറണാകുളം
- **എൻ.പി. സന്തോഷ്**, ഇടുക്കി
- **പി.സി.സുരേഷ് കുമാർ**, തൃശൂർ
- **സി. അയ്യപ്പൻ**, പാലക്കാട്
- **വി.പി. സുലഭകുമാരി**, മലപ്പുറം
- **കെ.പി. അബ്ദുൾ ഖാദർ**, കോഴിക്കോട്
- **റഷീദ് ബാബു**, വയനാട്
- **ഇ.വി. സുഗതൻ**, കണ്ണൂർ
- **കെ.ടി. ശേഖരൻ**, കാസർകോട്
- **ഡോ. സി. വേണുഗോപാൽ**, ന്യൂഡൽഹി

വരിക്കാരാകാൻ: സമകാലിക ജനപഥം തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യൂ, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231
• ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424

01 September, 2015 Volume1 Issue 13
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

# ലോകശ്രദ്ധയിൽ വീണ്ടുമൊരു കേരളാ മോഡൽ

ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത്
ഗ്രാമങ്ങളിലാണെന്ന ഗാന്ധിയൻ ദർശനമാണ്
സാമൂഹിക പരിവർത്തനത്തിനും മുന്നേറ്റത്തിനും അധികാരവി
കേന്ദ്രീകരണമെന്ന ആശയത്തിന്റെ അടിത്തറയായത്. ഗ്രാമസ്വ
രാജിലൂടെയേ രാജ്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് പൂർണ
മാവൂ എന്ന് മഹാത്മജി വിഭാവന ചെയ്തു. ലക്ഷക്കണക്കിന്
ഗ്രാമങ്ങളിൽ വ്യാപിച്ചിരിക്കുന്ന അടിസ്ഥാനജനതയെ അവഗണി
ച്ചുകൊണ്ട് ഇന്ത്യക്ക് മുന്നോട്ടു പോകുക സാധ്യമല്ലായിരുന്നു.

1995 ഒക്ടോബർ രണ്ടിന് -ഗാന്ധിജയന്തി ദിനത്തിൽ-
പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം
കൈമാറിക്കൊണ്ട് കേരളം ഗാന്ധിജിയുടെ ആശയത്തിന്
ജീവൻ നൽകി. പിന്നീടിങ്ങോട്ട് കേരളം ആ മേഖലയിൽ
നിർവഹിച്ചിട്ടുള്ള അത്മാർഥമായ ചുവടുവയ്പ്പുകൾ ഇന്ന്
ലോക ശ്രദ്ധ തന്നെ ആകർഷിച്ചിരിക്കുന്നു.

അർഥവത്തായ അധികാരവികേന്ദ്രീകരണ നടപടികൾക്ക്
ദേശീയ പുരസ്കാരം നേടിയ കേരളത്തിലേക്ക്, നമ്മുടെ മാതൃക
പഠിക്കാനും പകർത്താനും രാജ്യത്തിനകത്തും പുറത്തും
നിന്ന് പഠന-ഗവേഷണ സംഘങ്ങൾ എത്തിക്കൊണ്ടിരിക്കു
കയാണ്. രണ്ടര ലക്ഷം ഇന്ത്യൻ ഗ്രാമങ്ങൾ കേരളാ മോഡൽ
പകർത്താനുള്ള പാതയിലാണ്.

അലങ്കാരമായിട്ടല്ല കേരളം പഞ്ചായത്തീരാജ് സ്ഥാപ
നങ്ങൾക്ക് അധികാരം കൈമാറിയത്. അധികാരനിർവഹണ
ത്തിന് അനിവാര്യമായ ത്രീ എഫ് എന്നറിയപ്പെടുന്ന
പ്രവർത്തനങ്ങളും (function ) പ്രവർത്തകരും (functionaries)
തുകയും (fund) കൈമാറ്റം ചെയ്യപ്പെട്ടു. അവ യഥാവിധി
പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങളും
ഏർപ്പെടുത്തി. ഇന്ന് ഇന്ത്യയിൽ പൂർണാർഥത്തിൽ അധികാര
വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്ന സംസ്ഥാനം എന്ന
ഖ്യാതി കേരളത്തിനുണ്ട്. വ്യക്തമായ ചുമതലകളോടു കൂടിയ
ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനങ്ങളും വിഭവസ്രോതസും
ചട്ടങ്ങളും നിയമങ്ങളുമെല്ലാമുള്ളവയാണ് കേരളത്തിലെ തദ്ദേശ
സ്വയംഭരണ സ്ഥാപനങ്ങൾ. അവയുടെ ശാക്തീകരണത്തിലൂടെ
വികസന രംഗത്ത് നാടിനെ ബഹുദൂരം മുന്നോട്ടു നയിക്കാൻ
നമുക്ക് സാധിച്ചു.

മുകൾത്തട്ടിൽ ആവിഷ്ക്കരിച്ചു നടപ്പാക്കിയിരുന്ന പദ്ധതികളുടെ
പോരായ്മകൾ വ്യക്തമായി മനസിലാക്കിക്കൊണ്ടാണ് അധികാ
രവികേന്ദ്രീകരണരംഗത്ത് കേരളം മുന്നോട്ടു പോയത്. നാടിന്റെ
മുക്കിലും മൂലയിലും വികസനത്തിന്റെ എല്ലാ സദ്ഫലങ്ങളും
എത്തിക്കാൻ കാര്യക്ഷമമായ അധികാരവികേന്ദ്രീകൃത നടപടി
കളിലൂടെ കഴിഞ്ഞു.

രണ്ടു പതിറ്റാണ്ടു പിന്നിടുമ്പോൾ കേരളം ഈ രംഗത്ത്
കൈവരിച്ച നേട്ടങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ
ലക്കം സമകാലിക ജനപഥം. പഞ്ചായത്ത്-ഗ്രാമവികസന-
നഗരകാര്യ വകുപ്പുകളിലെ മന്ത്രിമാർ തന്നെ സംസാരിക്കുന്ന
ഈ ലക്കം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തെ
കുറിച്ച് വ്യക്തമായ ചിത്രം വായനക്കാർക്ക് നൽകുമെന്ന്
പ്രതീക്ഷിക്കുന്നു.

**മിനി ആന്റണി ഐ.എ.എസ്.**
ചീഫ് എഡിറ്റർ

സമകാലിക
# ജനപഥം
സെപ്തംബർ 01 2015

## ജനശബ്ദം




സമകാലിക ജനപഥത്തിൽ വിഷരഹിതമായ പച്ചക്കറികളെക്കുറിച്ചുള്ള കവർ സ്റ്റോറി മലയാളികളെ കൂടുതൽ ചിന്തിപ്പിക്കുന്നതായിരുന്നു. പുതിയൊരു പച്ചക്കറി സംസ്കാരത്തിന് ഇത്തരം ലേഖനങ്ങൾ സഹായകമാവുന്നുണ്ട്. ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**സീനത്ത്, ആലപ്പുഴ**

സൗഹൃദകൃഷിയുടെ പ്രതിപുരുഷനായ സൂരജ് എന്ന സുരേഷ് മുതുകുളത്തിന്റെ ആർട്ടിക്കിൾ നന്നായി. ഞങ്ങളെപ്പോലുള്ള യുവാക്കൾക്ക് സൂരജിന്റെ കാർഷിക ജീവിതം പ്രചോദനമാകും.

**സായ്കൃഷ്ണ - ഗോകുൽ, കോഴിക്കോട്**

ജി. മാധവൻ നായരുടെ ഹൃദയങ്ങളെ ചലിപ്പിച്ച ഗുരുനാഥൻ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാമിന്റെ പ്രവർത്തനമണ്ഡലത്തിലെ കർമനിരതയെ മനസിലാക്കാൻ ഉതകുന്നതായിരുന്നു.

**വിജീഷ് സുരേഷ്, എറണാകുളം**

സമകാലിക ജനപഥം ആഗസ്റ്റ് ലക്കത്തിൽ ഡോ. ജോർജ് ഓണക്കൂറിന്റെ തിരിച്ചുപോകാം കാർഷിക സമൃദ്ധിയിലേക്ക് എന്ന ലേഖനം വളരെ നന്നായി. കാർഷിക സമൃദ്ധിയുടെ നല്ലകാലത്തെ ഓർമപ്പെടുത്തുകയും അതിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. അഭിനന്ദനങ്ങൾ.

**രാജൻ ബാബു, ചിറയിൻകീഴ്**

**പ്രതികരണങ്ങൾ അയയ്ക്കേണ്ട വിലാസം**

എഡിറ്റർ
സമകാലിക ജനപഥം
സെക്രട്ടറിയേറ്റ് അനക്സ്
ഒന്നാം നില,
തിരുവനന്തപുരം - 695 001
prdmalayalam@gmail.com
ഫോൺ: 0471 2517036

ഫോട്ടോ: ബിജുലാൽ






കവർ ഫോട്ടോ: ജിതേഷ് ദാമോദർ


**06** **കേരള മുന്നേറ്റത്തിന്റെ പ്രസക്തി**
– നാഫിഹ് എം.

**08** **ഗ്രാമവികസനത്തിൽ റിക്കോർഡ് നേട്ടം**
– കെ.സി. ജോസഫ്
മുഖാമുഖം : അരുൺ എസ്.എസ്.

**12** **കേരളം അതിവേഗം വളരുന്ന മഹാനഗരം**
– മഞ്ഞളാംകുഴി അലി
മുഖാമുഖം : ടി.എസ്. സതികുമാർ

**16** **പഞ്ചായത്തുകളിൽ ഇനി സേവനാധിഷ്ഠിത വികസനം**
– ഡോ.എം.കെ. മുനീർ
മുഖാമുഖം : സ്റ്റാഫ് റിപ്പോർട്ടർ

**18** **പൂവണിഞ്ഞ വിപ്ലവം**
– അനിൽ കുമാർ പി.വൈ.

**22** **അനന്തപുരി ഇനി അന്താരാഷ്ട്രം**
– സഫിയ

**26** **കൊച്ചി ഡബിൾ സ്മാർട്ട്**
– നിജാസ് ജൂവൽ

**30** **ഇമ്മിണി ബല്യ കോഴിക്കോട്**
– വി.ടി. അബ്ദുൾ കരീം

**34** **അനശ്വരമീ പാതയാം സംഗീതം**
– സ്മിതേഷ് എസ്.

**38** **കൃതികളേക്കാൾ ഉയർന്ന വ്യക്തിത്വം**
– ഡോ. എഴുമറ്റൂർ രാജരാജവർമ

**40** **ഓർമകൾ ഇല്ലാതാകുമ്പോൾ**
– എം.പി. അനൂപ്

**42** **കണ്ണൂർ കാലത്തിനൊരു ഇടനാഴി**
– രേഷ്മ രമേഷ്










സമകാലിക ജനപഥം
സെപ്തംബർ 01 2015

## തദ്ദേശസ്വയംഭരണ ശാക്തീകരണം

# കേരള മുന്നേറ്റത്തിന്റെ പ്രസക്തി

ഗ്രാമീണ ജനതയെ പൂർണമായി ഉൾക്കൊണ്ടുള്ള പ്രാദേശിക ഭരണ സംവിധാനത്തിന് ഇന്ത്യൻ ഭരണഘടനയുടെ നിർദേശക തത്വത്തിൽ (Directive Principles) മാത്രമാണ് ഇടം ലഭിച്ചത്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന രാഷ്ട്രപിതാവിന്റെ പ്രഖ്യാപനത്തെ അവഗണിച്ചതു കൊണ്ടോ ഗ്രാമസ്വരാജ് എന്ന ആശയത്തെ കാണാതിരുന്നതു കൊണ്ടോ അല്ല ഭരണഘടനാ ശിൽപികൾ അത്തരമൊരു നിലപാട് സ്വീകരിച്ചത്. ഇന്ത്യയുടെ നൂറ്റാണ്ടുകളുടെ സാമൂഹിക ചരിത്രം അപഗ്രഥിച്ചുകൊണ്ടാണ് ഡോ.ബി.ആർ. അംബേദ്ക്കർ അടക്കമുള്ള മഹാരഥൻമാർ പ്രാദേശിക അധികാരവികേന്ദ്രീകരണത്തിൽ തങ്ങളുടെ നിലപാട് കൈക്കൊണ്ടത്. ജാതീയതയും അതിന്റെ ഭാഗമായ അസമത്വവും അടിത്തറ പാകിയിരിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയിൽ താഴേതട്ടിലേക്കുള്ള അധികാരവികേന്ദ്രീകരണം അധികാരകേന്ദ്രീകരണത്തിലേക്കായിരിക്കും ചെന്നെത്തുകയെന്ന് അവർ ദീർഘദർശനം ചെയ്തു.

പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് ലഭിക്കുന്ന അധികാരം മേൽജാതിക്കാരനും ഭൂപ്രഭുക്കളും കയ്യടക്കുമെന്നും പാവപ്പെട്ടവനും കീഴ്ജാതിക്കാരനും കൂടുതൽ ചൂഷണത്തിനും പീഡനത്തിനും ഇരയാവുമെന്നും അഭിപ്രായമുയർന്നു.

പ്രാദേശിക ഭരണകൂടങ്ങൾ അഥവാ പഞ്ചായത്തുകൾ എന്ന ആശയം നൂറ്റാണ്ടുകളായി ഇന്ത്യക്ക് പരിചിതമാണെങ്കിലും അതിന്റെ നടത്തിപ്പ് കീഴാളവിരുദ്ധമാണെന്ന ചരിത്രം മുന്നിൽവച്ചാണ് നിർദേശക തത്വത്തിലേക്ക് പഞ്ചായത്ത് ഭരണ സംവിധാനത്തെ വിഭാവന ചെയ്തത്. ഇക്കാരണത്താൽ തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിക്കേണ്ടതും അവയ്ക്ക് അധികാരങ്ങളും ഉത്തരവാദിത്വവും നൽകേണ്ടതും സംസ്ഥാന സർക്കാരുകളുടെ ചുമതലയായി ഭരണഘടന പ്രഖ്യാപിച്ചു.

മേൽ പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ, അധികാരവികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ഭൗതിക വികസനവുമായി മാത്രമല്ല, സാമൂഹിക വ്യവസ്ഥയുടെ വളർച്ചയും പരിണാമവുമായും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസിലാക്കാൻ സാധിക്കും. ഉയർന്ന ജനാധിപത്യ സംസ്കാരവും ഉറച്ച പൗരബോധവുമുള്ള സമൂഹത്തിലേ വികേന്ദ്രീകരണം ശരിയായ ദിശയിലേക്ക് ചുവടുവയ്ക്കൂ. മറിച്ചായാൽ അത് അധികാരകേന്ദ്രീകരണത്തിനും ജനാധിപത്യത്തിന്റെ തകർച്ചയ്ക്കും വഴിതുറക്കും. ഈ ആശങ്കകളെയും അപകടസാദ്ധ്യതകളെയും രചനാത്മകമായി മറികടന്നുകൊണ്ട് വെന്നിക്കൊടി നാട്ടിയെന്നതാണ് അധികാരവികേന്ദ്രീകരണ രംഗത്തെ കേരളാ മോഡലിന്റെ പ്രഥമ പ്രസക്തി. അധികാരവികേന്ദ്രീകരണത്തിന്റെ ആത്മാവ് ചോരാതെയും അതേസമയം ഭൗതിക ലക്ഷ്യങ്ങൾ കൃത്യമായി നിർവചിച്ചു



നാഫിഹ് എം.

കൊണ്ടുമുള്ള മുന്നേറ്റമാണ് കേരളത്തെ ഈ രംഗത്ത് രാജ്യത്തിന് മാതൃകയാക്കി മാറ്റിയത്.

ഗ്രാമസഭകളും അയൽസഭകളും കുട്ടിസഭകളും വരെ നീളുന്ന അധികാരപങ്കാളിത്ത പ്രക്രിയ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിന്റെ പ്രധാനഘടകമാണ്. ഗ്രാമസഭകൾ ചേരുന്നതിനും സേവനങ്ങൾ പടിവാതിൽക്കൽ എത്തിക്കുന്നതിനും വിഭാവന ചെയ്യുന്ന സേവാഗ്രാം കേന്ദ്രങ്ങൾ രാജ്യത്ത് ആദ്യമായി നിലവിൽ വന്നത് കേരളത്തിലാണ് – തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് പഞ്ചായത്തിൽ. ഏറ്റവും കാര്യക്ഷമമായ നിലയിൽ ഗ്രാമസഭകൾ സംഘടിപ്പിച്ചതിനുള്ള കഴിഞ്ഞ വർഷത്തെ ദേശീയ പുരസ്കാരം കരസ്ഥമാക്കിയതും കേരളത്തിലെ പഞ്ചായത്ത് തന്നെ – എറണാകുളം ജില്ലയിലെ മണീട്. വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ കേരളം പുലർത്തിയ ജാഗ്രതയുടെ സൂചകമായി ഇവയെ കണക്കാക്കാം.

എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ആസൂത്രണത്തിന് കൂടുതൽ കരുത്ത് പകർന്നു. മേൽത്തട്ടിൽനിന്നുള്ള ആസൂത്രണം വിഭവചോർച്ചയ്ക്ക് ഇടയാക്കിയിരുന്നെങ്കിൽ വികേന്ദ്രീകരണാസൂത്രണം കാര്യക്ഷമമായതോടെ അത് നാടിന്റെ വളർച്ചയിൽ ഗുണപരമായ പ്രതിഫലനം സൃഷ്ടിച്ചു. ഏത് വികസന പദ്ധതി ആവിഷ്ക്കരിക്കുമ്പൊഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖമാണ് ഭരണകൂടത്തിന്റെ മുന്നിൽ തെളിയേണ്ടതെന്ന ഗാന്ധിയൻ ദർശനത്തിന്റെ പ്രയോഗവത്ക്കരണമായി വികേന്ദ്രീകരണം മാറി.

ജനകീയ കൂട്ടായ്മയിൽ ഭൗതിക വികസന ലക്ഷ്യങ്ങളിലേക്ക് യാത്ര ആരംഭിച്ചതോടെ വിദൂരമായ പല ലക്ഷ്യങ്ങളും വേഗത്തിൽ സമീപസ്ഥമായി. ഗ്രാമവികസനത്തിൽ കേരളം സമീപകാലത്ത് കൈവരിച്ച നേട്ടത്തിന് തദ്ദേശ സ്ഥാപനങ്ങളുടെ ശാക്തീകരണം പ്രത്യേകിച്ചും കരുത്ത് പകർന്നിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളിൽ പിന്നാക്കം നിൽക്കുന്നതായി കരുതപ്പെട്ട ഇടുക്കി ജില്ല രാജ്യത്തെ ആദ്യത്തെ ബ്രോഡ്ബാൻഡ് ജില്ലയെന്ന ബഹുമതി കരസ്ഥമാക്കിയത് മറ്റൊരു അടയാളപ്പെടുത്തലാണ്. ജില്ലയിലെ മുക്കുമൂലകളിൽ ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ടിവിറ്റിയാണ് യാഥാർഥ്യമായത്. ആധുനിക സങ്കേതങ്ങളോട് മുഖം തിരിഞ്ഞു നിൽക്കാതെ അവ ഭരണനിർവഹണത്തിന് പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടം അത്ഭുതാവഹമാണ്. ഇ–ഗവേണൻസിന്റെ മികച്ച മാതൃകകളിലൂടെ നമ്മുടെ ഓഫീസുകൾ ജനസൗഹൃദമായി പരിവർത്തനം ചെയ്യപ്പെട്ടു. ഭരണനിർവഹണം കൂടുതൽ സുതാര്യവും വേഗത്തിലുമായി.

നഗരങ്ങളിലെ ഏതാണ്ട് എല്ലാ സൗകര്യങ്ങളും ലഭ്യമായ ഇടങ്ങളായി കേരള ഗ്രാമങ്ങൾ മാറിക്കഴിഞ്ഞു. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളെ കുറിച്ചുള്ള സങ്കൽപത്തിൽ നിന്നും എത്രയോ അകലെയാണ് കേരളത്തിലെ 90 ശതമാനത്തിലധികം ഗ്രാമപ്രദേശങ്ങളും. റോഡ്, റയിൽ, ടെലിഫോൺ തുടങ്ങിയ ഗതാഗത–വാർത്താ വിനിമയ ഉപാധികളിൽ കേരള ഗ്രാമങ്ങൾ മറ്റു സംസ്ഥാനങ്ങളെ ബഹുദൂരം പിന്നിലാക്കുന്നു. വിദ്യാഭ്യാസ–ആരോഗ്യ സ്ഥാപനങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിലും നാം ദേശീയ ശരാശരിയെക്കാൾ മുന്നിലാണ്. ഗ്രാമത്തിൽ നിന്നും തൊട്ടടുത്ത പട്ടണത്തിലേക്കുള്ള ദൂരം ഒരു ശരാശരി ഇന്ത്യൻ ഗ്രാമത്തിൽ 20 കിലോമീറ്റർ വരെയെത്തുമ്പോൾ കേരളത്തിൽ അത് ഒമ്പതു കീലോ മീറ്ററിൽ താഴെയാണ്. ഗ്രാമങ്ങൾക്ക് വൈദ്യുതി ലഭിക്കുന്നത് ദേശീയ ശരാശരി പ്രതിദിനം 13 മണിക്കൂറാണെങ്കിൽ കേരളത്തിൽ ഇത് 23 മണിക്കൂറാണ്.

നഗരവികസന രംഗത്താകട്ടെ ഒട്ടേറെ വെല്ലുവിളികൾ മറികടന്നാണ് കേരളത്തിന്റെ ജൈത്രയാത്ര. ഗ്രാമങ്ങൾക്കും പട്ടണങ്ങൾക്കുമിടയിലെ അതിർവരമ്പ് നേർത്തുവരികയും നഗരങ്ങളോട് ലയിച്ചു ചേരുന്ന ഗ്രാമങ്ങളുടെ എണ്ണം വർധിക്കുകയും ചെയ്യുകയാണ്. കേരളത്തിലെ ജനസംഖ്യയിൽ 48 ശതമാനവും പാർക്കുന്നത് നഗരങ്ങളിലാണ്. ജനസംഖ്യയിൽ പകുതിയോളം പേർക്ക് നഗരങ്ങളുടെ സൗകര്യങ്ങൾ പ്രാപ്യമാണെന്നാണ് ഇതിന്റെ മറ്റൊരു അർഥം. വളരുന്ന നഗരങ്ങളുടെ കരുത്തിൽ മഹാനഗരമായി മാറിക്കൊണ്ടിരിക്കുകയാണ് കേരളമെന്ന് പറഞ്ഞാൽ അതിശയോക്തിയല്ല.

നഗരങ്ങളിൽ ലയിച്ചു ചേരുന്ന ഗ്രാമങ്ങളുടെ വിസ്തൃതിക്കനുസരിച്ച് മാസ്റ്റർ പ്ലാനുകൾ തയാറാക്കിക്കൊണ്ട് ചിട്ടയായ നഗരവികസനത്തിന്റെ പാതയിലാണ് കേരളം മുന്നേറുന്നത്. വർധിച്ച ജനസാന്ദ്രതയുള്ള കേരളത്തിൽ മാലിന്യസംസ്കരണം പോലുള്ള വെല്ലുവിളികളെ നേരിടാൻ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ വിജയം കണ്ടു തുടങ്ങിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം, കൊച്ചി സ്മാർട് സിറ്റി, മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം, തുടങ്ങിയ സ്വപ്ന പദ്ധതികൾ കൂടി യാഥാർഥ്യമാകുന്നതോടെ കേരളത്തിലെ നഗരങ്ങൾ കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കും. തദ്ദേശ സ്ഥാപനങ്ങളുടെ അധികാരങ്ങളിൽ ഇടപെടാതെ തന്നെ നഗരങ്ങളെ ചിട്ടപ്പെടുത്താൻ സാധിക്കുവെന്നതാണ് നഗരവികസനത്തിൽ കേരളം മുന്നോട്ടു വയ്ക്കുന്ന വിജയമാതൃക. ■

കേരളീയ ഗ്രാമങ്ങളിൽ അധികാരവികേന്ദ്രീകരണത്തിലൂടെ ഉണ്ടായ മാറ്റം രാജ്യത്തിന് മാതൃകയായി കഴിഞ്ഞു. ശരാശരി മനുഷ്യന്റെ ജീവിതനിലവാരത്തിൽ റിക്കോർഡ് വളർച്ചയുണ്ടായി. തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ സംസ്ഥാന സർക്കാർ നടപ്പാക്കിയ ഒട്ടേറെ ക്ഷേമവികസന പ്രവർത്തനങ്ങൾ ഇതിന് ആക്കം കൂട്ടി. ഗ്രാമങ്ങളിലെ വികസന വിപ്ലവത്തെക്കുറിച്ച് മന്ത്രി കെ.സി. ജോസഫ് സംസാരിക്കുന്നു.

തയാറാക്കിയത്
അരുൺ എസ്.എസ്.



# ഗ്രാമവികസനത്തിൽ റിക്കോർഡ് നേട്ടം

**കെ.സി. ജോസഫ്**
ഗ്രാമവികസന മന്ത്രി

**അധികാരവികേന്ദ്രീകരണ രംഗത്ത് കേരളം എത്രത്തോളം മുന്നോട്ടു പോയിട്ടുണ്ട്?**

അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം ബഹുദൂരം മുന്നിലാണ്. സംസ്ഥാന ബജറ്റിന്റെ 30 മുതൽ 40 ശതമാനംവരെ തുക ത്രിതല പഞ്ചായത്തിലൂടെ വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കുന്നത്. ഈ തുക ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതി ആവിഷ്കരണവും നടപ്പിലാക്കലും പൂർത്തീകരണവും ത്രിതല പഞ്ചായത്തിൽ നിക്ഷിപ്തമാണ്. പഞ്ചായത്തുമേഖലയിൽ നിശ്ചിത ശതമാനം തുകമാത്രമേ ചെലവഴിക്കാവൂ എന്ന നിബന്ധനമാത്രമാണ് നിലവിലുള്ളത്.

**കഴിഞ്ഞ നാലു വർഷം കൊണ്ട് കേരളത്തിലെ ഗ്രാമീണ ജനതയുടെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങളെ എങ്ങനെ വിലയിരുത്തുന്നു ?**

കഴിഞ്ഞ നാലു വർഷത്തിനിടെ അത്ഭുതപ്പെടുത്തുന്ന മാറ്റമാണ് ഗ്രാമങ്ങളിൽ സംഭവിച്ചത്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കിയതിലൂടെ ഗ്രാമീണ ജനതയുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചു. സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം തൊഴിലുറപ്പു പദ്ധതിയിൽ സ്ത്രീ തൊഴിലാളികൾക്ക് സഹായകരമായ രീതിയിൽ തൊഴിൽ സമയം ഒൻപതു മണി മുതൽ അഞ്ചു മണിവരെയാക്കി കുറച്ചു.

കൂലിവിതരണത്തിലെ കാലതാമസം ഒഴിവാക്കി. തൊഴിലാളികളുടെ വേതനം സംസ്ഥാനത്തെ നോഡൽ ബാങ്കിൽ നിന്നും തൊഴിലാളിക

ളൂടെ അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു. വേതനവിതരണത്തിലെ കാലതാമസത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിന് കരട് ചട്ടങ്ങൾ രൂപീകരിച്ചു. തൊഴിൽ ആവശ്യപ്പെട്ട കുടുംബത്തിന് പതിനഞ്ച് ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയില്ലായെങ്കിൽ 16-ാം ദിവസം മുതൽ തൊഴിലില്ലായ്മാ വേതനത്തിന് അർഹതയുണ്ടായിരിക്കുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തു.

ക്ഷീരകർഷകരെയും പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി എന്നീ മേഖലയിലെ തൊഴിൽ ദേശീയഗ്രാമതൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കാലിത്തൊഴുത്ത്, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയവ പദ്ധതിയിൽ അതനുവദനീയമായ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിക്കഴിഞ്ഞു. പാൽ കറവയുള്ള രണ്ട് പശുക്കൾക്ക് ഒരു തൊഴിലാളി പദ്ധതി പ്രകാരം പ്രവർത്തിയെടുക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഈ ആവശ്യവും കയർ, കൈത്തറി എന്നീ മേഖലയെകൂടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നു കേന്ദ്രസർക്കാർ ഗ്രാമവികസന പദ്ധതികളുടെ പുനരവലോകനത്തിനായി വിളിച്ച ദക്ഷിണ സംസ്ഥാന ഗ്രാമവികസന മന്ത്രിമാരുടെ യോഗത്തിൽ വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

**ഗ്രാമവികസനം ലക്ഷ്യമിട്ട് കേരളത്തിൽ നടപ്പാക്കിയ പ്രധാന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണ്?**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന, ഇന്ദിരാ ആവാസ് യോജന, സംയോജിത നീർത്തട പരിപാലന പരിപാടി.

**ഈ പദ്ധതികൾ നടപ്പിലാക്കിയതുവഴി ഗ്രാമവികസന രംഗത്ത് കേരളം കൈവരിച്ച പ്രധാന നേട്ടങ്ങൾ കൂടി വിശദമാക്കാമോ?**

ഗ്രാമവികസന രംഗത്ത് കഴിഞ്ഞ നാലു വർഷം കൊണ്ട് റെക്കോർഡ് നേട്ടമാണ് കേരളം കൈവരിച്ചത്. 2014-15 ൽ 1616 കോടി രൂപ ചെലവഴിക്കുകയും 810 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്ത് കേരളം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നതിൽ മുന്നിലെത്തിയെന്നതാണ് പ്രധാന നേട്ടങ്ങളിൽ ഒന്ന്. മാത്രമല്ല പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന നടപ്പാക്കുന്നതിൽ കേരളം കാര്യക്ഷമമായ ഇടപെടലുകളാണ് നടത്തിയത്. 2010-11 ൽ കേന്ദ്രസഹായം നേടുന്നതിലും ചെലവഴിക്കുന്നിലും കേരളം പിന്നിലായിരന്നു. അതുകൊണ്ടു തന്നെ 2001 മുതൽ മുടങ്ങിക്കിടന്ന 155 റോഡുകൾ നിർമിക്കുന്നതിന് 107.23 കോടി രൂപയുടെ അധിക ബാധ്യത സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് പണി പുനരാരംഭിച്ചു.ഇത് ഗ്രാമീണ റോഡ് വികസനത്തിൽ നാഴികക്കല്ലാണ്. തൊഴിലുറപ്പു നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തിയത് ഗ്രാമീണ മേഖലയിൽ വലിയമാറ്റങ്ങൾ കൊണ്ടുവന്നു.



മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി. 2012ൽ ആരംഭിച്ച സംയോജിത നീർത്തട പരിപാലന പരിപാടിക്ക് 48 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

**കഴിഞ്ഞ സർക്കാരുമായി താരതമ്യം ചെയ്യുമ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്?**

കഴിഞ്ഞ സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിൽ 701.12 കോടി രൂപ ചെലവഴിച്ച് 493 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നിടത്ത് ഉമ്മൻചാണ്ടി സർക്കാർ 2011-12-ൽ 1048 കോടി രൂപ ചെലവഴിച്ചുകൊണ്ട് 633 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. തുടർന്ന് 2012-13ൽ 1417 കോടി രൂപ ചെലവഴിക്കുകയും 838 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2013-14 ൽ ആകട്ടെ1740 കോടി രൂപ ചെലവഴിച്ച് കേരളം വലിയമുന്നേറ്റം കാഴ്ചവെച്ചു.

സംസ്ഥാനത്തിന് അർഹതപ്പെട്ട റോഡുകൾ ഇനിയും ലഭിക്കുവാനുണ്ടെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 2012-13 ൽ 746 കി.മീറ്ററിൽ 320 റോഡുകൾ കേന്ദ്രസർക്കാർ അനുവദിച്ച് പണിയാരംഭിച്ചു കൂടാതെ 2013-14 ൽ 570 കി.മീ. റോഡുകൾ അനുവദിച്ചിട്ടുണ്ട്.

**പാവങ്ങൾക്ക് ഭവനനിർമാണത്തിനാവശ്യമായ സഹായങ്ങൾ തുടരുന്നുണ്ടോ?**

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്ദിരാ ആവാസ് യോജന പ്രകാരം 1,60,036 പുതിയ വീടുകളും, 29,029 വീടുകൾ നവീകരണ പദ്ധതിയിലും പൂർത്തീകരിച്ചു. വീടുകളുടെ നിർ

മ്മാണത്തിനായി 98221.29 ലക്ഷം രൂപ ചെലവഴിച്ചു. ജനറൽ വിഭാഗങ്ങൾക്കുള്ള ധനസഹായം 75,000/- രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായും, പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.50 ലക്ഷം രൂപയായും 2011 സെപ്തംബർ 15 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചു. 2015-16ൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായം മൂന്നു ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായം 3.5 ലക്ഷം രൂപയായും വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പൊതു വിഭാഗത്തിന് 75,000 രൂപയും പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 1.5 ലക്ഷം രൂപയും ആണ് നൽകിയത്. കൂടാതെ വർദ്ധിപ്പിച്ച തുക ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിലാണ് നൽകിയിരുന്നത്.

2012-13-ൽ ഒരു വീടിനു 75,000 രൂപയും 2013-മുതൽ 2015 വരെ 50,000 രൂപ വീതവും ഉമ്മൻചാണ്ടി സർക്കാർ അധികമായി നൽകുവാൻ തീരുമാനിച്ചു. കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയും സംസ്ഥാന സർക്കാർ നൽകുന്നു തുകയും കഴിഞ്ഞുള്ള തുക മാത്രമെ ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾ വഹിക്കേണ്ടതുള്ളു. ഇതു ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ തുക ഉപയോഗിച്ച മറ്റു പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സഹായകമായിട്ടുണ്ട്.

**നമ്മുടെ ഗ്രാമങ്ങൾക്ക് അതിന്റെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ നഗരത്തിന്റെ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നുണ്ടോ?**

അതൊരു ലക്ഷ്യമാണ്. ആ ലക്ഷ്യം മുൻനിർത്തിയാണ് മലയാരവികസന ഏജൻസി രൂപീകരിച്ചത്. മലയോര പ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങൾ വേർതിരിച്ചറിയുകയും, വിവിധ വകുപ്പുകളുടെയും, സ്ഥാപനങ്ങളുടെയും സഹായത്തോടെ അത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയുമാണ് ഹിൽ ഏര്യ ഡെവലപ്മെന്റ് ഏജൻസിയുടെ മുഖ്യ ലക്ഷ്യം. പരിസ്ഥിക്ക് കോട്ടം തട്ടാത്ത വിധത്തിൽ അടിസ്ഥാന ആവശ്യങ്ങളായ റോഡുകളുടെയും, പാലങ്ങളുടെയും, നടപ്പാതകളുടെയും നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ജലസേചന പദ്ധതികൾ, ജലസംരക്ഷണ പ്രവൃത്തികൾ, മണ്ണുസംരക്ഷണ പ്രവർത്തികൾ, മറ്റു പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവ ഏറ്റെടുക്കുകയും. പച്ചക്കറി കൃഷി, തീറ്റപ്പുൽകൃഷി, ക്ഷീരവികസന പ്രവർത്തനങ്ങൾ, ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. മറ്റ് അനുയോജ്യമായ പ്രവർത്തനങ്ങളും നടത്തിവരുന്നു. മലയോര വികസന ഏജൻസി (ഹാഡ) 2015 ജനുവരി 31 വരെ അനുമതി നൽകിയ 134 പദ്ധതികളിൽ 69 എണ്ണം പൂർത്തിയാക്കി. ബാക്കിയു9ള്ളവ ഉടൻ പൂർത്തിയാകും.

സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, അഹാഡ്സ്, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ ഹിൽ ഏര്യ



ഡെവലപ്മെന്റ് ഏജൻസി ചെറിയ അരുവികളിൽ പുതിയ ചെക്കു ഡാമുകൾ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, മലയോര റോഡുകളുടെ പുനരുദ്ധാരണം പഴം – പച്ചക്കറി വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

### ക്ഷീരവികസന രംഗത്തോ?

ക്ഷീരവികസനത്തിന് മുൻഗണന നൽകിക്കൊണ്ട് സ്വയം സഹായ സംഘങ്ങൾ വഴിയാണ് ലൈവ്‌ലിഹുഡ് മാനേജ്മെന്റ് സ്കീം നടപ്പിലാക്കുന്നത്. മലയോര പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് ജീവനോപാധികൾ നൽകുന്നതിനായി സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ നൽകുന്ന പദ്ധതിയാണ് സഹ്യശ്രീ. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിലും അനുബന്ധ മേഖലകളിലും സാമ്പത്തിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ബാങ്കുകളും, സഹകരണ സ്ഥാപനങ്ങളും മുഖേന വായ്പയും സബ്സിഡിയും നൽകുന്നു.

### മലയോര പിന്നോക്ക ജില്ലകളുടെ വികസനത്തിന് പ്രത്യേക ഊന്നൽ ഉണ്ടോ?

മലയോരജില്ലകളായ ഇടുക്കി, വയനാട്, കണ്ണൂർ, മലപ്പുറം എന്നിവയുടെ സമഗ്രവികസനത്തിനായി സർക്കാർ 2014–15 സാമ്പത്തിക വർഷം 54 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു കഴിഞ്ഞു. കൂടാതെ പശ്ചിമഘട്ട പ്രദേശത്ത് അധിവസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതി 2011 മുതൽ 2015 വരെ 124 പദ്ധതികൾക്കായി 533.66 ലക്ഷം രൂപ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി.

### കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ ഇപ്പോൾ തടസങ്ങൾ നേരിടുന്നുണ്ടോ?

ഉത്പാദനക്ഷമമായതും വരുമാനം വർദ്ധിപ്പിക്കാവുന്നതുമായ പദ്ധതികൾ മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് ഇനിയും കേന്ദ്രസർക്കാർ അനുമതി ആവശ്യമാണ്. ക്ഷീരവികസനം, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലയെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗീകാരം കേന്ദ്രം ഇനിയും നൽകിയിട്ടില്ല. ■



കേരളം ഇപ്പോൾ വികസനത്തിൽ ഒരു മഹാനഗരമാണ്. നഗരങ്ങളിലെ സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ലഭ്യമാകുന്ന തരത്തിൽ അധികാര വികേന്ദ്രീകരണം ഫലം കണ്ടു. നമ്മുടെ കൊച്ചിയും കോഴിക്കോടും തിരുവനന്ത പുരവും അടങ്ങുന്ന നഗരങ്ങൾ വികസനവിഹായസ്സിലേക്ക് നടത്തുന്ന കുതിപ്പുകളെ കുറിച്ച് നഗരകാര്യമന്ത്രി മഞ്ഞളാംകുഴി അലി സംസാരിക്കുന്നു

തയാറാക്കിയത് ടി.എസ്. സതികുമാർ



**ഗ്രാമങ്ങൾ പട്ടണങ്ങളായും നഗരങ്ങളായും വികസിക്കുകയാണല്ലോ. നഗരവികസനത്തിനൊപ്പം സൗകര്യങ്ങൾ വർധിക്കുന്നുണ്ടോ. ഇക്കാര്യത്തിലെ കേരളീയ മാതൃക വിവരിക്കാമോ.**

കേരളം അതിവേഗം ഒരു മഹാ നഗരമായി മാറുകയാണ്. 25 വർഷം മുമ്പ് 24 ശതമാനമായിരുന്നു സംസ്ഥാനത്തെ നഗര ജനസംഖ്യ. എന്നാൽ 2011 ൽ നഗരാസൂത്രണ വകുപ്പ് നടത്തിയ സർവ്വെ

# കേരളം അതിവേഗം വളരുന്ന മഹാനഗരം

**മഞ്ഞളാംകുഴി അലി**
നഗരകാര്യ മന്ത്രി

പ്രകാരം കേരളത്തിലെ 48 ശതമാനം പേർ നഗരവാസികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ നഗരവ്യാപനത്തിന്റെ തോത് വളരെ വലുതാണെന്ന് ഇത് വ്യക്തമാക്കുന്നു. ഈ വളർച്ച നമുക്ക് പിടിച്ചുനിർത്താനാവുന്നതല്ല. അപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ യഥാസമയം ഏർപ്പെടുത്തുകയാണ് വേണ്ടത്. അതിനുള്ള പദ്ധതികൾ ഓരോ തദ്ദേശ സ്ഥാപനവും ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. സർക്കാരിന്റെ പൂർണ്ണമായ സഹകരണവും സാങ്കേതികവും സാമ്പത്തികവും ആസൂത്രണത്തിൽ അധിഷ്ഠിതവുമായ സഹായങ്ങളും നൽകുന്നുണ്ട്.

സംസ്ഥാനത്തെ ഏതാണ്ട് മുന്നൂറോളം ഗ്രാമപഞ്ചായത്തുകൾ നഗരങ്ങളായി വളർന്നിട്ടുണ്ട്. ഗ്രാമപ്രദേശത്തിന്റെ സൗകര്യങ്ങളിൽനിന്നുകൊണ്ട് നഗരങ്ങളെ വളർത്താൻ കഴിയില്ല. നമ്മുടെ നഗരങ്ങൾ പലതും അനുഭവിക്കുന്ന വീർപ്പുമുട്ടലിന്റെ കാരണം തന്നെ ആസൂത്രണമില്ലാത്ത ഇത്തരം വളർച്ചയാണ്. നഗര വളർച്ചയ്ക്ക് അടിസ്ഥാനമായ സൗകര്യങ്ങൾ ഒരുക്കാൻ കൂടുതൽ സാമ്പത്തിക സഹായങ്ങൾ ലഭിക്കണം. നഗരസ്വഭാവം കൈവരിച്ച ഗ്രാമപഞ്ചായത്തുകളെ നഗരസഭകളാക്കി ഉയർത്തിയത് ഈ പശ്ചാത്തലത്തിലാണ്. ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് വികസനം യാഥാർത്ഥ്യമാക്കാനും മികച്ച നഗരങ്ങളാക്കി മാറ്റാനും സാഹചര്യമുണ്ടാവണം. നഗരസഭകളാവുമ്പോൾ സംസ്ഥാന സർക്കാരിനുപുറമേ കേന്ദ്ര സർക്കാരിന്റെയും എഡിബി ഉൾപ്പെടെയുള്ള ഏജൻസികളുടെയും സാമ്പത്തിക സഹായം ലഭിക്കും.

**ശുചിത്വവും ചവറു സംസ്കരണവുമാണ് എക്കാലത്തും നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ. ഇവ അതിജീവിക്കാൻ എന്തെല്ലാം പദ്ധതികളാണ് നമ്മുടെ നഗരങ്ങളിൽ നടപ്പാക്കുന്നത്?**


വ്യക്തിശുചിത്വത്തിൽ ശ്രദ്ധാലുവായ നമ്മൾ പരിസര ശുചീകരണത്തിൽ വേണ്ടത്ര തൽപ്പരരല്ല. ഒരേ സമയം വീട്ടിലെ മാലിന്യങ്ങൾ പുറം തള്ളുകയും ആഗോളതലത്തിൽ സ്വീകാര്യമായ ആധുനിക മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കുമ്പോൾ എതിർപ്പുമായി വരുകയും ചെയ്യുന്നത് ഇന്ന് പതിവാണ്. സി.എൻ.ജി. ബോട്ട്ലിംഗ് പ്ലാന്റ് ഉൾപ്പെടെയുള്ള പദ്ധതികൾക്ക് കരാർ ഒപ്പുവയ്ക്കാൻ തയ്യാറാകുമ്പോൾ കമ്പനികൾ മടങ്ങിപ്പോകുന്ന സാഹചര്യമുണ്ട്. ലോകമെമ്പാടും ലാൻഡ്ഫില്ലിംഗാണ് വിജയകരമായി നടപ്പാക്കിയ സംസ്ക്കരണ രീതി. ഉപയോഗശൂന്യമായ കരിങ്കൽ ക്വാറികളിലും കളിമൺ ഖനനം ചെയ്ത ഗർത്തങ്ങളും ഇതിനായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ നാം അതിനോടെല്ലാം വിമുഖത കാണിക്കുന്നു. ഈ മനോഭാവമാണ് നമ്മുടെ മാലിന്യ പ്രശ്നം ഇത്ര രൂക്ഷമാക്കിയത്. 73, 74 ഭരണഘടനാ ഭേദഗതിപ്രകാരം മാലിന്യങ്ങൾ സംസ്ക്കരിക്കേണ്ടത് പൂർണ്ണമായും നഗരസഭകളുടെ ചുമതലയിലാണ്. ഇക്കാര്യത്തിൽ ഇവർ പരാജയപ്പെട്ടിടങ്ങളിൽ മാലിന്യനിർമ്മാജന പദ്ധതികൾ നടപ്പാക്കാൻ സർക്കാർ നിർബന്ധിതമായിട്ടുണ്ട്.



മാലിന്യ സംസ്കരണ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനായി ക്ലീൻ കേരള കമ്പനി രൂപവൽക്കരിച്ചത് ഈ വഴിയ്ക്കുള്ള വലിയ കാൽവെപ്പാണ്. നഗരസഭകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ മാലിന്യങ്ങളും വിലയ്ക്കുവാങ്ങി സംസ്കരിക്കാൻ സംവിധാനമുള്ള ഏക സംസ്ഥാനമാണ് കേരളം. നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും ആവശ്യം പരിഗണിച്ച് ക്ലീൻ കേരള കമ്പനി സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, മോഡേൺ ക്രിമറ്റോറിയം, മോഡേൺ സ്ലോട്ടർ ഹൗസുകൾ, പൗൾട്രീ ട്രീറ്റ്മെന്റ് പ്ലാന്റ്, പൈറോലിസിസ് ഓയിൽ ഉത്പാദന യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

രാജ്യത്തിനാകെ മാതൃകയായ 108 എംഎൽഡി പ്രതിദിന ശേഷിയുള്ള മലിനജല ശുദ്ധീകരണ ശാല തിരുവനന്തപുരത്തെ മുട്ടത്തറയിൽ പ്രവർത്തനം തുടങ്ങിയത് വലിയ നേട്ടമാണ്. കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ആധുനിക പ്ലാന്റ്

**സംസ്ഥാനത്തെ പ്രധാന ടൂറിസം ഹബ്ബ് ആണ് കൊച്ചി. വ്യോമ, റെയിൽ, ജല യാത്രാ സൗകര്യവും കൊച്ചിയുടെ ഭൂമിശാസ്ത്രവും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു. രാജ്യാന്തര തലത്തിൽ പലപ്പോഴും കേരളത്തെ വിലയിരുത്തുന്നത് കൊച്ചിയെ അടിസ്ഥാനമാക്കിയാണ്**



കൊച്ചി ബ്രഹ്മപുരത്ത് ട്രയൽ റണ്ണിലാണ്. എല്ലാ ജില്ലകളിലും സ്ഥലം ലഭ്യമാവുന്ന മുറയ്ക്ക് ഇത്തരം പ്ലാന്റുകൾ തുടങ്ങാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നഗരവികസനത്തിലെ അതിവേഗ വളർച്ചാ നഗരമായി കൊച്ചി മാറിയിരിക്കുകയാണല്ലോ. കൊച്ചിയുടെ വികസനത്തെ എങ്ങിനെ വിലയിരുത്തുന്നു?**

സംസ്ഥാനത്തെ പ്രധാന ടൂറിസം ഹബ്ബ് ആണ് കൊച്ചി. വ്യോമ, റെയിൽ, ജല യാത്രാ സൗകര്യവും കൊച്ചിയുടെ ഭൂമിശാസ്ത്രവും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. രാജ്യാന്തര തലത്തിൽ പലപ്പോഴും കേരളത്തെ വിലയിരുത്തുന്നത് കൊച്ചിയെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ടുതന്നെ കൊച്ചിയെ സർവ സൗകര്യങ്ങളുമുള്ള മാതൃകാ നഗരമാക്കാൻ സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കി. സംസ്ഥാനത്തെ നഗരവളർച്ച ഏറ്റവുമധികമുള്ള നഗരമെന്ന നിലയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ പദ്ധതികളുണ്ട്. കൊച്ചി നഗരസഭയ്ക്ക് പുറമേ വിശാല കൊച്ചി വികസന അതോറിറ്റിയുടെ നേതൃത്വത്തിൽ അനേകം വികസന പദ്ധതികളാണ് ഇവിടെ നടപ്പാക്കി വരുന്നത്.

**കേന്ദ്രം പ്രഖ്യാപിച്ച സ്മാർട്ട് സിറ്റിയിൽ കൊച്ചി മാത്രം?**

കേന്ദ്രസർക്കാർ നേരത്തെ അറിയിച്ചിരുന്ന മാനദണ്ഡങ്ങൾ പ്രകാരം തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം നഗരസഭകൾ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ജൂൺ 25ന് സ്മാർട്ട് സിറ്റി പ്രഖ്യാപിച്ചപ്പോൾ കൊച്ചിയെ മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. കേന്ദ്രത്തിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രകാരം മൂന്ന് നഗരങ്ങൾ നിർബന്ധമായും നമുക്ക് ലഭിക്കേണ്ടതായിരുന്നു. മുഖ്യമന്ത്രി ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നെങ്കിലും അനുകൂലമായ നടപടികൾ ഉണ്ടായിട്ടില്ല. അതേ സമയം പുതിയ മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിനേക്കാൾ പിറകിലുള്ള ചില സംസ്ഥാനങ്ങൾക്ക് ഒന്നിലധികം സ്മാർട്ട് സിറ്റികൾ ലഭിക്കുകയും ചെയ്തു. അമൃത് നഗരങ്ങളുടെ കാര്യത്തിലും ഇത്തരത്തിൽ ഒരു വിവേചനം പ്രകടമാണ്. 18 അമൃത് നഗരങ്ങൾ ലഭിക്കുമെന്ന ഉറപ്പ് പിന്നീട് എട്ടിലേക്ക് ചുരുങ്ങിയതായാണ് കണ്ടത്.

എന്തായാലും നിഷേധിക്കാനാവാത്ത വളർച്ചയാണ് നമ്മുടെ നഗരങ്ങൾക്കുണ്ടാവുന്നത്. സ്മാർട്ട് സിറ്റികളിൽ ഉൾപ്പെട്ട കൊച്ചിയെ ആദ്യ 20 നഗരങ്ങളിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങളുമായി സർക്കാരും കൊച്ചി നഗരസഭയും മുന്നോട്ടുപോകുന്നു.

**നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ നാലുവർഷത്തെ പദ്ധതികൾ വിവരിക്കാമോ?**

നഗരസഭകളുടെ വരുമാനവും അടിസ്ഥാന സൗകര്യങ്ങൾക്കുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടാത്ത സ്ഥിതിയാണ് പല നഗരസഭകളിലും ഉണ്ടായിരുന്നത്. ആവശ്യത്തിന് പണമില്ലാതെ വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കില്ല. അതുകൊണ്ട് നഗരസഭകളുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള അകമഴിഞ്ഞ സഹായമാണ് ആദ്യഘട്ടത്തിൽ നഗരസഭകൾക്ക് നൽകിയത്. വസ്തുനികുതി പരിഷ്കരണം, കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും നികുതി നിർണ്ണയം, പരസ്യനികുതി ഈടാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമാണ്. അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതികൾ നടപ്പാക്കാൻ ഫണ്ടില്ലാത്ത നഗരസഭകൾക്ക് പൊതു-സ്വകാര്യ പങ്കാളിത്തം വഴി അവസരം നൽകിയ 'പാർട്ണർ കേരള' വലിയ വികസന മുന്നേറ്റങ്ങൾക്ക് വഴി തുറക്കുകയാണ്. 2014 ഫെബ്രുവരിയിൽ കൊച്ചിയിൽ നടത്തിയ നിക്ഷേപ സംഗമത്തിൽ വിവിധ നഗരസഭകളിൽനിന്ന് 4000 കോടി രൂപയുടെ പദ്ധതികൾ അവതരിപ്പിക്കപ്പെട്ടു. കേരളീയ സമൂഹം പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുവെന്നത് സന്തോഷകരമാണ്. 1500 കോടി രൂപയുടെ 17 പദ്ധതികൾക്ക് വിവിധ നഗരസഭകളിൽ വരുംദിവസങ്ങളിൽ തുടക്കമാവുകയാണ്. ഷോപ്പിങ്ങ്






കോംപ്ലക്സുകൾ, സ്ലോട്ടർ ഹൗസുകൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ, ഫ്ളൈ ഓവറുകൾ തുടങ്ങി അനേകം പദ്ധതികളാണ് പാർട്ണർ കേരളവഴി നടപ്പാക്കുന്നത്.

'പാർട്ണർ കേരള'യ്ക്കുപുറമേ രാജ്യത്തിനുതന്നെ മാതൃകയാവുന്ന അഞ്ചു പദ്ധതികൾ കൂടി കേരളം കൊണ്ടുവരുകയും പ്രശംസ നേടുകയും ചെയ്തിട്ടുണ്ട് എന്നത് അഭിമാനകരമാണ്. ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട തട്ടിപ്പുകൾ തടയുന്നതിനായി കൊണ്ടുവന്ന കേരള റിയൽ എസ്റ്റേറ്റ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ഓർഡിനൻസ്, കേരള ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഓർഡിനൻസ് എന്നിവ ഈ രംഗത്ത് മാതൃകാപരമാണെന്ന് പൊതുവെ വിലയിരുത്തിയിട്ടുള്ളതാണ്. ഈ ഓർഡിനൻസിലെ നിർദേശങ്ങൾ പലതും കേന്ദ്രം പുതുതായി കൊണ്ടുവരുന്ന നിയമത്തിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്. സർക്കാർ സംവിധാനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യവും ഇ മാലിന്യവും ശേഖരിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ മറ്റ് സംസ്ഥാനങ്ങൾ ആരാഞ്ഞിട്ടുണ്ട്. കൊച്ചിയിൽ ആധുനിക സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് രാജ്യത്തെ ഇത്തരത്തിൽ ആദ്യമായിട്ടാണ് തുടങ്ങിയിരിക്കുന്നത്.

**നഗരവികസനത്തിനൊപ്പം മികച്ച ഭക്ഷണം ലഭ്യമാക്കാൻ തട്ടുകടകളുടെയും വഴിവാണിഭക്കാരുടെയും പുനരധിവാസം സാധ്യമാക്കേണ്ടതല്ലേ?**

തീർച്ചയായും. വഴിവാണിഭക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്.ൂ തെരുവുകച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും ജില്ലാകമ്മിറ്റികളും രൂപവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രണ്ടുലക്ഷത്തോളം വരുന്ന വഴിവാണിഭക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേന്ദ്രപദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ വഴി നടപ്പാക്കുന്ന പദ്ധതിക്കുവേണ്ടിയുള്ള സർവെ ഉടൻ നടത്തും. ഇതിനായി ടൗൺ വെന്റിങ്ങ് കമ്മിറ്റികൾ ഉടൻ രൂപവൽക്കരിക്കും. കച്ചവടസ്ഥലവും കച്ചവടക്കാരുടെ എണ്ണവും സമാന്തരമായി ശേഖരിക്കുന്ന വിധമാണ് സർവെ നടത്തുക. വഴിവാണിഭക്കാരുടെ സംരക്ഷണത്തിനായി 3.50 കോടി രൂപയുടെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കുന്നത്. വഴിവാണിഭക്കാരുടെ സർവെ, പുനരധിവാസത്തിനും സംരക്ഷണത്തിനുമായുള്ള പദ്ധതി രൂപവൽക്കരണം, മാർക്കറ്റ് പ്ലാൻ, തിരിച്ചറിയൽ കാർഡ് വിതരണം തുടങ്ങിയവയ്ക്കായി 98 ലക്ഷം രൂപ നീക്കിവെച്ചിയിട്ടുണ്ട്. സംസ്ഥാനത്ത് ഇടുക്കി ഒഴികെയുള്ള ജില്ലകളിലെ ജില്ലാ ആസ്ഥാനങ്ങളിലും കൊച്ചിയിൽ രണ്ടിടത്തുമാണ് ആദ്യഘട്ടത്തിൽ പുനരധിവാസ പദ്ധതി നടപ്പാക്കുക. ■

മുഖാമുഖം



# പഞ്ചായത്തുകളിൽ ഇനി സേവനാധിഷ്ഠിത വികസനം

**എം.കെ. മുനീർ**
പഞ്ചായത്ത്, സാമൂഹ്യനീതി മന്ത്രി

**ഭാവനാസമ്പന്നമായ പുതിയ പദ്ധതികൾ, എണ്ണം പറഞ്ഞ പുരസ്കാരങ്ങളുടെ തിളക്കം, ഇ-ഗവേണൻസിലൂടെ കൂടുതൽ ജനസൗഹാർദമായ ഓഫീസുകൾ... സേവനവും അധികാരവും ഏറ്റവും താഴേത്തട്ടിൽ എത്തിച്ച് രാജ്യത്തിന് മുന്നിൽ നടക്കുകയാണ് പഞ്ചായത്ത് വകുപ്പ്. പിന്നിട്ട വഴികളേയും പുതിയ പദ്ധതികളേയും കുറിച്ച് മന്ത്രി ഡോ. എം.കെ. മുനീർ സംസാരിക്കുന്നു**

തയാറാക്കിയത് സ്റ്റാഫ് റിപ്പോർട്ടർ

**കഴിഞ്ഞ നാല് വർഷത്തെ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ പ്രവർത്തന മികവിനെ എങ്ങനെ വിലയിരുത്തുന്നു?**

ജനാധിപത്യത്തിന്റെ ഗുണഫലം താഴേത്തട്ടിൽ പൂർണ അർഥത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഗ്രാമസേവാ കേന്ദ്രങ്ങളും അയൽ സഭകളും രൂപീകരിച്ചു.

നാലു വർഷത്തിനിടെ ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ടിൽ നിന്ന് 8497 കോടി രൂപ വിനിയോഗിച്ചു. ഇത് സർവകാല റെക്കോഡാണ്. മെയിന്റനൻസ് ഫണ്ടായി 2014-15 ൽ 377.43 കോടി രൂപയും റോഡുകൾക്കായി 706.91 കോടി രൂപയും റോഡ് ഇതര വിഭാഗത്തിൽ 249.35 കോടി രൂപയും വിനിയോഗിക്കുകയുണ്ടായി.

30 ലക്ഷത്തിലധികം പേർക്ക് ക്ഷേമ പെൻഷനുകൾ ഓരോ മാസവും അഞ്ചാം തിയതിക്കു മുമ്പ് അക്കൗണ്ടുകളിൽ എത്തുന്ന വിധം സോഫ്റ്റ് വെയർ ഉപയോഗിച്ച് നൽകുന്ന ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) സമ്പ്രദായം നടപ്പിലാക്കിയത് ചരിത്ര നേട്ടമാണ്. പ്രതിമാസം 213 കോടിയിൽ അധികം തുകയാണ് ഇപ്രകാരം വിതരണം ചെയ്യുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമിക്കാൻ തീരുമാനിച്ചു. 486 പഞ്ചായത്തുകളിൽ പത്തിടത്ത് ഗ്യാസ് ക്രിമറ്റോറിയങ്ങൾ സ്ഥാപിച്ചു. മറ്റ് പത്ത് പഞ്ചായത്തുകളിൽ പണി പൂർത്തിയായി വരുന്നു. 50 പഞ്ചായത്തുകൾക്ക് 20 ലക്ഷം രൂപ വീതം 10 കോടി രൂപ ഇപ്രകാരം ഗ്രാന്റായി നൽകും.

ജാഗ്രതാ സമിതികൾ, ജനന മരണ സർട്ടിഫിക്കറ്റുകളുടെ ഡിജിറ്റൈസേഷൻ ഐ.എസ്.ഒ അംഗീകാരം, നിരവധി പുതിയ തസ്തികകൾ, മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡ്, ആരോഗ്യ ഇൻഷുറൻസ്, എസ്.ഇ.പി.ഫണ്ട്, ഇ.വി.എം, ഇൻഫർമേഷൻ കി

യോസ്കുകൾ, മഴക്കാല പൂർവ ശുചീകരണം, 1100 കോടി രൂപയുടെ കെ.എൽ.ജി.എസ്.ഡി.പി ഗ്രാന്റ്, മാതൃകാ അങ്കണവാടികൾ എന്നിങ്ങനെ നിരവധി നേട്ടങ്ങളിലൂടെ പഞ്ചായത്ത് സംവിധാനം എടുത്തുപറയാവുന്ന പുരോഗതി കൈവരിക്കുകയുണ്ടായി.

**അധികാര വികേന്ദ്രീകരണത്തിൽ ഈ രംഗത്ത് ഒരു കേരള മാതൃക നമുക്ക് മുന്നോട്ട് വയ്ക്കുവാൻ സാധിക്കുമോ?**

അധികാര വികേന്ദ്രീകരണ രംഗത്ത് കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. ഇത് വിലയിരുത്താൻ വികേന്ദ്രീകൃത ജനാധിപത്യ ശാക്തീകരണം സംബന്ധിച്ച രണ്ട് രാജ്യാന്തര സമ്മേളനങ്ങൾക്ക് സാധ്യമായി. ഇനി വേണ്ടത് സേവനാധിഷ്ഠിത വികസനമാവണം എന്ന കാഴ്ചപ്പാട് അവതരിപ്പിക്കപ്പെട്ടു. സാമൂഹ്യ വികസന സൂചികയിൽ കേരള മാതൃക രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ടു. പുതിയ മാർഗ നിർദേശങ്ങൾ കിലയിൽ ചേർന്ന കേന്ദ്ര പഞ്ചായത്ത് രാജ് സെക്രട്ടറി, വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് രാജ് സെക്രട്ടറിമാർ എന്നിവർ പങ്കെടുത്ത പഞ്ചദിന സമ്മേളനത്തിൽ ഉരുത്തിരിയുകയുണ്ടായി കേരളത്തിന് അഭിമാനിക്കാവുന്ന മറ്റൊരു മാതൃക കൂടി എന്ന് നിസംശയം പറയാം.

**കേരളത്തിന് ലഭിച്ചിരിക്കുന്ന അംഗീകാരങ്ങൾ എന്തൊക്കെ?**

പഞ്ചായത്ത് രാജ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര അവാർഡ് നാലു തവണ സംസ്ഥാനം കരസ്ഥമാക്കി. 2014-15 ൽ രാജ്യത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി കൊല്ലം തെരഞ്ഞെടുക്കപ്പെട്ടതും നമ്മുടെ ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകൾ ദേശീയ തലത്തിൽ പുരസ്കാരം നേടിയതും എടുത്തുപറയാൻ കഴിയും.

അന്താരാഷ്ട്ര സമ്മേളനങ്ങളിൽ കേരള മാതൃകയെ വിദേശ വിദഗ്ദ്ധർ പ്രകീർത്തിച്ചു. പ്രത്യേകിച്ച് നമ്മുടെ കുടുംബശ്രീയെ.

**പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി ഏർപ്പെടുത്തിയത് പദ്ധതി നിർവഹണം കാര്യക്ഷമമാക്കിയോ?**

തീർച്ചയായും. ദീർഘകാല പ്രോജക്റ്റുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായാണ് ഓരോ തദ്ദേശ ഭരണ സ്ഥാപനവും അഞ്ചു വർഷത്തേക്ക് ഏറ്റെടുക്കാവുന്ന പ്രോജക്റ്റുകളും രണ്ടു വർഷത്തേക്കുള്ള പദ്ധതികളും തയാറാക്കുന്നതിന് മാർഗരേഖയ്ക്ക് രൂപം നൽകിയത്. ആസൂത്രണവും അംഗീകാരവും ലഘൂകരിച്ചതിന്റെ ഭാഗമായി പദ്ധതി സമർപ്പണവും അംഗീകാരവും ഓൺലൈനാക്കി. ടെക്നിക്കൽ കമ്മിറ്റി ഒഴിവാക്കി. ഇതുമൂലം പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാവുകയും ഫണ്ട് ലാപ്സാവുന്നത് ഒഴിവാവുകയും ചെയ്തു.

**സേവാഗ്രാം, അയൽസഭകൾ എന്നിവയിലൂടെ ലക്ഷ്യമിട്ട മാറ്റങ്ങൾ എന്തൊക്കെയാണ് ?**

അധികാരവും സേവനവും ഏറ്റവും താഴേത്തട്ടിൽ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഗ്രാമസഭകളുടെ ശക്തമായ സംഘാടനമാണ് സേവാഗ്രാമം കൊണ്ട് ഉദ്ദേശിക്കുന്നത്. വാർഡ് തലത്തിൽ പത്ത് അയൽസഭകൾ എങ്കിലും രൂപീകരിച്ചുകൊണ്ട് കൂട്ടായ്മകൾ സ്വരൂപിക്കാനും വാർഡ്തല വികസന സമിതി രൂപീകരിക്കാനും നിർദേശിക്കപ്പെട്ടു. ആരോഗ്യം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം എന്നിവയ്ക്ക് വാർഡ് തലത്തിൽ മുൻതൂക്കം നൽകാൻ കഴിയും. വാർഡ്തല ജാഗ്രതാസമിതികളും കാര്യക്ഷമമാക്കും. വാർഡുകളിലെ ഗ്രാമ കേന്ദ്രങ്ങൾക്ക് 50,000 രൂപ പ്രതിവർഷം വിനിയോഗിക്കാം. ഈ സംവിധാനത്തിന്റെ ഗുണഫലം ദൂരവ്യാപകമായിരിക്കും.

**ഇ-ഗവേണൻസിലൂടെ പഞ്ചായത്തുകളെ ജനസൗഹൃദമാക്കുന്നതിനുള്ള നടപടികൾ?**

നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ്വർക്ക് കണക്റ്റിവിറ്റി എല്ലാ സേവനങ്ങളും ഫലപ്രദമായി ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമാക്കാൻ സഹായിക്കുന്നു. എല്ലാ പഞ്ചായത്തുകളിലും ഡബിൾ എൻട്രി അക്കൗണ്ടിങ് ഏർപ്പെടുത്തി. പദ്ധതി രൂപീകരണവും സമർപ്പണവും സുലേഖ സോഫ്റ്റ് വെയറിലൂടെയാണ്. ജനന - മരണ - വിവാഹ രജിസ്ട്രേഷനുകൾ, സർട്ടിഫിക്കറ്റുകൾ, പെൻഷനുകൾ എന്നിവക്കായി വിവിധ സോഫ്റ്റ് വെയറുകൾ രൂകല്പന ചെയ്തു. നികുതി നിർണയത്തിനുള്ള സഞ്ചയിക സോഫ്റ്റ് വെയർ മുഖേന രജിസ്റ്ററുകളുടെ കംപ്യൂട്ടർവത്കരണം ഉടൻ ആരംഭിക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും അപേക്ഷകളുടെ സ്ഥിതി അറിയുന്നതിന് ഇൻഫർമേഷൻ കിയോസ്കുകളും പ്രവർത്തനക്ഷമമാവും. മൊബൈൽ ഫോണിലൂടെ ലഭിക്കുന്ന ഐ.കെ.എം. സേവനങ്ങൾ വർധിപ്പിക്കും. ഇൻഫർമേഷൻ കേരള മിഷൻ, ഐ.ടി. മിഷനുമായി സഹകരിച്ച് പ്രവർത്തന മേഖല വിപുലീകരിച്ച് മികച്ച സർവീസ് പ്രൊവൈഡറായി മാറും.



**സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലെ മുന്നേറ്റം വിവരിക്കാമോ?**

യഥാർഥത്തിൽ സ്ത്രീ ശാക്തീകരണ രംഗത്ത് കേരളത്തിന്റേത് ഒരു ബഹുമുഖ സമീപനമാണ്. ഇതിനുള്ള തൽപര ഏജൻസികൾ പലതുണ്ട്. പൊലീസ്, ആരോഗ്യം, സാമൂഹ്യനീതി, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളും അവയ്ക്ക് കീഴിലുള്ള ഏജൻസികളും ഏകോപിച്ചുള്ള പ്രവർത്തനമാണ് അഭികാമ്യം. എങ്കിലും പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുകൾക്കാണ് ഇവയിൽ നിർണായക സ്ഥാനം കുടുംബശ്രീ, വനിതാ കമ്മിഷൻ, വനിതാ വികസന കോർപറേഷൻ, നിർഭയ, ക്ഷേമ മന്ദിരങ്ങൾ, സാമൂഹ്യക്ഷേമ ബോർഡ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ഓർഫനേജ് കൺട്രോൾ ബോർഡ് എന്നിങ്ങനെ ഏജൻസികൾ സംയുക്ത

ഫോട്ടോ: ഗബ്രിയേൽ

മായും സ്വതന്ത്രമായും ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇതിൽ ഏറ്റവും ബൃഹത്തായ സ്ത്രീശാക്തീകരണ പ്രസ്ഥാനമായി നമ്മൾ എടുത്തുകാട്ടേണ്ടത് കുടുംബശ്രീ മിഷനെയാണ്.

അത്ഭുതാവഹമാണ് കഴിഞ്ഞ 16 വർഷങ്ങളിലെ ഈ പ്രസ്ഥാനത്തിന്റെ വളർച്ച. പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഉൾച്ചേർന്ന ഒരു ഘടകമായിരുന്നു കുടുംബശ്രീ. ഈ പ്രസ്ഥാനത്തിൽ ഇന്ന് 41.5 ലക്ഷം അംഗങ്ങൾ ഉണ്ട്. സമൂഹത്തിലെ ദരിദ്രരും ഇതര പാർശ്വവൽക്കൃത വിഭാഗങ്ങളും ചേർന്നതാണ് കുടുംബശ്രീ. കുടുംബശ്രീ അന്താരാഷ്ട്ര സമ്മേളനം ആഗസ്റ്റ് 20, 21 തീയതികളിൽ കോവളത്ത് നടത്തി. ഇതുവരെ പ്രസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഒരു സർവ്വദേശീയ തലത്തിൽ വിലയിരുത്തുന്നതിനും മുന്നോട്ടുള്ള പ്രയാണത്തി നാവശ്യമായ വിശാല മാർഗ്ഗ നിർദ്ദേശങ്ങൾ കരുപ്പിടിപ്പിക്കുന്നതിനുമാണ്.

ഭവനരഹിതരായ അയൽക്കൂട്ട അംഗങ്ങൾക്ക് വീട് നിർമിച്ച് നൽകുന്ന സ്നേഹനിധി, കമ്മ്യൂണിറ്റി കോൺട്രാക്റ്റിങ്, 2014-15 ൽ 1157 കോടി രൂപ ബാങ്ക് ലിങ്കേജ്, ഇനി ഞങ്ങൾ പറയാം റിയാലിറ്റിഷോ, ഉത്പന്നങ്ങളുടെ ബ്രാൻഡിങ്, കമ്മ്യൂണിറ്റി കോളജ്, 30000 പേർക്ക് തൊഴിൽ, ജൈവ പച്ചക്കറി ഉത്പാദന - വിപണനം, ജീവോപാധികൾ, ഷോർട്ട് സ്റ്റേ ഹോമുകൾ, വിദ്യാഭ്യാസ സഹായം, ക്രൈംമാപ്പിങ്, മട്ടുപ്പാവ് കൃഷി ആശ്രയപദ്ധതി, അട്ടപ്പാടിയിലെ അന്നപ്രദായിനി, കുടുംബശ്രീ ട്രാവൽസ്, ഇ-ഗവേർണൻസ്, മെന്റർ അയൽക്കൂട്ടങ്ങൾ, മാസച്ചന്തകൾ, ഭക്ഷ്യമേളകൾ, ബാലസഭ, കമ്മ്യൂണിറ്റി തിയേറ്റർ, മാധ്യമ പ്രവർത്തന പരിശീലനം, ബഡ്സ് സ്കൂളുകൾ, ആയിരക്കണക്കിന് മൈക്രോ സംരംഭങ്ങൾ, സംഘ കൃഷി എന്നിങ്ങനെ വൈവിധ്യപൂർണമായ അനവധി മേഖലകളിൽ കുടുംബശ്രീയുടെ പ്രവർത്തനം ഓരോ കേരളീയന്റെയും നിത്യ ജീവിതത്തിന്റെ ഭാഗമാണ്.

ഇതിനൊക്കെ പുറമേയാണ് ഇതര സംസ്ഥാനങ്ങൾക്കുള്ള റിസോഴ്സ് കേന്ദ്രമായി പ്രവർത്തിക്കുന്നത്; ഇപ്പോൾ ആഫ്രിക്കൻ രാജ്യങ്ങളുമായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതും.

**അധികാര വികേന്ദ്രീകരണത്തിന് കില പോലുള്ള സ്ഥാപനങ്ങളുടെ പങ്ക് എന്താണ്?**

തദ്ദേശ ഭരണ സമിതി അംഗങ്ങളെ പ്രാപ്തരും സന്നദ്ധരും ആക്കുന്നതിൽ കിലയുടെ നിർണ്ണായക പങ്കാണ് വഹിക്കുന്നത്. മികച്ച പരിശീലനം നൽകുക, വിദഗ്ദ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ, മണ്ഡല വികസന രേഖകൾ, ഗവേഷണം എന്നിങ്ങനെ വികേന്ദ്രീകൃത ജനാധിപത്യത്തെ കൂടുതൽ ഉൾക്കാമ്പുള്ളതാക്കുന്നതിൽ കില വിജയിച്ചു. ഇവ കണക്കിലെടുത്താണ് കിലയെ സർവകലാശാലയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചത്.

**പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷനിലൂടെ എന്താണ് ലക്ഷ്യമിടുന്നത്?**

ഈ സർക്കാർ അധികാരത്തിൽ വന്നതു മുതൽ നടത്തിയ പ്രഖ്യാപനമായിരുന്നു പഞ്ചായത്ത് വകുപ്പിലെ എല്ലാ ഓഫീസുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടണം എന്നത്. ഓഫീസിന്റെ അന്തരീക്ഷം ഉയർന്ന നിലവാരത്തിലാക്കുക, മനുഷ്യവിഭവശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുക. കടലാസ് രഹിത സംവിധാനം സദ് സേവനം ലഭ്യമാക്കുക എന്നിവയാണ് അടിസ്ഥാന ലക്ഷ്യങ്ങൾ. 17 പഞ്ചായത്ത് ഓഫീസുകൾ ഈ അംഗീകാരം നേടി. ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ ഓഫീസ്, പത്തനംതിട്ട ജില്ല പഞ്ചായത്ത് ഓഫീസ് എന്നിവയും സർട്ടിഫിക്കേഷൻ നേടി. കൊല്ലം ജില്ലാ പഞ്ചായത്ത് ഓഫീസിന് ഉടൻ ലഭ്യമാകും.

**ഐക്കോഡ് പോലെയുള്ള വേദികൾ പഞ്ചായത്തുകൾക്ക് നൽകുന്ന സാധ്യതകൾ?**

ജനാധിപത്യ ശാക്തീകരണത്തിലൂടെ എല്ലാ വിഭാഗങ്ങളുടെയും വികസനവും ക്ഷേമവും ഉറപ്പാക്കേണ്ട അടിത്തട്ടിലെ വേദികളാണ് ഗ്രാമപഞ്ചായത്തുകൾ. പൗരനെ കേന്ദ്രബിന്ദുവായിക്കണ്ട് സത്വരവും കാര്യക്ഷമവുമായ സേവനവും സേവനാധിഷ്ഠിത വികസനവും ഉറപ്പാക്കുക എന്ന സന്ദേശം ഒന്നും രണ്ടും ഐക്കോഡുകളിലൂടെ പഞ്ചായത്തുകളിൽ എത്തിക്കാൻ കഴിഞ്ഞു. ഈ സമ്മേളനങ്ങൾ തുടർന്നുള്ള വർഷങ്ങളിലും സ്ഥിരമായി സംഘടിപ്പിക്കാനാണ് തീരുമാനം. ■



അനിൽകുമാർ.പി.വൈ



# പൂവണിഞ്ഞ വിപ്ലവം

എല്ലായിടത്തും വികസനവും സേവനവും എത്തിക്കുകയാണ് അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. ഇതിനായി ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നഗരസഭകളും ചേർന്ന് ജനകീയവും സുസ്ഥിരവുമായ കർമപരിപാടികൾക്ക് രൂപം നൽകി. അവയുടെ വിജയം കേരളത്തിൽ വികസനവിപ്ലവമായി.

**വ്യക്തിയുടെ ജീവിതചക്രം പൂർത്തിയാകുന്നത് ഗ്രാമപഞ്ചായത്തിലൂടെയാണെന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. ഒരു വ്യക്തിയുടെ ജനനം രജിസ്റ്റർ ചെയ്യുന്നതു മുതൽ ജീവിതത്തിലെ നിർണ്ണായക ആവശ്യങ്ങൾ നിറവേറ്റുന്നതും നിർവ്വഹിക്കുന്നതും ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷനുകളിലൂടെയാണ്**



വ്യക്തിയുടെ ജീവിതചക്രം പൂർത്തിയാകുന്നത് ഗ്രാമപഞ്ചായത്തിലൂടെയാണ് ഒരു വ്യക്തി ജനനം രജിസ്റ്റർ ചെയ്തുകൊണ്ട് ജീവിതത്തിലെ നിർണ്ണായക ആവശ്യങ്ങൾ നിറവേറ്റുന്നതും നിർവ്വഹിക്കുന്നതും ഗ്രാമപഞ്ചായത്ത്, മുൻസിപാലിറ്റി, കോർപറേഷനുകളിലൂടെയാണ്. എന്നാൽ ഒരുഗ്രാമത്തിന് ആവശ്യമായ വികസനവും സേവനങ്ങളും എങ്ങിനെ വേണമെന്നു തീരുമാനിക്കാനും അവയിൽ പങ്കാളിയാകാനും ലഭിക്കുന്ന അവസരത്തിലൂടെയാണ് അധികാരം ജനങ്ങളിലേക്ക് എത്തുന്നത്. ആ അർഥത്തിൽ ജനാധിപത്യത്തിന്റെ അഞ്ചാം തൂണാണ് പ്രത്യക്ഷജനാധിപത്യത്തിന്റെ പ്രകട വേദികളായ ഗ്രാമസഭകൾ. നാടിന്റെ ആസൂത്രണം ഒരുകാലത്ത് ഉയർന്നതലത്തിൽ കേന്ദ്രീകരിക്കപ്പെട്ട ഒരു പ്രക്രിയ ആയിരുന്നു. മുകൾതട്ടിൽ പദ്ധതികൾ ആവിഷ്കരിച്ച് വിവിധ വകുപ്പുകളിലൂടെ നടപ്പാക്കി. നേട്ടങ്ങളേറെ ഉണ്ടെങ്കിലും പരിമിതികളും ഈ കേന്ദ്രീകൃത ആസൂത്രണരീതിക്കുണ്ടായിരുന്നു.

### അടിത്തട്ടിൽ ഗ്രാമകേന്ദ്രങ്ങൾ

ഓരോ വാർഡിലും വികസനപരിപാടികൾ ഏകോപിപ്പിക്കുന്നതിന് വാർഡ് ആസ്ഥാനത്ത് സേവാഗ്രാം -ഗ്രാമകേന്ദ്രങ്ങൾ തുടങ്ങിയത് ധീരമായ ചുവടുവയ്പായി. പ്രാദേശിക തലത്തിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ കൂട്ടായ്മ ഉണ്ടാകുന്നതിനും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും ഇതിലൂടെ കഴിയുന്നു. ഗ്രാമപഞ്ചായത്തംഗത്തിന്റെ ആസ്ഥാനം ക്രമേണ ഗ്രാമപഞ്ചായത്തിൽ നിന്നും വികേന്ദ്രീകരിക്കപ്പെട്ട് വാർഡ് തലത്തിലാകും. ഗ്രാമപഞ്ചായത്തിന്റെ എക്സ്റ്റൻഷൻ സെന്ററായി വിവരവിജ്ഞാന വ്യാപനകേന്ദ്രങ്ങളായി ഗ്രാമകേന്ദ്രങ്ങളെ മാറ്റികൊണ്ട് പങ്കാളിത്തഭരണം സാധ്യമാക്കാനുള്ള ശ്രമങ്ങളാണ് സംസ്ഥാനസർക്കാർ നടത്തുന്നത്. ഗ്രാമസഭ ശാക്തീകരിക്കുവാൻ ഈ ഗ്രാമകേന്ദ്രങ്ങൾക്ക് കഴിയുന്നു.

### സ്വാതന്ത്ര ഭാരതത്തിൽ

ഇന്ത്യയുടെ ഭരണഘടന തയാറാക്കുന്നതിനായി നടന്ന ചർച്ചകളിൽ ശക്തമായ പ്രാദേശിക ഭരണ സംവിധാനത്തിന്റെ ആവശ്യത്തിന് വേണ്ടത്ര പരിഗണന ലഭിച്ചിരുന്നില്ല. ഡോ. അംബേദ്ക്കറുടെ കാഴ്ചപ്പാടായിരുന്നു അതിനു പിന്നിൽ. ഒരു സാമൂഹിക വ്യവസ്ഥയിൽ താഴെയുള്ള ഭരണസംവിധാനത്തിന് കൂടുതൽ അധികാരങ്ങൾ നൽകിയാൽ ആ അധികാരം മേൽജാതിക്കാരും ഭൂപ്രഭുക്കളും കൈയ്യടക്കുമെന്നും പാവപ്പെട്ടവരും കീഴ്ജാതിക്കാരും ചൂഷണത്തിനും പീഢനത്തിനും വിധേയമാകുമെയിരുന്നു കാഴ്ചപ്പാട്. അതുകൊണ്ടു തന്നെ ഭരണഘടനയുടെ നിർദേശക തത്വങ്ങളിൽ മാത്രമേ പഞ്ചായത്ത് ഭരണസംവിധാനത്തിന് സ്ഥാനം ലഭിച്ചിരുന്നുള്ളൂ. ഭരണഘടനയനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾ രൂപീകരിക്കേണ്ടതും അവയ്ക്ക് അധികാരങ്ങളും ചുമതലകളും നൽകേണ്ടതും സംസ്ഥാന സർക്കാരുടെ ചുമതലയായിരുന്നു. അത് അനിവാര്യമായിരുന്നില്ല.

### കേരളത്തിലെ തുടക്കം

തിരുവിതാംകൂറിൽ 20 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ പട്ടണപ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾ നിലവിലുണ്ടായിരുന്നു. 1912 ലാണ് നികുതിദായകർക്ക്



ഫോട്ടോ: ബിജുലാൽ

ഔദ്യോഗിക അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അവകാശം ലഭിച്ചത്. 1920 ലെ മുനിസിപ്പൽ ആക്ട് അനുസരിച്ച ടൗൺ കമ്മിറ്റികൾ മുനിസിപ്പാലിറ്റികളായി മാറി. 1925 ലെ വില്ലേജ് ഗ്രാമപഞ്ചായത്ത് റെഗുലേഷൻ പ്രകാരം പട്ടണപ്രദേശങ്ങളിലെ ഈ ഭരണസംവിധാനം ഗ്രാമങ്ങളിലേക്കും വ്യാപിപ്പിച്ചു. പക്ഷേ, ഏഴു പഞ്ചായത്തുകൾ മാത്രമാണ് അന്ന് രൂപീകരിക്കപ്പെട്ടത്. തെരുവു ശുചീകരണം, ശുദ്ധജല വിതരണം, മാലിന്യ നിർമാർജനം, ശ്മശാന നിർമാണം, പ്രാദേശിക റോഡുകളുടെയും കടത്തുകളുടെയും മേൽനേട്ടം, പ്രാഥമിക വിദ്യാഭ്യാസം എന്നിവയായിരുന്നു പഞ്ചായത്തുകളുടെ മുഖ്യ പ്രവർത്തനങ്ങൾ. കൂടാതെ ചില ജുഡീഷ്യൽ അധികാരങ്ങളും അവയ്ക്കുണ്ടായിരുന്നു. സ്വത്ത് നികുതി, വാഹന നികുതി, തൊഴിൽ നികുതി എന്നിവയും സർക്കാർ ഗ്രാന്റുമായിരുന്നു പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗം. 1940 ലെ വില്ലേജ് യൂണിയൻ ആക്ട് പ്രകാരം വില്ലേജ് പഞ്ചായത്തുകളുടേതിന് സമാനമായ വില്ലേജ് യൂണിയനുകൾ നിലവിൽ വന്നു. ഈ നിയമത്തോടെ വില്ലേജ് പഞ്ചായത്തുകളും വില്ലേജ് യൂണിയനുകളും രജിസ്ട്രാർ എന്ന വകുപ്പ് തലവന്റെ കീഴിലായി.


കൊച്ചിയിൽ 1914 ൽ വില്ലേജ് പഞ്ചായത്ത് റെഗുലേഷൻ നിയമത്തോടെ അന്നുണ്ടായിരുന്ന അഞ്ചു താലൂക്കുകളിൽ ഒരു താലൂക്കിന് ഒന്ന് എന്ന തോതിൽ അഞ്ചു വില്ലേജ് പഞ്ചായത്തുകൾ രൂപീകരിക്കുകയുണ്ടായി. അഞ്ച് അംഗ ഭരണസമിതികളായിരുന്നു ഭരണം നടത്തിയിരുത്. 50 രൂപ കരം തീരുവയുള്ളവർക്കും ബിരുദധാരികൾക്കും അടുത്തൂൺ പറ്റിയ ഉദ്യോഗസ്ഥർക്കും മാത്രമേ സമിതി അംഗങ്ങളാകുവാൻ കഴിയുമായിരുന്നുള്ളൂ. 1922 ൽ പഞ്ചായത്തുകളുടെ മേൽനോട്ട ചുമതല ദിവാൻ പേഷ്ക്കാർക്കായിരുന്നു. 1922 ൽ കൊച്ചിൻ പഞ്ചായത്ത് റെഗുലേഷൻ നിലവിൽ വന്നതോടെ പഞ്ചായത്തുകളുടെ അധികാരം വർധിക്കുകയും സമിതി അംഗങ്ങളാകാനുള്ള യോഗ്യത കരം തീരുവയാകുകയും ചെയ്തു. 1930 കളിൽ വില്ലേജ് പഞ്ചായത്ത് സംവിധാനം വ്യാപിപ്പിച്ചു. 1949 ആയപ്പോഴേക്കും പഞ്ചായത്തുകളുടെ എണ്ണം 100 ആയി.

മലബാറിൽ, തിരു-കൊച്ചി പ്രദേശങ്ങളെ അപേക്ഷിച്ച് വളരെ വൈകിയാണ് വില്ലേജ് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വ്യാപിച്ചത്. എന്നാൽ 1867 ലെ മദ്രാസ് ടൗൺ ഇംപ്രൂവ്മെന്റ് ആക്ട് പ്രകാരം കോഴിക്കോട്, പാലക്കാട്, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിൽ മുനിസിപ്പാലിററികൾ രൂപപ്പെട്ട് സർക്കാർ നിയോഗിക്കുന്ന പ്രമാണിമാരും ലോക്കൽ മജിസ്ട്രേറ്റ്, പി.ഡ്യു.ഡി. റേഞ്ച് ഓഫീസിർ എന്നിവരും ചേർന്നതായിരുന്നു ഭരണസമിതി. 1884 ലെ മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് അനുസരിച്ച് പ്രാദേശിക ഭരണത്തിനായി ഡിസ്ട്രിക്ട് ബോർഡുകളും താലൂക്ക് ബോർഡുകളും നിലവിൽ വന്നു. 1930 ൽ എല്ലാ ഗ്രാമഭരണ സംവിധാനങ്ങളെയും മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ടിന്റെ അധികാരപരിധിയിലാക്കി. 1943 ൽ കാര്യനിർവഹണത്തിന് എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമച്ചുകൊണ്ടുള്ള പരിഷ്ക്കാരവും നിലവിൽ വന്നു. 1987 വരെ ഈ സംവിധാനം തുടർന്നു.

അധികാര വികേന്ദ്രീകരണത്തിനായി സംസ്ഥാന സർക്കാരുകളിൽ നിന്നും അധികാരം പ്രാദേശിക ഭരണസ്ഥാപനങ്ങളിലേക്ക് കൈമാറുന്നതിന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. ഭരണഘടന വിഭാവനം ചെയ്ത അധികാര വികേന്ദ്രീകരണം അക്ഷരാർ ത്ഥത്തിൽ നടപ്പിലാക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ഉന്നത ശ്രേണിയിൽ നിക്ഷിപ്തമായിരിക്കുന്ന (കേന്ദ്രം/ സംസ്ഥാനം) അധികാരത്തെ കീഴ് തട്ടിലേക്ക് കൈമാറുകയാണ് അധികാര വികേന്ദ്രീകരണത്തിൽ. സ്വയംഭരണാവകാശം, വ്യക്തമായ ചുമതലകൾ, വിഭവ സ്രോത ുകൾ, ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനം, നിയമങ്ങൾ, ചട്ടങ്ങൾ ഇവയെല്ലാം കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തിലൂടെ കേരളം കാട്ടുന്ന മാതൃക ഗ്രാമവികസനത്തിലെ വിപ്ലവമാണ്. ബാലാരിഷ്ടകളുടെ തുടക്കം മാറി പാകയുടെ വികസന മാതൃകകളിലേക്ക് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിക്കഴിഞ്ഞു. അതുകൊണ്ടു തന്നെ ഭാരതത്തിനാകെ കേരളത്തിന്റെ വികസനമോഡൽ പഠനവിഷയമാണ്. വികസനത്തിൽ മുന്നേറാൻ നമ്മുടെ ഗ്രാമ-പട്ടണ-നഗര ഭരണകൂടങ്ങൾക്ക് പ്രചാദനവും അതുതന്നെയാണ്. ■

ഫോട്ടോ: ഗബ്രിയേൽ



വിഴിഞ്ഞം | ഐ.ടി. കോറിഡോർ | ലൈറ്റ് മെട്രോ

# അനന്തപുരി ഇനി അന്താരാഷ്ട്രം

പൗരാണികതയുടെ ശേഷിപ്പുകളുടെ നഗരമാണ് തിരുവനന്തപുരം. അനന്തന്റെ നാട്. ലോകത്തിലെ ഏറ്റവും സമ്പത്തുള്ള പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഖ്യാതിയും രാജ്യം തൃപ്പടിദാനം ചെയ്ത തിരുവിതാംകൂറിന്റെ ചരിത്രവും പേറുന്ന വിഖ്യാത നഗരം.

കേരളത്തിൽ എന്നും വികസനത്തിന് മാതൃക തീർത്ത നാടു കൂടിയാണ് തിരുവനന്തപുരം. പൊതുഗതാഗത സംവിധാനം മുതൽ സൗജന്യ ആതുരശുശ്രൂഷയ്ക്കു വരെ തുടക്കമിട്ട തിരുവനന്തപുരത്തിന്റെ ചരിത്രം തങ്കലിപികളാൽ രേഖപ്പെടുത്തിയ ഒട്ടേറെ സംഭാവനകളുടെ പ്രഭവകേന്ദ്രം കൂടിയാണ്.

ഭൂവൈവിധ്യവും തിരക്കേറിയ വീഥികളും വാണിജ്യ മേഖലകളുമുള്ള ഈ  നിത്യ ഹരിതനഗരം ഭരണത്തിലൂടെ വികസനത്തിന്റെ താക്കോൽ സൂക്ഷിക്കുന്നു. രാവിലെ 10 മുതൽ അഞ്ചു വരെ  ബ്രേക്കുകളുള്ള ധാരാളം തൊഴിൽ സംസ്കാരങ്ങൾ സൂക്ഷിക്കുന്ന അനന്തപുരിക്ക് ഇപ്പോൾ രാവും പകലും തിരക്കാണ്. 25 വർഷം മുമ്പ് തുടങ്ങിയ ടെക്നോപാർക്കെന്ന കേരളത്തിന്റെ ഐടി ഹബ്ബ് തിരുവനന്തപുരത്തിന്റെ മുഖച്ഛായ തന്നെ മാറ്റി. സർക്കാർ



> ഭൂവൈവിധ്യവും തിരക്കേറിയ വീഥികളും വാണിജ്യ മേഖലകളുമുള്ള തിരുവനന്തപുരം, ഭരണത്തിലൂടെ വികസനത്തിന്റെ താക്കോൽ സൂക്ഷിക്കുന്ന നഗരമാണ്

സ്ഥാപനങ്ങളുടെ പകൽ തിരക്കിനിടയിലും രാവും പകലും സജീവമായ ഒരു തൊഴിൽ സംസ്കാരത്തിന് ടെക്നോപാർക്ക് തുടക്കമിട്ടു.

കേരളത്തിലെ ഏറ്റവും ജനസാന്ദ്രത കൂടിയതും വലിപ്പമേറിയതുമായ തിരുവനന്തപുരത്തിന് പഴയ മുഖമല്ല ഇപ്പോൾ. ലോകത്തിലെ മികച്ച സ്വകാര്യ വ്യസായ ശൃംഖലകളുടെ അടിസ്ഥാനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഐടി തൊഴിൽ സംരംഭങ്ങളും നവീകരിച്ച പാതകളും നിറഞ്ഞ നഗരം. ഓപ്പറേഷൻ അനന്ത മുതൽ നാടിന്റെ മുക്കും മൂലയും നവീകരിക്കുന്ന പദ്ധതികളുമായി തിരുവനന്തപുരം അതിന്റെ വികസനക്കുതിപ്പിലാണ്. തലസ്ഥാന ജില്ല എന്ന നിലയിൽ തിരുവനന്തപുരത്ത് നടപ്പിലാക്കുന്ന ഓരോ വികസന പദ്ധതികളും ജില്ലയുടെ മാത്രമല്ല കേരളത്തിന്റെ മൊത്തം വികസനത്തിന്റെ പ്രതീകമാണ്. അതിൽ മുന്തിയ പരിഗണനയിൽ എത്തി നിൽക്കുന്നതാകട്ടെ വിഴിഞ്ഞം തുറമുഖ വികസനമാണ്. കേരളത്തിന്റെ പ്രതീക്ഷകൾ വിഴിഞ്ഞത്ത് നങ്കൂരമിടാനുള്ള പദ്ധതിക്ക് ഇതിനകം ധാരണാപത്രവും ഒപ്പിട്ടു കഴിഞ്ഞു. ഈ വിഴിഞ്ഞത്തിന്റെ ചിറകിലേറി തലസ്ഥാന വികസനം വാനോളമെത്തുമെന്നാണ് വിലയിരുത്തൽ.

ഒരു പ്രദേശത്തിന്റെ വികസനം പൂർണമാകുന്നത് ആരോഗ്യം, ഗതാഗതം, വിദ്യാഭ്യാസം, വ്യവസായം, വൈദ്യുതി, കുടിവെള്ളം, ഭക്ഷ്യസുരക്ഷ, ശുചിത്വം, ടൂറിസം, സാമൂഹ്യസുരക്ഷ, തുടങ്ങി എല്ലാ മേഖലകളിലും മാറ്റങ്ങളുണ്ടാവുമ്പോഴാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള അത്തരം വികസനമാണ് സംസ്ഥാന സർക്കാർ മുന്നോട്ടു വെക്കുന്നതും. ഒരു പ്രദേശത്തിന്റെ വികസനം അവിടത്തെ ജനങ്ങളുടെ ജീവിത നിലവാരത്തെ ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ തിരുവനന്തപുരത്തെ അന്താരാഷ്ട്ര നിലവാരത്തിലുള്ള നഗരങ്ങളിലൊന്നാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.

പ്രശസ്തമായ കേരള സർവകലാശാല, രാജീവ് ഗാന്ധി ജൈവ സാങ്കേതിക ഗവേഷണ കേന്ദ്രം, വിക്രം സാരാഭായി ബഹിരാകാശ കേന്ദ്രം, തിരുവനന്തപുരം എൻജിനീയറിങ്ങ് കോളെജ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച്, ഇന്ത്യയിലെ ആദ്യത്തെ വിവരസാങ്കേതിക സ്ഥാപന സമുച്ചയമായ ടെക്നോപാർക്ക്, കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങളിൽ ഒന്നായ കെൽട്രോണിന്റെ ആസ്ഥാനം, കേരളത്തിലെ മികച്ച ക്യാൻസർ ചികിത്സാ കേന്ദ്രമായ ആർ.സി.സി., ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജ് തുടങ്ങി കേന്ദ്ര/കേരള സർക്കാരുകളുടെ അധീനതയിലുള്ള നിരവധി സ്ഥാപനങ്ങളും നിരവധി വിനോദ സഞ്ചാര കേന്ദ്രങ്ങളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും എണ്ണമറ്റ വ്യാപാര കേന്ദ്രങ്ങളും തിരുവനന്തപുരത്തിന് സ്വന്തമാണ്. അതുകൊണ്ട് തന്നെ ഈ ജില്ലയിലും നഗരത്തിലുമുണ്ടാകുന്ന മാറ്റങ്ങളുടെ ഗുണഭോക്താക്കൾ കേരള ജനത ആകെ തന്നെയാണ്

### വിഴിഞ്ഞം പദ്ധതി

കേരള സർക്കാർ തലസ്ഥാന ജില്ലക്ക് നല്കിയ പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് സംസ്ഥാനത്തിന്റെ തന്നെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയാണ്. 7525 കോടി മുതൽ മുടക്കുള്ള ഈ പദ്ധതി നീണ്ട കാലത്തെ കാത്തിരിപ്പി



നൊടുവിൽ പ്രാവർത്തികമാകാൻ പോവുകയാണ്. ഈ കഴിഞ്ഞ ചിങ്ങം ഒന്നിന് അദാനി പോർട്ട് ലിമിറ്റഡുമായി നിർമാണക്കരാർ ഒപ്പിട്ടുകഴിഞ്ഞു. അന്താരാഷ്ട്ര വാണിജ്യ ബന്ധങ്ങളും ടൂറിസം രംഗത്തെ അനന്ത സാധ്യതകളും നിരവധി തൊഴിലവസരങ്ങളുമാണ് തുറമുഖം സാധ്യമാകുന്നതിലൂടെ യാഥാർഥ്യമാകുന്നത്. വിഴിഞ്ഞം പദ്ധതി പൂർത്തിയായാൽ തിരുവനന്തപുരം നഗരം തന്നെ മാറും.

## റോഡുകളും അടിസ്ഥാന സൗകര്യ വികസനവും

നഗരത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ എന്നതിന്റെ അളവുകോൽ റോഡുകളുടെയും ഗതാഗത സൗകര്യങ്ങളുടെയും വികസനമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടവയാണ് കരമന കളിയിക്കാവിള റോഡ് നിർമാണം, കഴക്കൂട്ടം-കാരോട് ബൈപ്പാസ്, തകരപ്പറമ്പ് മേല്പ്പാലം, കുണ്ടമൺകടവ്, മരുതംകുഴി, മുറിഞ്ഞപാലം, പെരുമാതുറ മേല്പാലങ്ങൾ, പണി പൂർത്തിയായ തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കോംപ്ലക്സ് തുടങ്ങിയവ. ഇവയെല്ലാം തന്നെ നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ ഏറെ ഗുണം ചെയ്തിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. നഗരത്തെയും പ്രാന്ത പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുകയും യാത്രാ സൗകര്യം വർധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഉടൻ പ്രാവർത്തികമാക്കാൻ പോകുന്ന നിരവധി പദ്ധതികളുടെ പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുന്നത് നഗരത്തിന്റെ മുഖച്ഛായ മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

## ആരോഗ്യം

ആർ.സി.സി., മെഡിക്കൽ കോളേജ്, എസ്.എ.ടി. എന്നീ പ്രധാന ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് തിരുവനന്തപുരത്തിന്റെ ആരോഗ്യമേഖലയുടെ വികസനം സാധ്യമാകുന്നത്. സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് പദവിയിലേക്ക് നീങ്ങുന്ന ആർ.സി.സിയിൽ 120 കോടിയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്. സംസ്ഥാനമൊട്ടാകെ കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന ഭീതിതമായ വർധനവ് തികഞ്ഞ ഗൗരവത്തോടെ കാണുന്നതിനാൽ ആർ.സി.സിയിൽ നടക്കുന്ന ഓരോ വികസന പ്രവർത്തനങ്ങളും സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന വികസനം തന്നെയാണ്. എല്ലാ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ലോക നിലവാരത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് മെഡിക്കൽ കോളേജിലും നടക്കുന്നത്. ജനറൽ ആശുപത്രിയും തൈക്കാട് ആശുപത്രിയും കൂട്ടിയിണക്കി വരാൻ പോകുന്ന മെഡിക്കൽ കോളേജും തിരുവനന്തപുരത്തിന്റെ ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും എന്ന കാര്യം നിസ്തർക്കമാണ്.

## ടെക്നോപാർക്ക് കുതിക്കുന്നു, ഐടി ടൗൺഷിപ്പിലേക്ക്

ഒരു ആധുനിക നഗരത്തിന്റെ മുഖചരായ മാറ്റുന്നതിൽ മുഖ്യ സ്ഥാനം ഐടി മേഖലയ്ക്കാണ്. ആ അർഥത്തിൽ തിരുവനന്തപുരത്തിന്റെ മുഖച്ഛായ മാറ്റിയത് ഇന്ത്യയിലെ ആദ്യ വിവര സാങ്കേതിക സ്ഥാപനമായ ടെക്നോപാർക്കിന്റെ സ്ഥാനം വളരെ പ്രാധാന്യമർഹിക്കുന്നു. രാവും പകലും മിഴി തുറന്ന് ടെക്നോപാർക്കിലെ ടെക്കികൾ തീർത്ത ഐടി വിപ്ലവം ഇന്ന് കേരളത്തിന്റെ വിവരസാങ്കേതിക രംഗത്തെ സിരകളിൽ നിറച്ചിരിക്കുന്നത് നവോർജമാണ്. രജത ജൂബിലി ആഘോഷിക്കുന്ന ടെക്നോപാർക്കിന്റെ രണ്ടാം ഘട്ട/മൂന്നാംഘട്ട വികസനത്തിനായി സർക്കാർ ഏറ്റെടുത്ത 200 ഏക്കർ സ്ഥലത്ത് വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കഴിഞ്ഞ നാലു വർഷം കൊണ്ട് ടെക്നോപാർക്കിലെ കമ്പനികളുടെ എണ്ണം 226 ൽ നിന്നു 335 ആയി ഉയർന്നു. തൊഴിലവസരങ്ങൾ 28,000 ത്തിൽ നിന്നു 47,206 ആയി വർധിച്ചു. ഐടി സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ 21 ശതമാനം വളർച്ചയാണ് ഈ കാലയളവിൽ കൈവരിച്ചത്. 1400 കോടിയുടെ വിദേശ നിക്ഷേപ



തിരുവനന്തപുരത്തിന്റെ മുഖച്ഛായ മാറ്റിയത് ഇന്ത്യയിലെ ആദ്യ വിവര സാങ്കേതിക സ്ഥാപനമായ ടെക്നോപാർക്കാണ്. രാവും പകലും മിഴി തുറന്ന് ടെക്കികൾ തീർത്ത ഐടി വിപ്ലവം ഇന്ന് കേരളത്തിന്റെ വിവരസാങ്കേതിക രംഗത്തെ കുതിപ്പാണ്

ഫോട്ടോ: രമേഷ് ഐ & പി.ആർ.ഡി



മാണ് മൂന്നാം ഘട്ട വികസനത്തിനായി ലഭ്യമാക്കിയത്. കേരളത്തിലെ ഏറ്റവും വലിയ സംയോജിത ഐടി ടൗൺഷിപ്പായ ടെക്നോസിറ്റിയുടെ പ്രാഥമിക പ്രവർത്തനങ്ങളും പുരോഗമിക്കുമ്പോൾ ഒരു കാര്യം ഉറപ്പാണ്. ഇനി കേരളത്തിന്റെ ഐടി ഹബ്ബ് എന്ന സ്ഥാനത്തിന് അർഹത ടെക്നോപാർക്കിന് സ്വന്തം.

## അനന്തപുരിയുടെ വികസന കുതിപ്പുകൾ

രാജ്യത്തെ തന്നെ ഏറ്റവും മികച്ചതും വലുതുമായ കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം, നവീകരിച്ച സിനിമാ തിയേറ്ററുകൾ, നവീകരണം നടന്നുകൊണ്ടിരിക്കുന്ന ടാഗോർ തീയേറ്റർ, പഴമ നിലനിർത്തിക്കൊണ്ട് തന്നെ പുതിയ മുഖം നല്കിയ കനകക്കുന്ന് തുടങ്ങി കായിക, വിനോദ സഞ്ചാര മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിൽ ഭരണകൂടത്തിന്റെ ഇച്ഛാശക്തി പ്രകടമാക്കുകയാണ് എല്ലാ പദ്ധതികളും.

**വിമർശനത്തിന് മറുപടി നൽകി വിഴിഞ്ഞം തുറമുഖപദ്ധതി യാഥാർഥ്യമാവുകയാണ്. തിരുവനന്തപുരത്തിന്റെ ഖ്യാതി അന്താരാഷ്ട്രതലത്തിൽ എത്തുക മാത്രമല്ല നഗരം തന്നെ ആഗോള നിലവാരത്തിൽ വളരുകയാണ്**

സർക്കാരിന്റെ പ്രധാന വരുമാന സ്രോതസുകളിൽ ഒന്നാണ് വിനോദസഞ്ചാര മേഖല. അതുകൊണ്ടു തന്നെ ആ മേഖലയിലെ വികസന പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്തമാണ്. വിനോദ സഞ്ചാര മേഖലയിൽ ആകർഷകമായ ഒട്ടേറെ പദ്ധതികൾ യുഡിഎഫ് സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും നിരവധി നവീകരണ പ്രവർത്തനങ്ങളും സൗന്ദര്യവത്കരണ പദ്ധതികളും നടപ്പിലാക്കിക്കഴിഞ്ഞു. ആക്കുളം ടൂറിസ്റ്റ് വില്ലേജ് നവീകരണം, ശംഖുമുഖത്ത് ടേക് എ ബ്രേക് പദ്ധതി, കല്ലാറിൽ ടൂറിസ്റ്റ് ക്യാമ്പിങ്ങ് സെന്റർ, അത്യാധുനിക സാങ്കേതിക വിദ്യയോടെ നവീകരിച്ച പ്ലാനറ്റോറിയം, പഴമയുടെ പ്രൗഢി നിലനിർത്തിക്കൊണ്ട് നവീകരിച്ച കനകക്കുന്ന്, മറൈൻ അക്വേറിയം, തുടങ്ങി വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിലുള്ള നിരവധി പദ്ധതികൾ യുഡിഎഫ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.

## ക്രമ സമാധാന പാലനവും സുരക്ഷയും

ഭരണ സിരാകേന്ദ്രമായ തിരുവനന്തപുരം നഗരത്തിൽ ഗവർണറുടെയും മന്ത്രിമാരുടെയും നഗരവാസികളായ സാധാരണക്കാരുടെയും പല ആവശ്യങ്ങൾക്കായി തിരുവനന്തപുരത്തെത്തുന്ന ജനങ്ങളുടെയും അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും എത്തുന്ന വിനോദ സഞ്ചാരികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് തന്നെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാരും ആഭ്യന്തരവകുപ്പും അതീവ ശ്രദ്ധ കൊടുക്കുന്നുണ്ട്. ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, പുതിയ പോലീസ് സ്റ്റേഷനുകൾ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, ഓപ്പറേഷൻ കുബേര, സഫലം സാഭിമാനം, ഫയർ ആൻഡ് റെസ്ക്യൂ പുതിയ സ്റ്റേഷനുകൾ ഇങ്ങനെ സുരക്ഷയും സുരക്ഷിതത്വവും ഉറപ്പാക്കാനുള്ള പദ്ധതികളും പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.

മുട്ടത്തറ മത്സ്യവല നിർമാണശാല, വിഴിഞ്ഞം കാർഗോ ഹാർബർ, ഗുരുഗോപിനാഥ് മ്യൂസിയം തുടങ്ങി ചെറുതും വലുതുമായ പദ്ധതികൾ ഒരു കാര്യം തലസ്ഥാനവാസികളെ ഓർമിപ്പിക്കുന്നു. അത് മറ്റൊന്നുമല്ല. തിരുവനന്തപുരം ഇനി ചെറിയ നഗരമല്ല. അന്താരാഷ്ട്ര ഭൂപടത്തിലെ വെട്ടത്തിളങ്ങുന്ന സ്ഥാനത്ത് അനന്തപുരിയും ഇവിടുത്തെ വികസനവും ഉണ്ടാകും എന്നുതന്നെ. ■

ഫോട്ടോ: ആർ. രാജശേഖരൻ



മെട്രോ | സ്മാർട്ട് സിറ്റി | ഗ്യാസ് പൈപ്പ്ലൈൻ

# കൊച്ചി ഡബിൾ സ്മാർട്ട്

കൊച്ചി - കപ്പലോട്ടങ്ങളുടെയും അധിനിവേശങ്ങളുടെയും വിമോചന പോരാട്ടങ്ങളുടെയും ചരിത്രമുറങ്ങുന്ന മണ്ണ്. ലോക വാണിജ്യത്തിന്റെ ചരിത്രത്തിൽ പുരാതന കാലം മുതൽ മുദ്ര പതിപ്പിച്ച നഗരം. പടിഞ്ഞാറ് അറബിക്കടൽ അതിരിട്ട് കിഴക്ക് കാക്കനാടും കിഴക്കമ്പലവും വടക്ക് പറവൂരും തെക്ക് ജില്ലാതിർത്തിയായ അരൂർ കടന്ന് ചേർത്തലയിലേക്കുമെല്ലാം കൈകൾ വിടർത്തുകയാണ് കൊച്ചി. പുറങ്കടലിൽ പോലും കൊച്ചിയുടെ പദ്ധതികൾക്ക് നങ്കൂരമാകുമ്പോൾ, അറബിക്കടൽ പോലും കൊച്ചിയുടെ അതിരല്ലാതായി മാറുന്ന കാലമാണിത്.

മെട്രോ റെയിലിലും സ്മാർട്ട് സിറ്റിയിലും തുടങ്ങി ഇലക്ട്രോണിക് പാർക്കും ഗ്യാസ്, പൈപ്പ്ലൈനും വരെ വ്യാപിക്കുന്ന പദ്ധതികൾ കൊച്ചിക്ക് നൽകുന്നത് ആധുനികതയുടെ പുതിയ മുഖമാണ്. സ്മരണകളിൽ തങ്ങി നിൽക്കാതെ പുതിയ ചരിത്രം കുറിച്ച് കുതിക്കുന്ന നഗരമാണ് ഇന്നത്തെ കൊച്ചി. വിവിധ മേഖലകളെ സഹകരിപ്പിച്ച് പൊതു, സ്വകാര്യ പങ്കാളിത്തത്തിന്റെ സാധ്യതകളിലൂന്നി കൊച്ചി കുതിക്കുമ്പോൾ അത് ആസൂത്രണമികവിനും കലവറയില്ലാത്ത സർക്കാർ പിന്തുണയ്ക്കുമുള്ള സാക്ഷ്യപത്രമാകുന്നു.

എറണാകുളം ജില്ലയുടെ ആസ്ഥാനമായ കൊച്ചിയുടെ വികസനം ജില്ലയുടെ സമഗ്ര വികസനത്തിന് ആണിക്കല്ലാണ്. അല്ലെങ്കിൽ വലിയൊരു വികസന വിസ്ഫോടനത്തിന്റെ കേന്ദ്രബിന്ദുവാകുകയാണ് കൊച്ചി. തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരും ഹൈറേഞ്ചിന്റെ കവാടമായ കോതമംഗലവുമെല്ലാം ഈ വികസനത്തിന്റെ സദ്ഫലങ്ങളാണ്. മെട്രോ റെയിലും വിദൂരഗ്രാമങ്ങളെ പോലും നഗരവുമായി ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളും അടങ്ങുന്ന

**നിജാസ് ജ്യുവൽ**




> **മെട്രോ റെയിലിലും സ്മാർട്ട് സിറ്റിയിലും തുടങ്ങി ഇലക്ട്രോണിക് പാർക്കും ഗ്യാസ്, പൈപ്പ്ലൈനും വരെ വ്യാപിക്കുന്ന പദ്ധതികൾ കൊച്ചിക്ക് നൽകുന്നത് ആധുനികതയുടെ പുതിയ മുഖമാണ്. സ്മരണകളിൽ തങ്ങി നിൽക്കാതെ പുതിയ ചരിത്രം കുറിച്ച് കുതിക്കുന്ന നഗരമാണ് ഇന്നത്തെ കൊച്ചി**

അടിസ്ഥാന സൗകര്യ വികസനം സമയത്തിന്റെയും ദൂരത്തിന്റെയും പരിമിതികൾ മറികടന്ന് സമഗ്ര വളർച്ചയിലേക്കാണ് ജില്ലയെ നയിക്കുന്നത്.

## മെട്രോ റെയിൽ

കൊച്ചി നഗരത്തിന്റെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന മെട്രോ റെയിൽ പദ്ധതിയിൽ മെട്രോ ട്രെയിനുകളുടെ ചൂളംവിളിയ്ക്ക് ഇനി മാസങ്ങൾ മാത്രം. 2016 ജൂണിൽ പദ്ധതിയുടെ ആദ്യഘട്ടം കമ്മിഷൻ ചെയ്യും. ജനുവരിയോടെ ട്രയൽ റൺ ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ദിനരാത്രങ്ങൾ ഭേദമില്ലാതെ മെട്രോയുടെ നിർമാണ പ്രവർത്തനങ്ങൾ മുന്നോട്ടു കുതിക്കുന്നത്. ജില്ലാ ഭരണകൂടം, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ), ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ എന്നിവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനവും മുഖ്യമന്ത്രി അടക്കം സംസ്ഥാന ഭരണ നേതൃത്വം നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകളുമാണ് വികസനചരിത്രത്തിൽ മെട്രോ റെയിൽ പദ്ധതിയെ ഉത്തമമാതൃകയാക്കി മാറ്റിയിരിക്കുന്നത്.

കൊച്ചിയിൽ വികസന പ്രഭ പരത്തി ആലുവ മുതൽ തൃപ്പൂണിത്തുറ വരെയാണ് ആദ്യഘട്ടത്തിൽ മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നത്. ഇതിൽ ആലുവ മുതൽ എറണാകുളം എം.ജി റോഡിൽ മഹാരാജാസ് കോളേജ് ഗ്രൗണ്ട് വരെയുള്ള നിർമാണ പ്രവർത്തനങ്ങൾ വേഗം മുന്നേറുകയാണ്. എറണാകുളം സൗത്ത് മുതൽ വൈറ്റില വരെയുള്ള ഭാഗത്തും മെട്രോയുടെ തൂണുകൾ ഉയരുന്നു. വൈറ്റിലയിൽ നിന്നും തൃപ്പൂണിത്തുറ വരെയുള്ള സ്ഥലമെടുപ്പിനും നടപടികളായി. ആദ്യഘട്ടം പൂർത്തിയാകുന്നതിനൊപ്പം നെടുമ്പാശ്ശേരിയിലേക്കും കാക്കനാട്ടേക്കും മെട്രോയുടെ ചിറകുകൾ നീട്ടുന്നതിനുള്ള പദ്ധതികൾക്കും സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ആലുവ മുതൽ തൃപ്പൂണിത്തുറ വരെ 26 കിലോമീറ്റർ ദൈർഘ്യമുള്ള മെട്രോ പാതയ്ക്ക് 5182 കോടി രൂപയാണ് പദ്ധതിച്ചെലവ്. മെട്രോ റെയിലും റോഡ്, ജല ഗതാഗത മാർഗങ്ങളും സമന്വയിപ്പിക്കുന്ന സമഗ്ര പരിഷ്കരണമാണ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കായലുകളും അതുമായി ബന്ധിപ്പിക്കപ്പെട്ട തോടുകളുടെയും പുഴകളുടെയും ശൃംഖലയുമുള്ള കൊച്ചിയിൽ ഇവ പരമാവധി പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം. ആധുനിക ജലയാനങ്ങൾ, ബോട്ട് ജെട്ടികളുടെ നവീകരണം, മെട്രോ സ്റ്റേഷനുകളും ജെട്ടികളും തമ്മിൽ ബന്ധിപ്പിക്കൽ എന്നിവയാണ് ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നത്.

## സ്മാർട്ട് സിറ്റി

ഐ.ടി ചക്രവാളത്തിൽ കേരളത്തെ ആഗോളശ്രദ്ധാ കേന്ദ്രമാകുന്ന സ്മാർട്ട് സിറ്റി പദ്ധതിയിൽ ആദ്യകെട്ടിടത്തിന്റെ നിർമാണം അന്തിമഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിന് കൂടി ഓഹരി പങ്കാളിത്തമുള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സർക്കാരും പ്രമോട്ടർമാരായ ദുബായ് ടീകോമും അടങ്ങുന്ന പ്രത്യേക സമിതി തന്നെ പ്രവർത്തിക്കുന്നു. കാക്കനാട് കടമ്പ്രയാറിന്റെ കരയിൽ ഇൻഫോപാർക്കിന് എതിർവശം ഉയരുന്ന ഈ ആധുനിക നഗരം കേരളത്തിന്റെ വികസനക്കുതിപ്പിൽ സുപ്രധാന



മാകുകയാണ്. ഐ.ടി വ്യവസായ ങ്ങളുടെയും അനുബന്ധ വ്യവസായങ്ങളുടെയും ആഗോള ലക്ഷ്യ സ്ഥാനങ്ങളിലൊന്നായി ഇതോടെ കേരളം മാറും.

മൊത്തം 246 ഏക്കർ വിസ്തൃതിയിലാണ് സ്മാർട്ട് സിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. അമ്പത് ഏക്കർ സ്ഥലത്ത് 15 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിലാണ് ആദ്യഘട്ടം. ഇതിൽ ഒൻപത് ലക്ഷം ചതുരശ്ര അടി സ്ഥലം ഐ.ടി. വ്യവസായത്തിനും ആറ് ലക്ഷം ഐ.ടി. ഇതര പ്രവർത്തന ങ്ങൾക്കുമായിരിക്കും. ആറ് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടമാണ് ഇപ്പോൾ ഉദ്ഘാടനത്തിനൊരുങ്ങുന്നത്. ആദ്യഘട്ടത്തിൽ 20,000 തൊഴിലവസരങ്ങൾ സ്മാർട്ട് സിറ്റിയിലുണ്ടാകും.

## കൊച്ചി റിഫൈനറി

## വികസനം

ബിപിസിഎൽ കൊച്ചി റിഫൈനറിയിലെ സംയോജിത വികസന പ്രവർത്തനങ്ങൾ 2016 ഏപ്രിലിൽ പൂർത്തിയാകും. വികസനം പൂർത്തിയാകുമ്പോൾ എണ്ണശുദ്ധീകരണശേഷി പ്രതിവർഷം 90 ലക്ഷം ടണ്ണിൽ നിന്നും 150 ലക്ഷം ടണ്ണിലെത്തും. പെട്രോകെമിക്കൽ പാർക്കിന്റെയും സേലവുമായി ബന്ധിപ്പിക്കുന്ന പൈപ്പ്ലൈൻ പദ്ധതിയുടെയും ജോലികൾ ഒക്ടോബറിൽ ആരംഭിക്കും. 2018 ജൂണിൽ പെട്രോകെമിക്കൽ പാർക്കിന്റെ ജോലികൾ പൂർത്തിയാക്കുകയാണ് ലക്ഷ്യം. റിഫൈനറിയുടെ വികസനം പൂർത്തിയാകുന്നതോടെ ലഭ്യമാകുന്ന പ്രൊപലിൻ വാതകം ഉപയോഗിച്ച് വൻ വ്യവസായ സാധ്യതയുള്ള അസംസ്കൃത പദാർത്ഥങ്ങൾ ഉത്പാദിപ്പിക്കാൻ റിഫൈനറിക്ക് കഴിയും. ഉപോത്പന്നമായ പെറ്റ്കോക്ക്, കൽക്കരിക്ക് ബദലായ ഇന്ധനമായി വൈദ്യുതോത്പാദനത്തിന് ഉപയോഗിക്കാനാകുമെന്നതാണ് മറ്റൊരു സവിശേഷത.




## സിയാലിന് സൗരോർജപ്രഭ

പൊതു-സ്വകാര്യ പങ്കാളിത്തത്തിലുള്ള രാജ്യത്തെ ആദ്യത്തെ വിമാനത്താവളമായ നെടുമ്പാശ്ശേരിയിലെ കൊച്ചി രാജ്യാന്തര വിമാനത്താവളം (സിയാൽ) ഊർജാവശ്യം നിറവേറ്റുന്നതിൽ സ്വയംപര്യാപ്തത കൈവരിച്ചു. വിമാനത്താവളത്തിന്റെ കൈവശമുള്ള സ്ഥലത്ത് സൗരോർജ പ്ലാന്റ് സ്ഥാപിച്ച് 12 മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്. സ്വന്തം ആവശ്യത്തിനുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പുറമെ അധികമുള്ള വൈദ്യുതി പൊതുവിതരണ ശൃംഖലയിലേക്ക് കൊടുക്കാനും ഇതോടെ സിയാലിന് കഴിയും.

സംസ്ഥാനത്ത് സർക്കാർ മുതൽ മുടക്കിയ പദ്ധതികളിൽ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്നവയിലൊന്നാണ് സിയാൽ. നൂറു കോടി രൂപ മുടക്കിയ സ്ഥാനത്ത് 168 കോടി രൂപ തിരികെ ലഭിച്ചു കഴിഞ്ഞു. 64 ലക്ഷം യാത്രക്കാരാണ് കഴിഞ്ഞ വർഷം നെടുമ്പാശ്ശേരി വഴി കടന്നു പോയത്. ഈ വർഷം 75 ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. ആയിരം കോടി രൂപ ചെലവിൽ നിർമിക്കുന്ന പുതിയ ടെർമിനൽ അടുത്ത വർഷം മെയ് മാസത്തോടെ പ്രവർത്തനസജ്ജമാകും.

## സിറ്റി ഗ്യാസ് പൈപ്പ്ലൈൻ പ്രൊജക്ട്

നഗരത്തിലെ വീടുകളിലും ഹോട്ടലുകളിലും പൈപ്പ്ലൈൻ വഴി പാചകവാതകം എത്തിക്കുന്നതാണ് പദ്ധതി. വീടുകളിലേക്കും മറ്റും നേരിട്ട് പ്രകൃതിവാതകം എത്തുന്നതോടെ പാചകവാതക ക്ഷാമത്തിന് പരിഹാരമാകും. ഒപ്പം വിലകുറഞ്ഞ ഇന്ധനം മുടക്കമില്ലാതെ ലഭിക്കുമെന്ന നേട്ടവുമുണ്ട്. പുതുവൈപ്പിനിലെ എൽ.എൻ.ജി ടെർമിനലിൽ നിന്നുള്ള പ്രകൃതി വാതകമാണ് സിറ്റി ഗ്യാസ് പൈപ്പ്ലൈനിനായി പ്രയോജനപ്പെടുത്തുന്നത്.

## ഇലക്ട്രോണിക് പാർക്ക്

ആമ്പല്ലൂരിന് സമീപം ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കിനുള്ള പ്രവർത്തനങ്ങൾക്ക് കേരള വ്യവസായ വികസന



കോർപറേഷൻ തുടക്കം കുറിച്ചു കഴിഞ്ഞു. ഇലക്ട്രോണിക് മേഖലയിൽ ഉത്പാദന യൂണിറ്റുകളും ഗവേഷണ വികസന പദ്ധതികളും തുടങ്ങുന്നതിന് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. സെമി കണ്ടക്ടറുകൾ , ഇലക്ട്രോണിക് ഘടകങ്ങൾ എന്നീ മേഖലകളിൽ രൂപകല്പന, ഉത്പാദനം, ഗവേഷണം, വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന കമ്പനികൾക്ക് ഇവിടെ സ്ഥലമനുവദിക്കും.

## പുതുവൈപ്പ് ഓഷ്യനേറിയം

ഗവേഷണ സൗകര്യങ്ങളോടു കൂടി അനേകം സമുദ്രജീവികളെ ഉൾക്കൊള്ളിച്ചു കൊണ്ട് അത്യാധുനിക സൗകര്യങ്ങളോടെ ലോകനിലവാരത്തിലുള്ള ഒരു ജലാന്തര അക്വേറിയം സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഇന്ത്യയിലെ പ്രഥമ സംരംഭമായിരിക്കും ഇത്. സംസ്ഥാനത്തെ ടൂറിസം സാദ്ധ്യതകൾ മുതലെടുക്കുന്നതിനും സമുദ്ര സംബന്ധമായ ഗവേഷണങ്ങൾ നടത്തുന്നതിനും ഓഷ്യനേറിയം സഹായകമാകും.

## ബങ്കറിംഗ് ടെർമിനൽ

രാജ്യാന്തര സമുദ്രപാതയിലൂടെ പോകുന്ന കപ്പലുകൾക്ക് ഇന്ധനം നിറയ്ക്കാൻ സൗകര്യമൊരുക്കുന്നതായിരിക്കും പുതുവൈപ്പിനിലെ നിർദ്ദിഷ്ട ബങ്കറിംഗ് ടെർമിനൽ. വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, അന്താരാഷ്ട്ര ക്രൂയിസ് ടെർമിനൽ എന്നിവ സജ്ജമാകുന്നതോടെ കൊച്ചിയിൽ പ്രതിവർഷം നൂറുകണക്കിന് വിദേശ കപ്പലുകൾ എത്തുമെന്നാണ് കണക്കാക്കുന്നത്. തീരത്തെത്തിയും പുറങ്കടലിലും ഇന്ധനം നിറക്കാൻ കപ്പലുകൾക്ക് സൗകര്യമുണ്ടാകും.

പുതുവൈപ്പിനിലെ തുറമുഖാധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖലയിലാണ് ടെർമിനൽ നിർമിക്കുക. പദ്ധതിക്ക് ആവശ്യമായ ഭൂമി തുറമുഖ ട്രസ്റ്റ് നൽകും. 200 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ആദ്യ ഘട്ടത്തിൽ 20 ലക്ഷം ടൺ ശേഷിയായിരിക്കും ഇതിന് ഉണ്ടാവുക. പിന്നീടിത് 50 ലക്ഷം ടണ്ണായി ഉയർത്തും. കപ്പലുകൾക്ക് നങ്കൂരമിടാനുള്ള ജെട്ടി, ഇന്ധന ടാങ്കുകൾ എന്നിവ അടങ്ങിയതായിരിക്കും ബങ്കറിങ് ടെർമിനൽ. ഇന്ധനത്തിന് പുറമെ, കപ്പലുകൾക്ക് വെള്ളം നിറയ്ക്കാനും സ്പെയർ പാർട്സുകൾ വാങ്ങാനുമുള്ള സൗകര്യം ഇവിടെ ഒരുക്കും.

## പുരസ്കാരനിറവിൽ സ്റ്റാർട്ടപ്പ് വില്ലേജ്

മൂന്ന് വർഷം കൊണ്ട് കേരളത്തിൽ സംരംഭകത്വ വിപ്ലവം സൃഷ്ടിച്ച കൊച്ചി സ്റ്റാർട്ടപ്പ് വില്ലേജ് പുരസ്കാര നിറവിലാണിപ്പോൾ. ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററിനുള്ള ദേശീയ പുരസ്കാരമാണ് കളമശ്ശേരി കിൻഫ്ര പാർക്കിലെ സ്റ്റാർട്ടപ്പ് വില്ലേജിന് ലഭിച്ചത്. പൊതുസ്വകാര്യ മാതൃകയിൽ 2012 ഏപ്രിലിൽ ആരംഭിച്ച പ്രഥമ ടെക്നോളജി ബിസിനസ് ഇൻക്യുബേറ്ററായ സ്റ്റാർട്ടപ്പ് വില്ലേജ് കേന്ദ്ര സർക്കാറിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പ്, തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി മോബ്മി വയർലെസ് സൊല്യൂഷൻസ് എന്നിവയുടെ



സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്.

കൊച്ചി ഉയരുകയാണ്,വികസന ചക്രവാളത്തിൽ പുതിയ മാർഗം തെളിച്ച്. ഇന്ത്യയിലെ മറ്റേതൊരു നഗരത്തിനും പുതിയ മാതൃക സൃഷ്ടിച്ച അറബിക്കടലിന്റെ അരികിലെ ഈ സുന്ദര നഗരം മിന്നുന്ന വേഗതയിലാണ് പുതിയ ലോകത്തിന് അത്ഭുതം സൃഷ്ടിച്ച് മുന്നേറുന്നത്. ഇത് ചെറിയ മുന്നേറ്റമല്ല; കാലത്തിന് എന്നും കണക്കിൽ സൂക്ഷിക്കാൻ കൊച്ചിയുടെ സംഭാവനയാണ്. ■





സ്മാർട്ട് സിറ്റി | മൊബിലിറ്റി ഹബ്ബ് | ലൈറ്റ് മെട്രോ

# ഇമ്മിണി ബല്യ കോഴിക്കോട്

വി.ടി. അബ്ദുൾ കരീം



മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് നഗരം വികസനത്തിന്റെ പുതുവഴികളിലൂടെയുള്ള കുതിപ്പിലാണ്. ജീവിത നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി പുരോഗതിയുടെ ഏത് സൂചകങ്ങളെടുത്താലും ഈ ചരിത്രനഗരം അടുത്തകാലത്തായി ഏറെ മുന്നേറിയെന്നു കാണാനാകും.

പുതിയ റോഡുകൾ, പാലങ്ങൾ, വിദ്യാലയങ്ങൾ, ആതുരസേവാ കേന്ദ്രങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ... ഇങ്ങനെ നീളുന്നു നേട്ടങ്ങളുടെ പട്ടിക. അതെ, കോഴിക്കോട് വികസിക്കുകയാണ്; കേരളത്തോടൊപ്പം.


> **പുതിയ റോഡുകൾ, പാലങ്ങൾ, വിദ്യാലയങ്ങൾ, ആതുരസേവാ കേന്ദ്രങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ... . അതെ, കോഴിക്കോട് വികസിക്കുകയാണ്; കേരളത്തോടൊപ്പം**

വർഷങ്ങളായി ഗതാഗതത്തിരക്കു മൂലം വീർപ്പുമുട്ടുകയായിരുന്നു നഗരത്തിന്റെ പാതകളത്രയും. കോഴിക്കോടിന്റെ ഉപഗ്രഹ നഗരമായ രാമനാട്ടുകരയിൽ നിന്ന് തുടങ്ങി 28.124 കിലോമീറ്റർ നീളത്തിൽ വെങ്ങളത്ത് അവസാനിക്കുന്ന നാഷണൽ ഹൈവേ ബൈപ്പാസ് നഗരത്തിന്റെയും ജില്ലയുടെ തന്നെയും ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും എല്ലാ സ്ട്രെച്ചും പൂർത്തിയാവാത്തതു കാരണം ഫലത്തിൽ അതിന്റെ ഗുണം പൂർണതോതിൽ ലഭിച്ചിരുന്നില്ല.

ഇപ്പോഴിതാ കേരള ചരിത്രത്തിലാദ്യമായി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ബൈപ്പാസിന്റെ അവസാന സ്ട്രെച്ചായ പൂളാടിക്കുന്ന്-വെങ്ങളം റോഡ് പൂർത്തിയാകുന്നു. മലബാറിലെ ഏറ്റവും വലിയ പാലമുൾപ്പെടെ മൂന്നു വർഷം കൊണ്ട് തീർക്കേണ്ട പണി 15 മാസം കൊണ്ട് പൂർത്തീകരിച്ച് ഡിസംബറോടെ ബൈപ്പാസ് പൂർണാർത്ഥത്തിൽ ഗതാഗതയോഗ്യമാവുന്നതോടെ നഗരറോഡുകൾക്ക് ശരിക്കും ശ്വാസംവിടാനാകും.

256 കോടി രൂപ ചെലവിൽ കോഴിക്കോട് നഗരത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ആറ് റോഡുകളുടെ നിർമ്മാണത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റിങ് സൊസൈറ്റിയുമായി ഇതിനകം കരാറായിക്കഴിഞ്ഞു. സ്റ്റേഡിയം-പുതിയറ, കോവൂർ-വെള്ളിമാടുകുന്ന്, ഗാന്ധിറോഡ്-മിനി ബൈപ്പാസ്, പനാത്ത് താഴം-സി.ഡബ്ല്യു.ആർ.ഡി.എം, കാരപ്പറമ്പ്-കല്ലുത്താൻകടവ്, ഫ്രാൻസിസ് റോഡ്ജംങ്ഷൻ -മാങ്കാവ് റോഡ് ജംങ്ഷൻ റോഡുകളാണ് നവീകരിക്കുന്നത്. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡും വികസിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു.

കോഴിക്കോട് നഗരത്തിന്റെ അരികുചേർന്ന് ബംഗ്ലാദേശ് കോളനിയെന്ന ചേരിപ്രദേശം നിലനിന്നിരുന്നു. ജീവിതനിലവാരം നന്നേ മോശമായ ഈ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റാൻ ഈ സർക്കാരിനു സാധിച്ചു.







സ്മാർട്ട് സിറ്റി, ലൈറ്റ് മെട്രോ, മൊബിലിറ്റ് ഹബ്, രണ്ട് ഫ്ളൈ ഓവറുകൾ തുടങ്ങിയവ നടപ്പാവുന്നതോടെ എല്ലാ രംഗത്തും മികച്ച പുരോഗതിയാണ് ജില്ല കൈവരിക്കുന്നത്

സർക്കാരിന്റെ ആദ്യ 100 ദിന പരിപാടികളിലൊന്നായിരുന്നു ഈ ചേരിയുടെ നവീകരണം. അങ്ങനെയാണ് ഒന്നാം ഘട്ടമായി 15 കോടി രൂപ ചെലവിൽ പ്രദേശത്ത് 215 വീടുകൾ സർക്കാർ നിർമിച്ചു നൽകിയത്. ഇന്നിപ്പോൾ പ്രദേശം അറിയപ്പെടുന്നത്, ശാന്തിനഗർ മാതൃകാഗ്രാമം എന്നാണ്.

വർഷങ്ങളായി അടഞ്ഞുകിടന്നിരുന്ന തിരുവങ്ങൂർ നാളികേര ഫാക്ടറിയിൽ ഇനി ആളനക്കമുണ്ടാവുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ ഇവിടെ 57.5 കോടി രൂപ ചെലവിൽ ഒരു അത്യാധുനിക കാലിത്തീറ്റ ഫാക്ടറി പ്രഖ്യാപിക്കുകയും നിർമാണം ഏറെക്കുറെ പൂർത്തീകരിക്കുകയും ചെയ്തു.

കല്ലായിപ്പുഴയുടെ ഇരുകരകളെയും ബന്ധിപ്പിക്കാൻ 19 വർഷം മുമ്പ് അഴിമുഖത്തിനടുത്ത് കോതിയിൽ ഒരു പാലം നിർമിച്ചെങ്കിലും പലതടസ്സങ്ങൾ കാരണം അപ്രോച്ച് റോഡ് പൂർത്തിയാകാതെ പാലം നോക്കുകുത്തിയായി നിൽക്കുകയായിരുന്നു. ഈ സർക്കാർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കുകയും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം പോലും ഉറപ്പാക്കി അപ്രോച്ച് റോഡ് നിർമിക്കുകയും ചെയ്തു. നിർദിഷ്ട തീരദേശ പാതയുടെ പ്രധാനതടസ്സങ്ങളിലൊന്നാണ് ഇതോടെ നീങ്ങിയത്.

ആയുസ്സിന്റെ നല്ലൊരു ഭാഗം റെയിൽവേ ക്രോസിങ്ങിനപ്പുറവും ഇപ്പുറവും കാത്തുനിന്ന് തീർക്കേണ്ടി വരുന്ന ദുരവസ്ഥയായിരുന്നു പതിറ്റാണ്ടുകളായി മാറാട്, പയ്യാനക്കൽ പ്രദേശത്തുകാർക്ക്. ഇവരുടെ ദീർഘകാലത്തെ സ്വപ്നത്തിന് സാക്ഷാത്കാരമായി 76.1 കോടി രൂപ ചെലവിൽ പന്നിയങ്കരയിൽ മേൽപാലം പണി പുരോഗമിക്കുകയാണിപ്പോൾ.

നഗരത്തിന്റെ അഭിമാനമായി കെ.എസ്.ആർ.ടി.സി ടെർമിനൽ തലയുയർത്തി നിൽക്കുകയാണിന്ന്. പ്രവൃത്തി നേരത്തേ ആരംഭിച്ചുവെങ്കിലും പൂർത്തിയാക്കാനാവാതെ കിടന്ന അവസ്ഥയിൽ നിന്നാണ് സമുച്ചയത്തിന്റെ പണി എളുപ്പത്തിൽ തീർത്തതും ഗതാഗതത്തിന് തുറന്നുകൊടുത്തതും.

30 ലക്ഷത്തിലധികം പേർ അധിവസിക്കുന്ന ജില്ലയുടെ പലഭാഗങ്ങളിലും, പ്രത്യേകിച്ച് നഗരത്തിലും കുടിവെള്ളം എന്നുമൊരു പ്രശ്നമായിരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതി വർഷങ്ങൾക്കു മുമ്പ് തുടങ്ങിയിരുന്നെങ്കിലും പ്രവൃത്തി വേഗത്തിലായതും കമ്മീഷൻ ചെയ്തതും ഈ സർക്കാരിന്റെ കാലത്താണ്. 805.6 കോടി രൂപ ചെലവിൽ നിർമിച്ച പദ്ധതി പൂർണമായും പ്രവർത്തനസജ്ജമാവുന്നതോടെ 12 ലക്ഷം പേർക്ക് ശുദ്ധജലമെത്തിക്കാനാവും.

ഒരു നിയോജകമണ്ഡലത്തിൽ ഒരു കോളേജ് എന്ന സ്കാർ തീരുമാനത്തിന്റെ ഭാഗമായി നാദാപുരം, കൊടുവള്ളി, ബാലുശ്ശേരി, കുന്ദമംഗലം എന്നിവിടങ്ങളിൽ നാല് കോളേജുകൾ ആരംഭിക്കാനായത് ജില്ലയെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമായ നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്.

75 ശതമാനത്തിലേറെ പണി പൂർത്തിയായി 39.75 കോടിയുടെ വെള്ളയിൽ ഫിഷിങ് ഹാർബർ പദ്ധതി പ്രദേശത്തെ ആയിരക്കണക്കിന് മൽസ്യത്തൊഴിലാളി കുടുംബങ്ങളിൽ മാറ്റത്തിന്റെ കാറ്റു വീശും.

വ്യവസായ വാണിജ്യ വകുപ്പിന്റെ സഹകരണത്തോടെ 250 കോടി രൂപ മുതൽമുടക്കിൽ ജില്ലാ വ്യവസായ കേന്ദ്രം ആരംഭിക്കുന്ന 1350 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ വഴി 7,500 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. കഴിഞ്ഞ നാലു വർഷത്തിനിടയിൽ 521 കോടി രൂപ ചെലവിൽ 4623






യൂണിറ്റുകൾ ആരംഭിച്ച് 24,674 പേർക്ക് തൊഴിൽ നൽകാനായതിന്റെ ആത്മവിശ്വാസത്തിലാണ് വകുപ്പ്.

ജീവകാരുണ്യ രംഗത്ത് ജില്ല കൈവരിച്ച നേട്ടം അസൂയാവഹമാണ്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ മേളകൾ, ജനസഭകൾ എന്നിവ നടത്തി പതിനായിരങ്ങൾക്കാണ് കോടികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തത്. ഭിന്നശേഷിയുള്ളവർക്കും സ്ത്രീകൾക്കുമാണ് ഇവ ഏറെ പ്രയോജനം ചെയ്തത്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പാവങ്ങൾക്ക് സൗജന്യമായി വീട് വച്ചുനൽകുന്ന പദ്ധതി സംസ്ഥാനത്തിനാകെ മാതൃകാപരമാണ്.

രാജ്യത്തെ ആദ്യത്തെ ജെന്റർ പാർക്കും ദക്ഷിണേന്ത്യയിലെ ഏക കംപോസിറ്റ് റീജിയണൽ സെന്ററും സ്ഥാപിച്ച് സാമൂഹ്യക്ഷേമ മേഖലയിൽ കോഴിക്കോട് ജില്ല ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചത്. 15 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പാർക്ക് വെള്ളിമാടുകുന്ന് ജുവനൈൽ ഹോം ക്യാമ്പസിലാണ് ഒരുങ്ങുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും മെച്ചപ്പെട്ട സാമൂഹിക സുരക്ഷ ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് സ്ഥാപിക്കുന്ന പാർക്ക് വൻമാറ്റമാണ് സമൂഹത്തിൽ സൃഷ്ടിക്കുക.

18 കോടി രൂപ ചെലവിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മലബാർ കൾച്ചറൽ കോംപ്ലക്സിന് രണ്ടേക്കർ സ്ഥലം അനുവദിക്കാനുള്ള സർക്കാർ തീരുമാനം മലബാറിന്റെ സാംസ്കാരിക തലസ്ഥാനത്തിന് അർഹിച്ച അംഗീകാരമായി.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിക്കപ്പെട്ട സ്മാർട്ട് സിറ്റി, ലൈറ്റ് മെട്രോ, മൊബിലിറ്റി ഹബ്, രണ്ട് ഫ്ളൈഓവറുകൾ തുടങ്ങിയവ നടപ്പാവുന്നതോടെ എല്ലാ രംഗത്തും മികച്ച പുരോഗതിയാണ് ജില്ല കൈവരിക്കുന്നത്. ■



## ഇന്ത്യൻ സിനിമയിൽ ഇതിഹാസമായി മാറിയ പഥേർ പാഞ്ചാലി റിലീസ് ചെയ്തിട്ട് 60 വർഷം



# അനശ്വരമീ പാതയാം സംഗീതം...

1955 ഇന്ത്യൻ സിനിമയുടെതലവര മാറിയ വർഷമാണ്. സിനിമയുടെതലവര വെറുതേയങ്ങ് മാറുകയായിരുന്നില്ല. കൊൽക്കത്തക്കാരനായ സത്യജിത് റേ പഥേർ പാഞ്ചാലി എന്ന തന്റെ ആദ്യസിനിമയിലൂടെ അത് മാറ്റിയെഴുതുകയായിരുന്നു. ലോകസിനിമാ ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം കറുപ്പിലും വെളുപ്പിലും അടയാളപ്പെടുത്താനും പഥേർ പാഞ്ചാലിക്ക് (പാതയുടെ സംഗീതം) കഴിഞ്ഞു.

ഈ ചിത്രം പുറത്തിറങ്ങുന്നതിന് മുമ്പ് ഇന്ത്യയിൽ ധാരാളംസിനിമകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. അവയിലധികവും നാടകത്തിന്റെ വാർപ്പു മാതൃകകളിൽസൃഷ്ടിക്കപ്പെട്ട കെട്ടുകാഴ്ചകളായിരുന്നു. ഒരു സ്വതന്ത്ര കലാരൂപമെന്ന നിലയിലോ മാധ്യമമെന്ന നിലയിലോയുള്ള സിനിമയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ ഇവ പരാജയപ്പെട്ടു. ജീവിതവുമായികാര്യമായ ബന്ധമില്ലാത്ത ഇതിവൃത്തങ്ങളിലൂടെയും അതിഭാവുകത്വം നിറഞ്ഞ അഭിനയത്തിലൂടെയും അവ പ്രേക്ഷകരെ രണ്ടുരണ്ടര മണിക്കൂർസ്വപ്നാടനം ചെയ്യിച്ചു. ഇതെല്ലാമാണ് സിനിമയെന്ന് കരുതിയിരുന്നവരുടെമുന്നിലേക്കാണ് റേ പഥേർ പാഞ്ചാലിയുമായി എത്തിയത്.

ഇന്ത്യൻ സിനിമാ പ്രേക്ഷകർക്ക് അതുവരെ പരിചിതമല്ലാതിരുന്ന പ്രമേയവും ലളിതമായ അവതരണ ശൈലിയുമായിരുന്നു പഥേർ പാഞ്ചാലിയുടെ സവിശേഷത. ഒരു ബംഗാളി ഗ്രാമത്തിലെ ദരിദ്ര കുടുംബത്തെ ചുറ്റിപ്പറ്റിയാണ് സിനിമയുടെ കഥ വികസിക്കുന്നത്. അവിടെ നാം കാണുന്ന മനുഷ്യരിലോ ജീവിതത്തിലോ സിനിമയുടെ കടുംചായങ്ങൾ ഒട്ടും പുരണ്ടിട്ടില്ല. സിനിമയിൽ മിന്നിമറയുന്ന കഥാപാത്രങ്ങൾ മാത്രമല്ല പാമ്പും പട്ടിയും പൂച്ചയും പോലും അഭിനയിക്കുകയാണെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. അത്രയ്ക്ക് സ്വാഭാവികമാണ് പഥേർ പാഞ്ചാലിയിലെ ഓരോ നിമിഷവും. കൊട്ടകകളിൽ അന്നുവരെ ആടിപ്പാടിക്കൊണ്ടിരുന്ന പണംവാരിപ്പടങ്ങൾക്ക് അന്യമായിരുന്നു ഇവയെല്ലാം. അതുകൊണ്ട് തന്നെ ബഹുഭൂരിപക്ഷം കാണികൾക്കും പഥേർ പാഞ്ചാലിയിലെ കാഴ്ചകൾ തുടക്കത്തിൽ രുചിച്ചില്ലെന്ന് വേണം കരുതാൻ.



സത്യജിത് റേ

എന്നാൽ വിദേശരാജ്യങ്ങളിൽ പഥേർ പാഞ്ചാലിക്കും സത്യജിത് റേക്കും ആവേശോജ്ജ്വല വരവേൽപ്പാണ് ലഭിച്ചത്. ഇന്ത്യയുടെ മറ്റൊരു മുഖം അവർക്ക് മുന്നിൽ തുറന്നുവയ്ക്കാൻ പഥേർ പാഞ്ചാലിക്ക് കഴിഞ്ഞു. കാൻ ഫെസ്റ്റിവലിലെ ബെസ്റ്റ്ഹ്യൂമൺ ഡോക്യുമെന്റ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ഈ ചലച്ചിത്രത്തിന് ലഭിച്ചു. 60 വർഷങ്ങൾക്ക് ശേഷം

സ്മിതേഷ് എസ്.

ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ അടുത്തിടെവീണ്ടും പഥേർ പാഞ്ചാലി പ്രദർശിപ്പിച്ചിരുന്നു. 4കെ ക്വാളിറ്റിയിൽ വീണ്ടെടുത്ത പതിപ്പാണ് ഇവിടെകാണികൾക്ക് മുന്നിലെത്തിയത്. കഴിഞ്ഞുപോയ ആറ് പതിറ്റാണ്ടുകൾ പഥേർ പാഞ്ചാലിയുടെ സൗന്ദര്യത്തിന് ഒരു കുറവും വരുത്തിയിട്ടില്ലെന്ന് വ്യക്തമാക്കുന്നതായിരുന്നു പ്രദർശനത്തെ തുടർന്ന് വിദേശ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ. ലോകത്തെമ്പാടുമുള്ള, സിനിമയെ ഗൗരവമായികാണുന്ന എല്ലാവരെയും പഥേർ പാഞ്ചാലിഇപ്പോഴും മോഹിപ്പിക്കുന്നുണ്ട്. അതെ, ക്ലാസിക് എന്ന വാക്കിന് പകരംവെയ്ക്കാവുന്നതാണ് പഥേർ പാഞ്ചാലി!

പഥേർ പാഞ്ചാലിയിലെ മിക്ക ദൃശ്യങ്ങളും പെയിന്റിംഗ് പോലെ മനോഹരമാണ്. മിഠായിവിൽപ്പനക്കാരന് പിന്നാലെ ദുർഗയും അപുവും പോകുന്നത് കുളത്തിൽ പ്രതിഫലിക്കുന്നത്, ആകാശത്തേക്ക് പുക ഊതിവിട്ട് വരുന്ന തീവണ്ടി കാണാൻ നിൽക്കുന്ന ദുർഗയും അപുവും, മഴയുടെ വരവറിയിച്ച് നിറം മാറുന്ന പ്രകൃതി എന്നിങ്ങനെ എത്രയോദൃശ്യങ്ങൾ അതിന് ഉദാഹരണമാണ്.

സിനിമയുടെ സാങ്കേതികവും സൗന്ദര്യശാസ്ത്രപരവുമായ വശങ്ങൾ നന്നായി മനസിലാക്കിയായിരുന്നു സത്യജിത് റേ തന്റെ ആദ്യ ചലച്ചിത്ര സംരംഭത്തിന് തുടക്കം കുറിച്ചതെന്ന് തെളിയിക്കുന്ന നിരവധി രംഗങ്ങൾ പഥേർ പാഞ്ചാലിയിലുണ്ട്. മാധ്യമത്തിന്റെ ശക്തിയും സാധ്യതയും മനസിലാക്കിയ ഒരാൾക്ക് മാത്രം ആവിഷ്കരിക്കാൻ കഴിയുന്ന ദൃശ്യങ്ങൾ.


സിനിമയുടെ തുടക്കം മുതൽ ഹരിഹറിന്റെയും സർവജയയുടെയും ദരിദ്രസ്ഥിതിവ്യക്തമാണ്. ദൃശ്യങ്ങളിലൂടെയും സംഭാഷണ ശകലങ്ങളിലൂടെയും അത് നമുക്ക് ബോദ്ധ്യപ്പെടുന്നു. ഇതോടൊപ്പം തന്നെ സർവജയയുടെ ആത്മാഭിമാനവും സംവിധായകൻ വ്യക്തമാക്കുന്നുണ്ട്.

ഹരിഹർജോലിതേടി നഗരത്തിലേക്ക് പോകുന്നതോടെയാണ് സർവജയ കൊടിയ ദാരിദ്ര്യത്തിലാകുന്നത്. സാധനങ്ങൾ വാങ്ങാനായി അവൾക്ക് വീട്ടിലെ പാത്രങ്ങൾ പോലും നഷ്ടപ്പെടുത്തേണ്ടി വരുന്നുണ്ട്. സ്നേഹസമ്പന്നയായ അയൽക്കാരി അവളുടെ ദയനീയസ്ഥിതി മനസിലാക്കി സഹായിക്കുമ്പോൾ തന്റെ ആത്മാഭിമാനം സംരക്ഷിക്കാനായി സർവജയ അത് നിരസിക്കുന്നു. അവർ പണം നിലത്തിട്ട് മടങ്ങുമ്പോൾ തന്നെ നാണംകെടുത്തരുതെന്ന് അവൾ കണ്ണീരോടെ പറയുന്നുണ്ട്.



പഥേർ പാഞ്ചാലിയിൽ നിന്ന്

ആ സർവജയ പിന്നീടൊരു ഘട്ടത്തിൽ ആരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തിയശേഷം വഴിയിൽ വീണുകിടന്ന ഒരു തേങ്ങ എടുക്കുന്നു. ചുറ്റിലും നോക്കി ആരുമില്ലെന്ന് ഉറപ്പാക്കുന്നതിലൂടെ താൻ ചെയ്യുന്നത് മോഷണമാണെന്ന് അവൾക്കും ബോധ്യമുണ്ടെന്ന് വെളിവാക്കുകയാണ് സംവിധായകൻ. അറിഞ്ഞു നൽകിയ സഹായം സ്വീകരിക്കാൻ തയാറല്ലാതിരുന്നയാൾ മോഷണത്തിന് മടിക്കുന്നില്ലെങ്കിൽ, അവർ വന്നുപെട്ടിരിക്കുന്ന ദാരിദ്ര്യത്തിന്റെ ആഴം മനസിലാക്കാവുന്നതേയുള്ളൂ.




തന്റെ മാന്യതയ്ക്ക് പോലും തടഞ്ഞുനിർത്താൻ കഴിയാത്ത വിധം ദാരിദ്ര്യം അവളെ ഗ്രസിച്ചിരിക്കുന്നു.

ചേച്ചിയോടൊപ്പം മഴ നനയുന്ന അപു എല്ലാകുട്ടികളുടെയും പ്രതീകമാണ്. മഴയോടൊപ്പം നൃത്തം ചെയ്ത ദുർഗ രോഗബാധിതയായി മരിച്ചതിന് ശേഷം അപുവിന് കൈവരുന്ന പക്വത സംവിധായകൻ വരച്ചുകാട്ടുന്ന ഒരു മനോഹര ദൃശ്യമുണ്ട് പഥേർപാഞ്ചാലിയിൽ. പുതപ്പുംമൂടി കുപ്പിയുമെടുത്ത് പുറത്തേക്ക് പോകാൻ ഒരുങ്ങുകയാണ് അപു. പുറത്തിറങ്ങുന്നതിനിടെ ആകാശത്തേക്ക് നോക്കിയ അവൻ പെട്ടെന്ന് അകത്തേക്ക് നടക്കുന്നു. കുടയും കക്ഷത്ത് വച്ച് പുറത്തിറങ്ങി നടന്നുപോകുന്ന അപുവിനെയാണ് പിന്നെ പ്രേക്ഷകർ കാണുന്നത്. മഴയിൽ കളിക്കാൻ ആഗ്രഹിച്ച കുട്ടി മുതിർന്നവരെ പോലെ കുടയുമായി പോകുന്നു. അത്ര ബുദ്ധിപൂർവമാണ് ഒരു കുട പോലും ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നത്. സംവിധാനമികവിന്റെ ഇത്തരത്തിലുള്ള എണ്ണിയാലൊടുങ്ങാത്ത ഉദാഹരണങ്ങൾ പഥേർ പാഞ്ചാലിയിൽ നിന്ന് ഓരോ പ്രേക്ഷകനും വായിച്ചെടുക്കാനാകും.

സംഗീതത്തിനും കവിതയ്ക്കുമിടയിലാണ് സിനിമയുടെ സ്ഥാനമെന്ന് ആന്ദ്രെ തർക്കോവ്സ്കി പറഞ്ഞിട്ടുണ്ട്. എന്നാൽ പഥേർ പാഞ്ചാലിയിൽ കവിതയും സംഗീതവും സിനിമ തന്നെയായി മാറുന്ന കാഴ്ച കാണാം. 60 വർഷങ്ങൾക്കിപ്പുറവും ഈ സിനിമ ചർച്ച ചെയ്യപ്പെടുന്നതിനുള്ള കാരണവും ഇത് തന്നെയാണ്. ■



# മഞ്ഞുതുള്ളിയായ് ബാവുൾ

വംഗനാടിന്റെ ചെമ്മൺ പാതകൾക്ക് സംഗീതത്തിന്റെ പതിഞ്ഞ താളമുണ്ട്. ഓരോ ഗ്രാമീണയാത്രയിലും ആസ്വാദകന്റെ ഹൃദയതന്ത്രികളിൽ രാഗങ്ങൾ അലയടിക്കും. അത് ആ നാടിന്റെ പൈതൃകമാണ്. നാടിന്റെ സിരകളിൽ ഹൃദയം വിളക്കിവച്ച സംഗീതം. ബംഗാളിലെ ബാവുൾ അങ്ങനെയാണ്.

മനുഷ്യസ്നേഹത്തെ മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെയും സമന്വയിപ്പിക്കുന്ന ഈ ഭാവഗീതത്തിന് സംഗീതോപകരണങ്ങൾ പലതാണെങ്കിലും ഹൃദയതാളം ഒന്നു മാത്രമാണ്. ഇന്ത്യൻ നാടോടി സംസ്കാരത്തിന്റെ അവധൂത പാരമ്പര്യം കോർത്തുവെച്ച ബാവുൾ സംഗീതത്തിലെ പതിനായിരക്കണക്കിന് വരുന്ന പാട്ടുകൾ സമ്മാനിക്കുന്ന അനുഭൂതിയും മറ്റൊന്നല്ല.

പതിനാറാം നൂറ്റാണ്ടിന്റെ ചൈതന്യത്തിലാണ് ബാവുൾ സംഗീതത്തിന്റെ ഉദയം. ബാവുൾ എന്നാൽ ഭ്രാന്ത് എന്നാണർത്ഥകല്പന. ഭ്രമാത്മകതയുടേയോ അബോധത്തിന്റെയോ മറവിയുടെയോ ലോകത്ത് അവധൂതനാകുന്നവന്റെ സംഗീതം. ഗ്രാമീണ ബംഗാളിലെ കുടിലുകളിൽ വസിക്കുകയും ഗ്രാമങ്ങളിൽ അലഞ്ഞുതിരിഞ്ഞ് ആടിയും പാടിയും ഉപജീവനം നടത്തുകയും ചെയ്യുന്നവരുടെയും

രാജീവ് നന്ദിയോട്

## ശ്രുതിമധുരവും അവാച്യവുമായ അനുഭൂതി പകരുന്ന ബംഗാളിന്റെ തനതു ഗാനശാഖയാണ് ബാവുൾ സംഗീതം. ഓരോ ബാവുൾ ഗാനവും സവിശേഷമാണ്. അവയ്ക്ക് മാത്രമായുള്ള മാന്ത്രിക ശക്തിയിൽ അനുഗ്രഹീതം കൂടിയാണ് അവ പകരുന്ന ആസ്വാദന ലോകം. ബാവുൾ ഗായകനും ഗായികയും തങ്ങളുടെ സംഗീതത്തിലൂടെ പരമമായ സത്യത്തെയാണ് അന്വേഷിക്കുന്നത്

സംഗീതം കൂടിയാണിത്. ബൗദ്ധ-വൈഷ്ണവ-സൂഫി ദർശനങ്ങളാൽ അലംകൃതമായ ഗീതങ്ങൾ. ആചാരാനുഷ്ഠാനങ്ങളെയും മുദ്രകളെയും നിരാകരിക്കുന്ന ബാവുളുകൾ ഒരു സമൂഹമാണ്. ഉപാധികളില്ലാത്ത പരസ്പര സ്നേഹത്താൽ ബന്ധിക്കപ്പെട്ട സമൂഹം. അതുകൊണ്ടു തന്നെ സമർപ്പണവും സൗഹാർദ്ദവും ത്യാഗഭരിതുമാവണം ഓരോ ബാവുളിന്റെയും മനസ്.

നീണ്ട കുപ്പായവും മുണ്ടും ധരിച്ച് രതിയെ മതപരമായ ആചാരമായും മദ്യപാനത്തെ മറവിയുടെ ഉപാധിയായും കാണുന്നവരുടെ ലോകം കൂടിയാണ് ബാവുൾ സംഗീതകരുടേത്. കാവി നിറമുള്ള അരക്കച്ച, നീട്ടി വളർത്തിയ തലമുടി. ഏകതാരയെന്ന ഒറ്റതന്ത്രിവീണ ചിലപ്പോഴത് ദുതാരയാവും (ഇരുതന്ത്രി). അല്ലെങ്കിൽ ഡുഗ്ഗി, ഗോബ, ഡുപ്കിഡ്രം, ഓടക്കുഴൽ, കൈമണി, കാൽചിലങ്ക. ഉപകരണമേതായാലും മനസിൽ പെയ്തിറങ്ങുന്നതിന്റെ നാദത്തിന് ഒരേ താളം, ഒരേ ഈണം.

ഒറ്റക്കമ്പി വീണയുമായി സാമ്യമുള്ള ഏകതാര ആത്മീയതയിലേക്കുള്ള പാതയാണ്. അതിൽ നിന്നുള്ള ശ്രുതിമധുരമായ സംഗീതം ഈശ്വരനിലേക്കുള്ള യാത്രയിലേക്കാണ് ഓരോ ആസ്വാദകനെയും അവരറിയാതെ എത്തിക്കുന്നത്. സത്യം നിന്നിൽ തന്നെയാണ് അത് അന്വേഷിച്ചു നീ മറ്റെങ്ങും അലയേണ്ടതില്ല എന്ന ആശയമുൾക്കൊള്ളുന്ന ശകലങ്ങളാണ് ബാവുളിന്റെ ആത്മാവ്.

സാധാരണക്കാരന്റെ പാട്ടായി വിശേഷിക്കപ്പെടുന്ന ബാവുളിൽ അലങ്കാരങ്ങൾക്കോ ബിംബങ്ങൾക്കോ വൃത്തങ്ങൾക്കോ അമിത പ്രാധാന്യം നൽകുന്നില്ല. സമൂഹത്തിലെ എല്ലാ തട്ടിലുള്ളവരെയും സംഗീതം ഒരുപോലെ ആസ്വദിപ്പിക്കുക എന്നതിനോടൊപ്പം ഒറ്റ



മനസായി ഏവരെയും കോർത്തിണക്കാൻ ബാവുൾ സംഗീതത്തിന് കഴിയുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.


രവീന്ദ്രനാഥ ടാഗോറിന്റെ ചില രചനകൾക്കും ബാവുൾ സംഗീതം പ്രചോദനം നൽകി. ഓരോ ബാവുൾ സംഗീതജ്ഞരും അതിന്റെ ലാളിത്യം ജീവിതത്തിൽ പകർത്തിയവരാണ്. ഈശ്വരൻ നിറഞ്ഞു നിൽക്കുന്ന ഹൃദയത്തിൽ നിന്ന് ബാവുൾ പാടുമ്പോൾ ഈശ്വരനെ കാണും എന്ന് ഓരോ ബാവുൾ സംഗീതജ്ഞനും അവകാശപ്പെടുന്നു.

*സഹോദരാ മതത്തിന്റെ രൂപം എന്താണ്?*

*ഞാനെന്റെ കണ്ണുകൾകൊണ്ട് ഇതുവരെ കണ്ടിട്ടില്ല*

*-ലാലോൻ ഫക്കീർ* ■

**എൻ. കൃഷ്ണപിള്ള ജന്മശതാബ്ദി**



## എൻ. കൃഷ്ണപിള്ള

# കൃതികളെക്കാൾ ഉയർന്ന വ്യക്തിത്വം

അധ്യാപനത്തെ ആത്മസമർപ്പണമായും ശിഷ്യരെ ആത്മാംശമായും കരുതിയ ഗുരുനാഥൻ, മലയാള നാടകത്തിൽ ഒരു യുഗപ്പിറവിക്കു നേതൃത്വം നല്കിയ ഭഗ്നഭവനം, കന്യക തുടങ്ങിയ കൃതികളുടെ കർത്താവ്. പ്രതിപാത്രം ഭാഷണഭേദം എന്ന കൃതിയുടെ രചനയിലൂടെ മലയാളസാഹിത്യ വിമർശനത്തിന് അന്തസും ഗാംഭീര്യവും നവചൈതന്യവും പകർന്ന ക്രാന്തദർശി തുടങ്ങി ചരിത്രത്തെയും വിമർശനത്തെയും ഇണക്കിക്കൊണ്ടുവന്ന കൈരളിയുടെ കഥാകാരൻ എൻ. കൃഷ്ണപിള്ളയുടെ വിശേഷണങ്ങൾ പലതാണ്.

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട മുത്താന എന്ന ദേശത്ത് ചെക്കാലവിളാകത്തു പാർവതിയമ്മയുടെയും കക്കാട്ടുമഠത്തിൽ കേശവരുടെയും പുത്രനായി 1916 സെപ്റ്റംബർ 22 നായിരുന്നു എൻ. കൃഷ്ണപിള്ളയുടെ ജനനം.

ആർ. ശങ്കറിന്റെയും നടരാജഗുരുവിന്റെയും അധ്യാപനം കൃഷ്ണപിള്ളയുടെ കണ്ണും കാതും തുറപ്പിച്ചു. തിരുവനന്തപുരത്ത് ഇന്റർമീഡിയറ്റ് കോളേജിൽ പഠനം തുടർന്ന കൃഷ്ണപിള്ള 1938 ൽ ബി.എ. ഓണേഴ്സ് പാസായി. പിന്നീട് കേരള സംസ്കാരത്തിലെ ആര്യാംശം എന്ന വിഷയത്തിൽ വി. നാരായണപിള്ളയുടെ കീഴിൽ ഗവേഷണം നടത്തിയ കൃഷ്ണപിള്ള, അത് പൂർത്തിയാകും മുമ്പേ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ചാരിതാർഥ്യവും ആനന്ദവും സംതൃപ്തിയും അഭിമാനവും നല്കിയിരുന്നതായിരുന്നു അധ്യാപകവൃത്തി.

കോളേജ് വിദ്യാഭ്യാസകാലത്തുതന്നെ പ്രബന്ധങ്ങളും നാടകങ്ങളും നിരൂപണങ്ങളും എഴുതി ഖ്യാതിസമ്പാദിച്ചു തുടങ്ങിയിരുന്നു കൃഷ്ണപിള്ള. മലയാള നാടകചരിത്രം തിരുത്തിക്കുറിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രേക്ഷകരെ ഇക്കിളിപ്പെടുത്തുകയും ചിരിപ്പിക്കുകയും ചെയ്തുപോന്ന ഹാസ്യരചനകളാണ് കൃഷ്ണപിള്ള രംഗപ്രവേശനം ചെയ്യുമ്പോൾ അരങ്ങുതകർത്തിരുന്നത്. ഗൗരവപൂർണമായ സാമൂഹ്യ പ്രശ്നങ്ങൾ അവതരിപ്പിച്ച് പ്രേക്ഷകരെ ഭാവഗൗരവത്തിന്റെ സൂചിമുനയിൽ നിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. മലയാളത്തിലെ യഥാർത്ഥ നാടകപ്രസ്ഥാനത്തിന്റെ അമരക്കാരനായി കൃഷ്ണപിള്ള ചരിത്രത്തിൽ ഇടം നേടി. ഭഗ്നഭവനം ആണ് ജാതകം തിരുത്തിയെഴുതിയ കൃതി. തുടർന്ന് മലയാളത്തിലെ ആദ്യത്തെ പ്രശ്നനാടകം എന്നു വിശേഷിപ്പിക്കപ്പെട്ട കന്യക പുറത്തുവന്നു. കുടുംബബന്ധങ്ങളുടെ പശ്ചാത്തലത്തിൽ തീവ്രമായ സാമൂഹിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നവയാണ് കൃഷ്ണപിള്ളയുടെ നാടകങ്ങൾ. 17 ദീർഘ നാടകങ്ങളും 15 ചെറുനാടകങ്ങളും അദ്ദേഹം രചിച്ചു. തന്റെ നാടകദർശനം എന്തായിരുന്നുവെന്ന് അദ്ദേഹം പറയുന്നതിങ്ങനെ ഗൗരവസമ്പൂർണവും മൗലികവുമായ ഏതെങ്കിലുമൊരു ജീവിതപ്രശ്നത്തെ യാഥാർഥ്യബോധത്തോടെ സൂക്ഷ്മവിശകലനം ചെയ്ത അതിന്റെ ആവിഷ്കൃതിക്കു കൂടിയേതീരൂ എന്ന്

ഉത്തമബോധ്യമുള്ള കഥാഗാത്രവും സ്ഥലകാലങ്ങളും കഥാപാത്രങ്ങളും മാത്രം ഉപയോഗിക്കുക. ആ ഘടകങ്ങളെയെല്ലാം സ്വീകൃതപ്രവർത്തനത്തിന്റെ സമഗ്രപ്രകാശനത്തിന്റെ ഏകാഗ്രങ്ങളാക്കി നാടകം രചിക്കണം എന്നതായിരുന്നു എന്റെ ആദർശം. ഈ ആദർശത്തിന്റെ സാക്ഷാത്കാരകമായിരുന്നു കന്യക, ബലം, അനുരഞ്ജനം, മുടക്കുമുതൽ, അഴിമുഖത്തേക്ക്, കുടത്തിലെ വിളക്ക് തുടങ്ങിയുള്ള നാടകങ്ങളെല്ലാം.


സ്വന്തമായ ഒരു വിമർശനലോകം കൈരളിക്കു സംഭാവന ചെയ്യാൻ കൃഷ്ണപിള്ളയ്ക്കു കഴിഞ്ഞു. ശൈലിനിഷ്ഠമായ സാഹിത്യവിമർശനത്തിനു രാജപാത ഒരുക്കിയ പ്രതിപാത്രം ഭാഷണഭേദം, മലയാള നിരൂപണത്തിന്റെ കൂട്ടത്താക്കോൽ എന്നു വിശേഷിപ്പിക്കപ്പെട്ട കൈരളിയുടെ കഥ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, എൻ. കൃഷ്ണപിള്ളയുടെ പ്രബന്ധങ്ങൾ സമ്പൂർണം, അനുഭവങ്ങൾ അഭിമതങ്ങൾ, അവതാരികകൾ, ഗ്രന്ഥനിരൂപണങ്ങൾ തുടങ്ങിയവയിലായി അദ്ദേഹത്തിന്റെ വിമർശകലോകം വ്യാപിച്ചിരുന്നു. സാഹിത്യവിമർശനത്തിലെ ചെറുതെങ്കിലും ഒരു സമീപനത്തെ മാത്രം അവലംബിച്ചുള്ള നിരൂപണമല്ല കൃഷ്ണപിള്ളയുടേത്. നിരൂപണവും ചരിത്രവും സമഞ്ജസമായി സമ്മേളിക്കുന്ന, മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രമാണ്, എൻ. കൃഷ്ണപിള്ളയുടെ കൈരളിയുടെ കഥ. സാധാരണ വായനക്കാർക്കും പണ്ഡിതന്മാർക്കും ഗവേഷകന്മാർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന കൃതികൂടിയാണിത്. കഥ പറയുന്ന ലാഘവത്തോടെ ചരിത്രം കുറിക്കുകയാണ് ഇവിടെ. മാധുര്യലാളിത്യങ്ങളോടൊപ്പം ഗ്രന്ഥകാരന്റെ സഹൃദയത്വവും സൂക്ഷ്മദർശനചാതുരിയും വിമർശനപാടവും തെളിയുന്നുണ്ട് കൈരളിയുടെ കഥയിൽ.


എൻ. കൃഷ്ണപിള്ളയുടെ കന്യക എന്ന നാടകത്തിൽ നിന്ന്

അധ്യാപകനായ കൃഷ്ണപിള്ളയ്ക്കുമുണ്ടായിരുന്നു ഏറെ സവിശേഷതകൾ. പ്രസംഗവേദിയിലും കേൾവിക്കാരുടെ ഹൃദയത്തിലും ബുദ്ധിയിലും പതിഞ്ഞുചേരത്തക്കവണ്ണമായിരുന്നു അദ്ദേഹത്തിന്റെ ആശയസംവാദം. ഋജുവും ആർഭാടരഹിതവുമായിരുന്നു ആ ശൈലി. 12 ബാലസാഹിത്യകൃതികളുടെ കർത്താവുകൂടിയാണ് കൃഷ്ണപിള്ള. ഉത്തമ ബാലസാഹിത്യമെന്നാൽ ബാലന്മാരെ ഉത്തമരാക്കുന്ന സാഹിത്യം എന്നാണ് കൃഷ്ണപിള്ള കല്പിക്കുന്ന അർത്ഥം. കൈരളിയുടെ കഥ ബാലസാഹിത്യകൃതിയായി പിറന്നുവെന്നതാണ് ആസ്വാദനലോകത്തിലെ അത്ഭുതം.

സ്വന്തം കൃതികളേക്കാൾ ഉയർന്ന ആസ്വാദക വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എൻ. കൃഷ്ണപിള്ള. ശിഷ്യരെയും സുഹൃത്തുക്കളെയും ആരാധകരെയും ഒരേ പോലെ സ്വീകരിക്കുന്നതിലും സത്കരിക്കുന്നതിലും തൽപരനായിരുന്നു അദ്ദേഹം. പാണ്ഡിത്യത്തിന്റെ ഭാവം എഴുത്തിലും ഭാഷണത്തിലും പെരുമാറ്റത്തിലും ഒന്നും പ്രദർശിപ്പിക്കാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹം. സദാ പ്രസന്നത ഓളംവെട്ടുന്ന മുഖവുമായി, ആരോടും പകയില്ലാതെ ജീവിച്ച കൃഷ്ണപിള്ളയുടെ പൊട്ടിച്ചിരി പ്രസിദ്ധമായിരുന്നു. അറിവുപകരുന്നതിൽ ആത്മഹർഷം അനുഭവിച്ചിരുന്ന ഗുരുനാഥനായിരുന്നു അദ്ദേഹം. സ്ഥാനമാനങ്ങൾക്കോ ലാഭത്തിനോ വേണ്ടി ഒരിക്കലും അധികാരകേന്ദ്രങ്ങളെ സമീപിക്കാതിരുന്ന കൃഷ്ണപിള്ള സ്വാഭാവികമായി വന്നുചേർന്ന നേട്ടങ്ങളിലും കോട്ടങ്ങളിലും ജീവിതത്തിൽ പൂർണ സംതൃപ്തി കണ്ടെത്തി. എൻ. കൃഷ്ണപിള്ള എന്ന ജീവചരിത്രത്തിന്റെ ആമുഖത്തിൽ ഈ ലേഖകൻ എഴുതിയ വരികൾ ഉദ്ധരിക്കട്ടെ: വിജ്ഞാനത്തിന്റെ അഗാധത, അതു പകരുന്നതിനുള്ള മഹാമനസ്കത, ആദർശധീരത, സമദർശിത, ആത്മാർഥത, നിഷ്കളങ്കത, ഉദാരത, സ്നേഹവാത്സല്യ ദയാകാരുണ്യാദികൾ, സ്വാശ്രയശക്തി, ചാരിത്രശുദ്ധി, ഭാഷണരസികത്തം, തുടങ്ങി എത്രയോ യോഗ്യതകളാണ് എൻ. കൃഷ്ണപിള്ളയുടെ വ്യക്തിത്വത്തിന് ശക്തിയും സൗന്ദര്യവും നൽകുന്നത്. സത്യധർമാധിഷ്ഠിതമായ വ്യക്തിസത്ത അദ്ദേഹത്തിന്റെ ജീവിതത്തെ ഒരു പ്രാർഥനാഗതം പോലെ മധുരവും മനോഹരവും ഭക്തിസാന്ദ്രവുമാക്കിത്തീർത്തു. ■


എൻ. കൃഷ്ണപിള്ളയുടെ നാടകത്തിൽ നിന്ന്



സെപ്തംബർ
21
ലോക
അൽഷിമേഴ്സ്
ദിനം

# ഓർമകൾ ഇല്ലാതാകുമ്പോൾ

എം.പി. അനൂപ്

**ഓർമകൾ പതിയെ നഷ്ടമാകുന്നതാണ് അൽഷിമേഴ്സിന്റെ തുടക്കം. ചെറിയ ഓർമക്കുറവുകൾ ആരും കാര്യമാക്കാറില്ല. പിന്നീട് ജീവിതത്തെയാകെ ബാധിക്കുന്ന വിധത്തിൽ അതു മാറുമ്പോൾ അയാൾ രോഗിയാകുന്നു**

ഓർമകൾ മനുഷ്യകുലത്തിന് അനുഗ്രഹമാണ്. അതില്ലാതാകുമ്പോൾ അവസാനിക്കുന്നത് ഇന്നലെകളാണ്. ഓർമകൾ ഇല്ലാതാകുന്ന രോഗമാണ് അൽഷിമേഴ്സ്. അതിന്റെ ഓർമപ്പെടുത്തലാണ് ഓരോ ആഗോള അൽഷിമേഴ്സ് ദിനവും. സാന്ത്വനവും പരിചരണവും നൽകി ഒപ്പം ചേർത്തു നിർത്തേണ്ടവരാണ് അൽഷിമേഴ്സ് രോഗികളെന്ന് ഓരോ സെപ്റ്റംബർ 21 ഉം മാനവകുലത്തിനോട് ആവർത്തിക്കുന്നു. സമൂഹത്തിന് അപരിചിതമല്ല ഇപ്പോൾ അൽഷിമേഴ്സ് രോഗം. 60 വയസ്സിന് മുകളിലുള്ളവരിലാണ് ഇത് ബാധിക്കുന്നത്. രോഗത്തിന്റെ വ്യക്തമായ കാരണം ഇന്നും ശാസ്ത്രത്തിന് അജ്ഞാതമാണെന്നത് ശാസ്ത്രക്കുതിപ്പിനിടയിലും ലോകത്തെ അത്ഭുതപ്പെടുത്തുന്നു.

ഓർമകൾ പതിയെ നഷ്ടമാകുന്നതാണ് തുടക്കം. ചെറിയ ഓർമക്കുറവുകൾ ആരും കാര്യമാക്കാറില്ല. പിന്നീട് ജീവിതത്തെയാകെ ബാധിക്കുന്ന വിധത്തിൽ അതു മാറുമ്പോൾ അയാൾ അൽഷിമേഴ്സ് രോഗിയാകുന്നു. ചിന്തകൾ മായുകയും മുൻകൂട്ടി ചിന്തിച്ച് ഒന്നും തീരുമാനിക്കാൻ കഴിയാതാവുകയും ചെയ്യുന്നതോടെ രോഗം അതിന്റെ കാഠിന്യത്തിലെത്തും. പിന്നീട് ഭാഷാവൈകല്യം സംഭവിക്കുന്നു. പരിചിതരായവർ പോലും അപരിചിതരായി മാറുകയും ദൈനംദിന ജീവിതക്രമങ്ങൾ തെറ്റുകയും ചെയ്യുന്നു. ഇത്തരം ഘട്ടങ്ങളിൽ അവരുടെ ജീവിതാവസ്ഥ മനസ്സിലാക്കി പെരുമാറുകയാണ് ആവശ്യം.

മറവികൾ പലവിധമാണ്. മരുന്നുകളുടെ പാർശ്വഫലമായും ഓർമക്കുറവുണ്ടാകാം. ഹൈപ്പർ തൈറോയ്ഡ്, തലച്ചോറിൽ രക്തം കട്ടപിടിക്കൽ, തലച്ചോറിലെ ട്യൂമർ, വൈറ്റമിൻ ബി 12 ന്റെ കുറവ് ഇത്തരത്തിൽ ഉണ്ടാവുന്ന അൽഷിമേഴ്സ് ചികിത്സിച്ചു മാറ്റാം. എന്നാൽ മറവിരോഗങ്ങളിൽ 60 ശതമാനവും അൽഷിമേഴ്സ് ആണ്. 1906 ൽ ഡോ. അലോയ്സ് അൽസ്ഹൈമർ എന്ന ജർമാൻ ഡോക്ടർ മാനസിക വിഭ്രാന്തിക്കും ഓർമക്കുറവിനും ചികിത്സതേടിയിരുന്ന സ്ത്രീയുടെ തലച്ചോർ അവരുടെ മരണശേഷം പഠനവിധേയമാക്കിയാണ് അൽഷിമേഴ്സ് രോഗം കണ്ടെത്തിയത്.


ലോകത്ത് 60 വയസ്സിനു മുകളിൽ 20 ൽ ഒരാൾ മറവിരോഗം ഉള്ളവരാണെന്ന കണ്ടെത്തൽ തന്നെ ഈ രോഗത്തിന്റെ ഗൗരവത്തെ ഓർമിപ്പിക്കുന്നു. 80 വയസ്സിന് മുകളിൽ അഞ്ചിൽ ഒരാൾക്ക് മറവിരോഗമുണ്ടെന്നാണ് വിലയിരുത്തൽ. സ്ത്രീകളിലാണ് ഈ രോഗം കൂടുതലായി കാണുന്നത്.

അൽഷിമേഴ്സ് പൂർണമായും ചികിത്സിച്ചു മാറ്റുക സാധ്യമല്ല. എന്നാൽ കൃത്യമായ ചികിത്സ രോഗത്തിന്റെ കാഠിന്യം കുറയ്ക്കും. ഇവർക്ക് കുടുംബത്തിന്റെയും സമൂഹത്തിന്റെയും കരുതലും സ്നേഹവും പരിചരണവും അനിവാര്യമാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും രോഗപരിചരണത്തിനായി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇന്ത്യയിൽ 41 ലക്ഷം പേർക്ക് വിവിധതരം മറവിരോഗമുള്ളതായും 10 ശതമാനം പേരിലെ മറവിരോഗം കണ്ടെത്താൻ കഴിയുന്നുള്ളുവെന്നും പഠനങ്ങൾ തെളിയിക്കുന്നു. അൽഷിമേഴ്സ് തുടക്കത്തിൽത്തന്നെ കണ്ടെത്തി ചികിത്സിക്കേണ്ടത് അത്യാവശ്യമാണ്. ■

## ഓർമക്കുറവിനെക്കുറിച്ച് ഓർമിക്കാൻ

തലച്ചോറിന്റെ ആരോഗ്യം സംരക്ഷിക്കുക, കളികൾക്കും വിനോദങ്ങൾക്കുമായും സമയം കണ്ടെത്തുക, ചെസ്, പദപ്രശ്നം പൂരിപ്പിക്കൽ, സുഡോകു തുടങ്ങിയവ ശീലമാക്കാം.

യാത്ര




സംസ്കൃതിയുടെ നിതാന്തമായ ഒഴുക്കിന് സാക്ഷ്യമായ കണ്ണൂർ. ഇവിടെ ഈ തീരത്തായിരുന്നു ഒരു കാലം മൊട്ടിട്ടു വളർന്നത്. അറബിക്കടലിന്റെതണുത്ത കാറ്റിൽ പായക്കപ്പലിൽ ഈ തീരത്തേക്ക് യാത്ര തിരിച്ചവർ അനേകമുണ്ട്. സമ്മിശ്രമായ ജന സഞ്ചയങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തിയ ഇവിടുത്തെ നാട്ടുരാജ്യത്തെ കണ്ട് പാശ്ചാത്യർ പോലും അമ്പരന്നു നിന്നു

# കാലത്തിനൊരു ഇടനാഴി

രേഷ്മ രമേഷ്



എണ്ണിയാലൊടുങ്ങാത്ത തിരകൾ പോലെ ഓർമകളിരമ്പുന്ന പൈതൃക നാട്. കാലത്തിന്റെ കുളമ്പടികൾ മായാതെ നിൽക്കുന്ന ചരിത്രപഥങ്ങൾ. കണ്ണൂർ നഗരം അതിവേഗം വളരുകയാണ്. ഇന്നലെകളിൽ നിന്നും വിഭിന്നമായി ഓരോ കാൽവെപ്പുകളും ഗ്രാമങ്ങളെയും പട്ടണങ്ങളെയും പുതിയ കാലത്തിലേക്ക് കൈപിടിക്കുന്നു. ഒരു ഭാഗം മുഴുവൻ നീണ്ടുനിവർന്നു കിടക്കുന്ന കടൽത്തീരം. ഭൂനിരപ്പിന്റെ പകുതിയിലേറെ പച്ചപ്പുകൾ ചാർത്തിയ തെങ്ങിൻതോട്ടങ്ങൾ. മറുഭാഗത്ത് മാനം മുട്ടെ വളർന്ന വയനാടൻ മലനിരകൾ. ഇതിനിടയിലൂടെ അതിരുകൾതിരിച്ച് മാഹിപ്പുഴ. സംസ്കൃതിയുടെ നിതാന്തമായ ഒഴുക്കിന് സാക്ഷ്യമായ ഈ തീരത്തായിരുന്നു ഒരു കാലം മൊട്ടിട്ടു വളർന്നത്. അറബിക്കടലിന്റെ തണുത്ത കാറ്റിൽ പായക്കപ്പലിൽ ഈ തീരത്തേക്ക് യാത്ര തിരിച്ചവർ അനേകമുണ്ട്. സമ്മിശ്രമായ ജനസഞ്ചയങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തിയ ഇവിടുത്തെ നാട്ടുരാജ്യത്തെ കണ്ട് പാശ്ചാത്യർ പോലും അമ്പരന്നു നിന്നു. കോലത്തുനാടിന്റെ രാജാവിൽ നിന്നും അനുവാദം വാങ്ങി ബ്രിട്ടീഷുകാർ ഈ കേരളക്കരയിൽ ആദ്യമായി താമസമാക്കിയത്. ചുവന്ന മണ്ണിൽ വേരാഴ്ത്തി വളർന്ന പാശ്ചാത്യസഞ്ചാരികളുടെ കണ്ണുകൾ കുരുമുളകിൽ ഉടക്കി നിന്നപ്പോൾ തലശ്ശേരിയുടെ കടൽത്തീരം ഒരു തുറമുഖമായി. ഈ നാടിനെ അവർ പതിയെ കാനന്നൂർ എന്ന് വിശേഷിപ്പിച്ചു. അക്ഷരങ്ങൾ അച്ചുകൂടങ്ങളിൽ വീണുടഞ്ഞപ്പോൾ ഇല്ലിക്കുന്നിൽ നിന്നും മാറ്റത്തിന്റെ കാറ്റ് കേരളതീരത്തേക്ക് ആഞ്ഞുവീശി. കോട്ട കൊത്തളങ്ങളുടെയും പടയോട്ടങ്ങളുടെയും നാട് തൊഴിലാളികളുടെയും സഹകരണ സംഘങ്ങളുടെയും പുതിയ ചരിത്രമെഴുതി വളർന്നു. സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ തീഷ്ണമണിഞ്ഞ പയ്യന്നൂരിന്റെ ഉപ്പ് നിറഞ്ഞ മണ്ണിൽ ഒട്ടേറെ സ്മൃതികൾ ഇപ്പോഴും അലിഞ്ഞു ചേർന്നിരിക്കുന്നു. മാടായി പാറയിലെ കാക്കപ്പൂക്കൾ വസന്തത്തിന്റെ വരവറിയിക്കുമ്പോൾ മൂർഖൻ പറമ്പിലെ കുന്നിൻ നെറുകയിൽ നിന്നും ആകാശത്തേക്ക് കണ്ണൂരിന്റെ സ്വപ്നങ്ങളും പറന്നുയരാൻ സമയമായി. പായ്ക്കപ്പലിനോട് യാത്ര പറഞ്ഞ തീരത്ത് ഏഴിമലയെന്ന അക്കാദമിയിൽ വെള്ളതൊപ്പിയണിഞ്ഞ നാവികർ. കടലും കായലും ഗ്രാമങ്ങളും വരച്ചിടുന്ന കാഴ്ചകളിലേക്ക് വിനോദ സഞ്ചാരികൾ വന്നിറങ്ങുമ്പോൾ തനതു ഭാഷയിൽ ആതിഥ്യമരുളാൻ നാട്ടുവഴികളിലെല്ലാം ഉത്സാഹത്തോടെ ഗ്രാമീണരുണ്ടാകും. കണ്ണൂരിന്റെ വിനോദ കേന്ദ്രങ്ങൾ അതുകൊണ്ട് തന്നെ എന്നും സമ്പന്നമാണ്. അമ്യൂസ്മെന്റ് പാർക്കുകളും സ്നേക്ക് പാർക്കും കായൽ വിനോദ യാത്രകളും ഇവിടെ സഞ്ചാരികളെ കാത്തിരിക്കുന്നു.



കേരളത്തിലെ ഏക കന്റോൺമെന്റ് എന്ന ഖ്യാതി കണ്ണൂരിനാണുള്ളത്. ഇന്ത്യയിലെ 62 സൈനിക കന്റോൺമെന്റുകളിൽ ഒന്നാണ് ഈ നഗരം. വെയിലായാലും മഴയായാലും നഗരത്തിന്റെ തിരക്കിന് ഒട്ടും കുറവില്ല. വാണിജ്യാവശ്യങ്ങൾക്കും മറ്റുമായി ഇന്നും ഈ നഗരത്തിന്റെ കോണുകളിലേക്ക് യാത്ര പതിവാക്കിയവർ അനേകമുണ്ട്. ഗ്രാമങ്ങളിലേക്ക് ശിഖരങ്ങൾ നീട്ടിയ വ്യാപാര സമുച്ചയങ്ങൾക്ക് നൽകാൻ കഴിയാത്തതെല്ലാം നൽകാൻ ഈ നഗരം തന്നെയാണ് ഇന്നും



സെന്റ് ആഞ്ചലോസ് കോട്ട

മുന്നിലുള്ളത്. ഇതിനിടയിൽ വിദേശ സഞ്ചാരികൾക്കൊപ്പം നാടു കാണാനിറങ്ങുന്ന വിനോദ സഞ്ചാരികൾ കൂടി ചേരുമ്പോൾ കണ്ണൂരിന്റെ ദിന രാത്രങ്ങൾ ഉണരുകയായി. നഗരത്തിനോട് ചേർന്നു തന്നെയാണ് പയ്യാമ്പലം എന്ന കടൽത്തീരം. തിരക്കിന്റെ പാരവശ്യങ്ങൾ അകന്ന് ഈ തീരം നൽകുന്ന ശാന്തതകൾ അപാരമാണ്. അറബിക്കടലിന്റെ ആകാശം എന്നും പുതുമയുള്ള ഒരുപാട് അസ്തമയങ്ങൾ വരച്ചിടുമ്പോൾ ഈ കാഴ്ചകളിലേക്ക് കണ്ണുപായിക്കാൻ മാത്രം എത്രയോ പേർ ഇവിടെ ഒത്തുചേരുന്നു. നഗരത്തിൽ നിന്നും എളുപ്പത്തിലെത്തിച്ചേരാമെന്നതിനാൽ അവധി ദിവസങ്ങളിലൊക്കെ ഇവിടം ജനസാന്ദ്രമാണ്. പയ്യാമ്പലത്തിന് മറ്റൊരു സവിശേഷത കൂടിയുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ, സുകുമാർ അഴീക്കോട് തുടങ്ങി ഒട്ടേറെ സാസ്കാരിക നായകരുടെ അന്ത്യവിശ്രമസ്ഥലം കൂടിയാണിത്. ബീച്ചിനോട് ചേർന്നുള്ള മണൽ പരപ്പിൽ ഇവരുടെയെല്ലാം സ്മാരകശിലകൾ പുതിയ തലമുറകളുമായി സംവദിക്കുന്നു.

## കഥ പറയുന്ന കോട്ടകൾ

സെന്റ് ആഞ്ജലോസ് കോട്ട നഗരത്തിൽ നിന്നും മൂന്നു കിലോമീറ്റർ അകലെയാണ്. കടലിനഭിമുഖമായുള്ള കോട്ട ഇന്ന് ചരിത്ര പഠിതാക്കളുടെ ഇടം കൂടിയാണ്. എ.ഡി 1505 ൽ പോർച്ചുഗീസ് വൈസ്രോയിയായിരുന്ന ഫ്രാൻസിസ് ഡി അൽ മേഡയാണ് കോലത്തിരി രാജയുടെ അനുമതിയോടെ ഈ കോട്ട പണികഴിപ്പിക്കുന്നത്. പിന്നീട് ഡച്ചുകാർ ഈ കോട്ട സ്വന്തമാക്കി. കേരളത്തിലെ ഏക മുസ്ലീം രാജവംശമായ അറയ്ക്കൽ രാജവംശം ഈ കോട്ടയെ ഒരു ലക്ഷം രൂപയ്ക്ക് വാങ്ങിതായും രേഖകൾ പറയുന്നു. അതിനു ശേഷം ബ്രിട്ടീഷുകാരുടെ അധീനതയിലായി മാറുകയായിരുന്നു ഈ കോട്ട. മലബാറിൽ ബ്രിട്ടീഷുകാർ ഈ കോട്ടയെ പ്രധാന സൈനിക കേന്ദ്രമാക്കി മാറ്റി. മലബാറിലെ മുന്നേറ്റങ്ങൾക്കെല്ലാം ചരടുവലിക്കാനുള്ള പ്രധാനപ്പെട്ട തന്ത്രങ്ങൾ മെനഞ്ഞിരുന്നതിന് ഈ കോട്ട സാക്ഷിയായിരുന്നു. ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ അധീനതയിലാണ് കണ്ണൂർ കോട്ട എന്നു കൂടി അറിയപ്പെടുന്ന ഈ സ്മാരകമുള്ളത്. ഡച്ചുകാരുടേത് എന്ന് സംശയിക്കുന്ന 1745 കാലഘട്ടത്തിലെ 55 മൃതദേഹങ്ങൾ സംസ്കരിച്ചതായുള്ള വിവരങ്ങൾ അടയാളപ്പെടുത്തുന്ന ശിലാഫലകവും ഇവിടെ കാണാം. മത്സ്യബന്ധന തുറമുഖമായ മാപ്പിള ബേ ഇതി





നടുത്താണ്.കോലത്തിരി രാജവംശത്തിന്റെ കാലത്തേ പേരുകേട്ടതാണ് ഈ തുറമുഖം. ഇൻഡോനേർവീജിയൻ സഹകരണത്തോടെയാണ് പിന്നീട് ഈ തുറമുഖത്തെ വികസിപ്പിച്ചെടുത്തത്.

കണ്ണൂരിൽ നിന്നും 22 കിലോമീറ്റർ അകലെയാണ് തലശ്ശേരി കോട്ട. 1708 കാലഘട്ടത്തിലാണ് ഈ കോട്ടയുടെ നിർമ്മിതി.

## വശ്യം മനോഹരം ബീച്ചുകൾ

കണ്ണൂരിന്റെ കടൽത്തീരങ്ങൾക്കെല്ലാം വശ്യതകൾ ഏറെയുണ്ട്. പയ്യാമ്പലത്തു നിന്നും ഏറെ അകലെയല്ലാത്ത മീൻകുന്ന് ബീച്ച് സഞ്ചാരികളുടെ പ്രിയ ഇടമായിട്ട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇവിടുത്തെ മണൽത്തരികൾക്ക് പോലും സ്വർണ്ണത്തിന്റെ ശോഭയുണ്ട്. കണ്ണൂർ ആസ്ഥാനത്തു നിന്നും പത്ത് കിലോമീറ്റർ ദൂരമുണ്ട് ഇവിടെയെത്താൻ. പ്രസിദ്ധമായ അഴീക്കോട് ഗ്രാമത്തിന്റെയും ഭാഗമാണ് ഈ കടൽത്തീരം.

സിമന്റ് പോലെ ഉറച്ച കടൽത്തീരം. ഓരോ തിരമാലകൾ വന്നുമടങ്ങുമ്പോഴും മാർബിൾ പോലെ വെട്ടിത്തിളങ്ങുന്ന മണൽ പരപ്പ്. മുഴുപ്പിലങ്ങാട് എന്ന കേരളത്തിലെ ഏക ഡ്രൈവ് ഇൻ ബീച്ചിന്റെ പ്രത്യേകതയാണിത്. തിരമാലകളെ മുത്തമിട്ട് കുതിച്ചു പായാൻ വാഹനങ്ങളുമായി എത്തുന്ന സഞ്ചാരികളും ഈ കാഴ്ചകൾ ആസ്വദിക്കാൻ എത്തുന്ന അനേകം ടൂറിസ്റ്റുകളുമാണ് ഈ കേന്ദ്രത്തെ സക്രിയമാക്കുന്നത്. കണ്ണൂരിനും തലശ്ശേരിക്കും ഇടയിലുള്ള ദേശീയ പാതയ്ക്ക് സമാന്തരമാണ് ഈ കടൽത്തീരമുള്ളത്. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായി ഇതറിയപ്പെടാൻ തുടങ്ങിയതോടെ വിദേശികൾ പോലും ഇവിടേക്ക് വിരുന്നെത്തുന്നു. അഞ്ചു കിലോമീറ്ററോളം ദൂരത്തിൽ അർധ വൃത്താകൃതിയിലുള്ള ബീച്ച് വൈകുന്നേരമാകുമ്പോഴേക്കും സഞ്ചാരികളെക്കൊണ്ട് നിറയും.

കടലിൽ നിറയെ പാറക്കൂട്ടങ്ങൾ. ആർത്തലച്ചുവരുന്ന തിരമാലകൾ കൂർത്ത കരിമ്പാറകളിൽ തല തല്ലിചിതറുന്നു. സദാസമയം നുരഞ്ഞു പതയുന്ന കടലു കാണണമെങ്കിൽ ധർമടത്തു തന്നെ പോണം. കരയിൽ നിന്നും അടർന്നുമാറി കടലിൽ ഒരു പച്ചത്തുരുത്ത്. ഇതാണ് ധർമടം തുരുത്ത്. നെറുകയിൽ നിറയെ പച്ചപ്പുമായി നിൽക്കുന്ന ഈ തുരുത്ത് ആരെയും വിസ്മയിപ്പിക്കും. കരയുടെ കോണുകളിലേക്ക് പാറക്കെട്ടുകളെ മറികടന്ന് കടൽ നുഴഞ്ഞു കയറുന്ന കാഴ്ചകൾ തന്നെയാണ് ഈ തീരങ്ങളുടെയെല്ലാം വശ്യത.

## തലശ്ശേരി എന്ന ദേശസൂചിക

തലശ്ശേരിയുടെ ദേശ സൂചിക മൂന്ന് സി യിൽ പ്രസിദ്ധിയാർജിച്ചതാണ്. ക്രിക്കറ്റ്, കേക്ക്,സർക്കസ് എന്നിവയാണത്. എന്നാൽ മാടായിപ്പാറയിലെ സായാഹ്നങ്ങൾക്ക് നൂറു നൂറു ഭാവങ്ങളാണ്. കോലത്തുനാട്ടിലെ ഉദയവർമന്റെ ആസ്ഥാനമായിരുന്നു മാടായി. അറുന്നൂറേക്കറോളം വിസ്തൃതിയുള്ള ഈ സ്ഥലം ജൈവ സമ്പുഷ്ടമാണ്. കോലത്തു രാജാവിന്റെ സദസ്യനായിരുന്ന ചെറുശ്ശേരി ഇവിടെയാണ് ജീവിച്ചിരുന്നതെന്നും നിഗമനമുണ്ട്. പോർച്ചുഗീസുകാർ നട്ടുപിടിപ്പിച്ച പറങ്കിമാവുകൾ ഇവിടെയുണ്ട്. ജൂതക്കുളവും മാടായിപ്പള്ളിയുമെല്ലാം പഴയകാല കുടിയേറ്റത്തിന്റെ തെളിവുകളായി ഇവിടെ അവശേഷിക്കുന്നു. പടിഞ്ഞാറ് ഭാഗത്തായുള്ള ഏഴിമലയുടെ ചെരിവിലേക്കുള്ള ഇവിടെ നിന്നുമുള്ള അസ്തമയ കാഴ്ചകൾ മനോഹരമാണ്. വേനൽക്കാലത്ത് കരിഞ്ഞുണങ്ങി നിൽക്കുന്ന മാടായിപ്പാറയിൽ മഴക്കാലം പൂക്കാലമെത്തിക്കും. നിറയെ കാക്കപ്പൂക്കൾ വിരിഞ്ഞു നിൽക്കുന്ന ചി



ങ്ങമാസത്തിലെ കാഴ്ച എന്നും വിസ്മയമാണ്. കൃഷ്ണപ്പൂവും കണ്ണാന്തളിയുമൊക്കെ കാണണമെങ്കിൽ മാടായിലെത്തണമെന്നാണ് ഇപ്പോഴത്തെ നാട്ടുമൊഴി. മാടായിക്കാവ് വടക്കേ മലബാറിലെ പ്രധാന ക്ഷേത്രമാണ്. പ്രകൃതിയുമായി ഇഴപിരിഞ്ഞാണ് ഇവിടുത്തെ ഉത്സവമെല്ലാം. കർക്കടകത്തിലെ മാരിത്തെയ്യങ്ങളും മാടായിപാറയെ ചുവപ്പ് പട്ടണിയിപ്പിക്കുമ്പോൾ ഒരു മഴക്കാലം വരണ്ട മണ്ണിനെ കുളിരണിയിപ്പിക്കും. കണ്ണൂർ ആസ്ഥാനത്തുനിന്നും 25 കിലോമീറ്റർ സഞ്ചരിച്ചാൽ ഇവിടെയെത്താം. കണ്ണൂരിൽ നിന്നും 65 കിലോമീറ്റർ കിഴക്ക് മാറി കർണ്ണാടക അതിർത്തിയിലാണ് പൈതൽ മലയുള്ളത്. സാഹസിക സഞ്ചാരികളുടെ പറുദീസയാണ് ഇവിടം. കുടക് വനങ്ങളുടെ വിശാലമായ വിദൂരകാഴ്ചകൾ ഇവിടെ നിന്നും ആസ്വദിക്കാം.

## ആറളം വനത്തിലെ ശലഭങ്ങൾ

വയനാടൻ മലമടക്കുകളുടെ എതിർ ഭാഗത്തായി ആറളം വന്യജീവി സങ്കേതം കണ്ണൂരിന്റെ തിലകക്കുറിയാണ്. കേരളത്തിന്റെ വടക്കേയറ്റത്തുള്ള വന്യജീവി സങ്കേതമാണിത്. കണ്ണൂരിൽ നിന്നും 60 കിലോമീറ്റർ ദൂരം യാത്ര ചെയ്യണം ഇവിടെയെത്താൻ. തലശ്ശേരിയിൽ നിന്നും 35 കിലോമീറ്റർ ദൂരമുണ്ട്. 1984 ലാണ് ആറളത്തെ വന്യജീവി സങ്കേതമായി ഉയർത്തുന്നത്.ആന കാട്ടുപോത്ത് മ്ലാവ് കാട്ടുപന്നി തുടങ്ങിയ വന്യജീവികളുടെ ആവാസ മേഖലയാണിത്. വളപട്ടണം പുഴയുടെ പ്രധാന കൈവഴിയായ ചീങ്കണ്ണിപ്പുഴയൊഴുകുന്നത് ഈ വന്യജീവി സങ്കേതത്തിലൂടെയാണ്. നിബിഢ വനങ്ങളും ചോലവനങ്ങളും പുൽമേടുകളുമായി ആറളം പച്ചപ്പ് മാറാത്ത വന സങ്കേതമായി നിൽക്കുന്നു. ശലഭങ്ങളുടെ താഴ്‌വാരം കൂടിയാണിത്.

## ദക്ഷിണ കാശിയിലെ ദക്ഷയാഗം

ദക്ഷയാഗത്തിന് സമാനമാണ് കൊട്ടിയൂരിലെ വൈശാഖ മഹോത്സവം. ശിവൻ ദക്ഷനെ വധിച്ച് ചുഴറ്റിയെറിഞ്ഞ ഉടവാൾ വയനാടൻ മലമടക്കുകൾ കടന്ന് മുതിരേരിയിൽ വന്നു വീണു എന്നതാണ് ഐതീഹ്യം. മലയാള മാസമായ ഇടവത്തിലെ ചോതിയിലാണ് കണ്ണൂർ ജില്ലയിലെ പ്രധാന ആരാധനാലയങ്ങളിലൊന്നായ കൊട്ടിയൂരിലെ ഉത്സവം തുടങ്ങുക. 28 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം നെയ്യാട്ടത്തിൽ തുടങ്ങി തിരുകലാശാട്ടത്തോടെയാണ് സമാപിക്കുക. പെരുമഴ നനഞ്ഞും ആയിരങ്ങൾ ഉത്സവത്തിൽ പങ്കുകൊള്ളാനെത്തുന്നു. ദക്ഷിണ കാശി, തൃച്ചെറുമന, വടക്കീശ്വരം എന്നീ പേരുകളിലൊക്കെയാണ് കൊട്ടിയൂർ ക്ഷേത്രം അറിയപ്പെടുന്നത്. വനജ്യോത്സനകളാണ് ഈ അമ്പലത്തിനു ചുറ്റും തിടമ്പേറ്റി നിൽക്കുന്നത്. വയനാട്ടിൽ നിന്നും ഒഴുകിയെത്തുന്ന ബാവലി പുഴയുടെ ഇരുകരകളിലുമായാണ് ക്ഷേത്രം.

പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രം കണ്ണൂരിലെ പ്രധാന തീർഥാടന കേന്ദ്രമാണ്. ആയിരക്കണക്കിന് തീർഥാടകർക്ക് താമസ സൗകര്യം പോലും സൗജന്യമായി നൽകുന്നുണ്ടിവിടെ. പറശ്ശിനി നദിയിൽ ഡി.ടി.പി.സി ബോട്ടിങ്ങ് നടത്താൻ തുടങ്ങിയതോടെ ഇവിടെ സഞ്ചാരികളുടെ തിരക്കുമുണ്ട്. തളിപ്പറമ്പ് രാജരാജേശ്വരി ക്ഷേത്രം, തൃച്ചമ്പരം ക്ഷേത്രം, ശ്രീ രാമസ്വാമി ടെമ്പിൾ, തൊടീക്കുളം അമ്പലം, ചേർക്കുന്ന്, കുഞ്ഞിമംഗലം, ജഗന്നാഥ ക്ഷേത്രം എന്നിവയെല്ലാം പ്രമുഖ ഹൈന്ദവ ആരാധനാലയങ്ങളാണ്. ഇതിൽ പ്രധാനപ്പെട്ടതാണ് ജഗന്നാഥ ക്ഷേത്രത്തിലെ ഉത്സവകാലം. സ്വാന്ത്ര്യ സമരത്തിന്റെ ചൂടും തൊഴിലാളി സമരങ്ങളുടെ ചൂറുമറിഞ്ഞ കണ്ണൂരിന്റെ മണ്ണ് ഇന്ന് കടൽത്തിരകളുടെ താളവും കണ്ടൽ വനങ്ങളുടെ തണുപ്പുമായി സഞ്ചാരികൾക്കായി കാത്തിരിക്കുന്നു. ■

# കേരള വാർത്തകൾ



## സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡുകൾ വിതരണം ചെയ്തു

സംസ്ഥാന ഫോട്ടോഗ്രാഫി അവാർഡുകൾ കൊച്ചിയിൽ നടന്ന ചടങ്ങിൽ ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് മന്ത്രി കെ.സി. ജോസഫ് സമ്മാനിച്ചു. എസ്. മാധവൻ നായർ (തിരുവനന്തപുരം), രാജേഷ് കരേല (കണ്ണൂർ), എസ്. റെജിബാബു (തിരുവനന്തപുരം) എന്നിവരാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിലേക്കുള്ള പുരസ്കാരങ്ങൾക്ക് അർഹരായത്. പത്തു പേർക്കുള്ള പ്രോത്സാഹനസമ്മാനങ്ങളും മന്ത്രി വിതരണം ചെയ്തു.

സെൽഫി യുഗത്തിൽ എല്ലാവരും ഫോട്ടോഗ്രാഫർമാരാണെങ്കിലും ഭാവനാപൂർണമായി സംഭവങ്ങൾ പകർത്തുന്നതിലാണ് ഈ കലയുടെ മികവെന്ന് മന്ത്രി കെ.സി. ജോസഫ് പറഞ്ഞു.




## കണ്ണൂരിൽ പുതിയ പിആർഡി ഓഫീസും പിആർ ചേംബറും

കണ്ണൂർ സിവിൽ സ്റ്റേഷനിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പുതുക്കിപ്പണിത കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസും ജില്ലാ ഇൻഫർമേഷൻ ഓഫീസും പുതുതായി നിർമ്മിച്ച പിആർ ചേംബറും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി കെ സി ജോസഫ് ഉദ്ഘാടനം ചെയ്തു. ഇൻഫർമേഷൻ സെന്ററിന്റെ ഉദ്ഘാടനം പി കെ ശ്രീമതി ടീച്ചർ എംപി നിർവഹിച്ചു. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഇ. സജീവ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ഇ.വി. സുഗതൻ തുടങ്ങിയവർ സംബന്ധിച്ചു




## സിയാൽ മാതൃകയിലുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ വികസനമുന്നേറ്റത്തിന് അനിവാര്യം: മുഖ്യമന്ത്രി

നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവള (സിയാൽ)ത്തിന്റെ മാതൃകയിലുള്ള വിജയകരമായ പദ്ധതികൾ സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിൽ അനിവാര്യമാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. വിഴിഞ്ഞം തുറമുഖ പദ്ധതി ഈ ദിശയിലുള്ള അടുത്ത കാൽവയ്പാണെന്നും അദ്ദേഹം പറഞ്ഞു. വിമാനത്താവളത്തിന്റെ ഊർജാവശ്യം നിറവേറ്റുന്നതിനായി സ്ഥാപിച്ച 12 മെഗാവാട്ട് സൗരോർജ പ്ലാന്റിന്റെ ഉദ്ഘാടനം നെടുമ്പാശ്ശേരിയിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ലോകത്തിലെ തന്നെ ആദ്യത്തെ വിമാനത്താവളമായി ഇതോടെ നെടുമ്പാശ്ശേരി മാറിയിരിക്കുകയാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പൊതു – സ്വകാര്യ പങ്കാളിത്തത്തിൽ രാജ്യത്തിന് തന്നെ മാതൃകയായ സിയാലിന്റെ കിരീടത്തിൽ മറ്റൊരു പൊൻതൂവലാണ് ഈ നേട്ടം. സൗരോർജത്തിൽ നിന്നും സ്വന്തം ആവശ്യത്തിനുള്ള വൈദ്യുതി ഉൽപാദിപ്പിക്കുന്നതിന് പുറമെ അധികമുള്ള വൈദ്യുതി പൊതുവിതരണ ശൃംഖലയിലേക്ക് കൊടുക്കാനും ഇതോടെ സിയാലിന് കഴിയും.

വിമാനത്താവളത്തിന് പുറമെ മറ്റ് അടിസ്ഥാന സൗകര്യ വികസന രംഗങ്ങളിലേക്കും സിയാലിന് കീഴിലുള്ള സിയാൽ ഇൻഫ്രസ്ട്രക്ചേഴ്സ് ലിമിറ്റഡ് കടന്നു കഴിഞ്ഞു. 50 മെഗാവാട്ട് ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളാണ് സിയാൽ വിവിധ ജില്ലകളിലായി നടപ്പാക്കുന്നത്. ഇതിൽ അരീപ്പാറ പദ്ധതിയുടെ നിർമാണം രണ്ടു മാസത്തിനകം ആരംഭിക്കും. ഒരു വർഷത്തിനകം മറ്റ് പദ്ധതികളുടെ നിർമാണത്തിനും തുടക്കമാകും. ഡയറക്ടർ ബോർഡിന്റെയും ജീവനക്കാരുടെയും സമർപ്പിതസേവനമാണ് സിയാലിന്റെ വിജയത്തിന് പിന്നിലെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഫിഷറീസ്, തുറമുഖ വകുപ്പ് മന്ത്രി കെ. ബാബു അധ്യക്ഷത വഹിച്ചു. സർക്കാർ മുതൽ മുടക്കിയ പദ്ധതികളിൽ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്നവയിലൊന്നാണ് സിയാലെന്ന് അദ്ദേഹം പറഞ്ഞു. നൂറു കോടി രൂപ മുടക്കിയ സ്ഥാനത്ത് 168 കോടി രൂപ തിരികെ ലഭിച്ചു കഴിഞ്ഞു. 64 ലക്ഷം യാത്രക്കാരാണ് കഴിഞ്ഞ വർഷം നെടുമ്പാശ്ശേരിയിലൂടെ കടന്നു പോയത്. ഈ വർഷം 75 ലക്ഷം യാത്രക്കാരെയാണ് പ്രതീക്ഷിക്കുന്നത്. ആയിരം കോടി രൂപ ചെലവിൽ നിർമിക്കുന്ന പുതിയ ടെർമിനൽ അടുത്ത വർഷം മെയ് മാസത്തോടെ പ്രവർത്തനസജ്ജമാകുമെന്നും മന്ത്രി അറിയിച്ചു.



ആലപ്പുഴ

ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു

## ആലപ്പുഴയിൽ ആസൂത്രണ സമിതിക്ക് പുതിയ മന്ദിരം

ആലപ്പുഴ ജില്ലാ ആസൂത്രണ സമിതി ചേരാൻ നിർമിച്ച സെക്രട്ടറിയേറ്റ് മന്ദിരം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നുമായി അഞ്ചു കോടി ചെലവിട്ടു നിർമിച്ച കെട്ടിടത്തിന് 17,000 ചതുരശ്രയടി വിസ്തീർണമുണ്ട്. സമാനമാതൃകയിൽ മുഴുവൻ ജില്ലകളിലും ആസൂത്രണ സമിതിക്ക് പ്രത്യേക കെട്ടിടം നിർമിക്കുക സർക്കാർ നയമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര പ്ലാനിങ് കമ്മിഷൻ പോലുള്ള സംവിധാനങ്ങളിൽ മാറ്റം വരുത്തുമ്പോൾ കൂടുതൽ വ്യക്തത വേണമായിരുന്നു. നീതി ആയോഗ് നിലവിൽ വന്നപ്പോൾ കാര്യങ്ങളിൽ വ്യക്തതയുണ്ടാക്കാൻ കേന്ദ്ര സർക്കാരിന് കഴിഞ്ഞില്ല. പ്രശ്നം ചർച്ച ചെയ്യാൻ രൂപീകരിച്ച മുഖ്യമന്ത്രിമാരുടെ സമിതിയുടെ റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. അവ്യക്തത വേഗം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി കെ.സി. ജോസഫ് അധ്യക്ഷനായിരുന്നു.



## എൻഡോസൾഫാൻ ദുരിതബാധിതർക്ക് കൂടുതൽ പരിഗണന വേണം

കാസർകോട്

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർ കൂടുതൽ പരിഗണന അർഹിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. ഇവർക്കുള്ള 108 ഭവനങ്ങളുടെ നിർമാണത്തിന് ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജനസമ്പർക്ക പരിപാടിയിൽ പ്രഖ്യാപിച്ചതനുസരിച്ച് ഭൂരഹിതരായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സന്നദ്ധസംഘടനകളുമായി സഹകരിച്ച് വീടുകൾ നിർമിച്ച് നൽകുന്ന സാഫല്യം ഭവന നിർമാണ പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിലാണ് സത്യസായി ഓർഫനേജ് ട്രസ്റ്റ് സായി പ്രസാദം പദ്ധതിയിൽ 108 വീടുകൾ നിർമിച്ചു നൽകുന്നത്. ഇതിനായി സർക്കാർ ഓരോ കുടുംബത്തിനും 10 സെന്റ് വീതം ഭൂമി അനുവദിച്ചു. പുല്ലൂർ–പെരിയ, കിനാനൂർ- കരിന്തളം, എൻമകജെ പഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുക. നരകയാതന അനുഭവിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നവർക്ക് സർക്കാറിന്റെ എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഫിഷറീസ് എക്സൈസ് വകുപ്പ് മന്ത്രി കെ. ബാബു പ്രൊജക്ട് സമർപ്പണം നിർവഹിച്ചു.

**എം.മധുസൂദനൻ,** അസി. എഡിറ്റർ




കൊല്ലം

## ആഫ്രിക്കയിൽ നിന്ന് കൊല്ലത്ത് തോട്ടണ്ടി കപ്പൽ

കൊല്ലത്തിന്റെ വികസന പാതയിൽ പുത്തൻ അധ്യായം എഴുതിച്ചേർത്ത് നീണ്ട ഇടവേളക്ക് ശേഷം തോട്ടണ്ടിയുമായി തുറമുഖത്ത് കപ്പൽ എത്തി. ആഗസ്റ്റ് 30 ന് ആഫ്രിക്കൻ രാജ്യമായ ഗിനിബസോവോയിൽ നിന്നും 5,456 ടൺ തോട്ടണ്ടിയുമായാണ് ഇൻഡസ്ട്രിയൽ സെഞ്ചുറി എന്ന കപ്പൽ എത്തിയത്.

തോട്ടണ്ടി നേരിട്ട് ജില്ലയിൽ എത്തുന്നത് കശുവണ്ടി മേഖലയിൽ പുത്തൻ പ്രതീക്ഷ നൽകുന്നു. ഇതോടെ ജില്ലയിലെ കശുവണ്ടി ഫാക്ടറി ഉടമകൾക്ക് ചരക്ക് നീക്കത്തിൽ ആകെ ഇറക്കുമതി ചെലവിന്റെ ഇരുപത്തിയഞ്ച് ശതമാനം വരെ ലാഭമുണ്ടാകുമെന്ന് കണക്കാക്കുന്നു. തോട്ടണ്ടി ഇറക്കുമതിയോടൊപ്പം സംസ്ക്കരിച്ച പരിപ്പ് കയറ്റുമതിയും സാധ്യമാവുന്നതോടെ കേരളത്തിലെ വികസന ഭൂപടത്തിൽ കൊല്ലത്തിന്റെ സ്ഥാനം ഉയരും.

**പി.ആർ സാബു,** അസി. ഇൻഫർമേഷൻ ഓഫീസർ



കോഴിക്കോട് പുതിയറയിൽ ആരംഭിച്ച എന്റെ കൂട് പദ്ധതി മന്ത്രി എം.കെ മുനീർ ഉദ്ഘാടനം ചെയ്യുന്നു.

## തണലും താങ്ങുമായി എന്റെ കൂട് പദ്ധതി തുടങ്ങി

**കോഴിക്കോട്**

അവിചാരിതമായി കോഴിക്കോട് നഗരത്തിൽ കുടുങ്ങിപ്പോവുന്നവർ ഇനി ഭയപ്പെടേണ്ട. സാമൂഹ്യനീതി വകുപ്പിന്റെ എന്റെ കൂട് പദ്ധതി അവർക്ക് തണലാകും. നിരാലംബരായ സ്ത്രീകൾക്കും കുട്ടികൾക്കും രാത്രി തങ്ങാനൊരിടം നൽകുകയും അതിക്രമങ്ങളിൽ നിന്ന് രക്ഷ നേടാൻ അവരെ സഹായിക്കുകയും ചെയ്യുകയെന്നതാണ് എന്റെ കൂടിന്റെ ലക്ഷ്യം.

ഇതിനായി ജില്ലാ കലക്ടർ സാമൂഹ്യനീതി വകുപ്പിന് കൈമാറിയ പഴയ കസബ വില്ലേജ് ഓഫീസ് കെട്ടിടം 27 ലക്ഷം രൂപ ചെലവഴിച്ച് നവീകരിക്കുകയായിരുന്നു. 50 പേർക്ക് താമസിക്കാനാവശ്യമായ കിടക്കകൾ, ടോയ്‌ലെറ്റ്, ബാത്ത്റൂം സൗകര്യങ്ങൾ എന്നിവയാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഭക്ഷണം ജില്ലാ ഭരണകൂടത്തിന്റെ ഓപ്പറേഷൻ സുലൈമാനി വഴി ലഭ്യമാക്കും. ശുശ്രൂഷ ആവശ്യമായവർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന മെഡിക്കൽ കോളേജ്, ഗവ. ബീച്ച് ആശുപത്രി എന്നിവിടങ്ങളിലായി സൗകര്യം നൽകും. ഇതിനായി ആംബുലൻസ് ഓൺകോൾ സംവിധാനവുമൊരുക്കിയിട്ടുണ്ട്. പുനരധിവാസ നടപടികൾക്കൊപ്പം ബീറ്റ് പോലീസിന്റെ സഹായവും പദ്ധതിക്കായി ഉപയോഗപ്പെടുത്തും.

സ്ത്രീകൾക്കും അവരോടൊപ്പമുള്ള ഒൻപത് വയസിൽ താഴെയുള്ള കുട്ടികൾക്കും ഇവിടെ സൗജന്യമായി താമസിക്കാം. വൈകുന്നേരം ആറു മണി മുതൽ രാവിലെ ഏഴു വരെയാണ് പ്രവർത്തന സമയം. എന്റെ കൂട് പദ്ധതി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന് പദ്ധതി ഉദ്ഘാടനം ചെയതുകൊണ്ട് പഞ്ചായത്ത്, സാമൂഹ്യനീതി മന്ത്രി ഡോ. എം.കെ മുനീർ പ്രഖ്യാപിച്ചു.




മെഗാ പട്ടയമേള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.

## ഇടുക്കി ഭൂരഹിതരില്ലാത്ത ജില്ല; ഉത്സവച്ഛായയിൽ മെഗാ പട്ടയമേള

ഭൂരഹിതരായവർക്കെല്ലാം ഭൂമി, മലയോര കർഷകരുടെ കൈവശഭൂമിക്ക് പട്ടയം, ആദിവാസികൾക്ക് ആശിച്ച ഭൂമി. ഇടുക്കി ഐ.ഡി.എ ഗ്രൗണ്ടിൽ നടന്ന മെഗാ പട്ടയമേള ജില്ലയിൽ ഉൽസവമായി. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയത മേളയിൽ 15,624 പട്ടയങ്ങളാണ് വിതരണത്തിനു തയാറാക്കിയത്.

ഇടുക്കിയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ 9,505 പേരാണ് അപേക്ഷ നൽകിയത്. ഇതിൽ 2005 പേർക്ക് ഭൂമി നേരത്തേ നൽകിയിരുന്നു. ബാക്കിയുള്ള മുഴുവൻ അപേക്ഷകർക്കും മെഗാ പട്ടയമേളയിൽ ഭൂമി നൽകുകയും ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു.

**കെ.കെ. ജയകുമാർ,** അസി. ഇൻഫർമേഷൻ ഓഫീസർ

## ദുരിതത്തിൽ സഹായവുമായി പോലീസിന്റെ ആതുരമിത്രം

**കണ്ണൂർ**

നിത്യരോഗികൾക്ക് ആശ്വാസമേകി കണ്ണൂരിൽ പോലീസിന്റെ ആതുരമിത്രം പദ്ധതി ശ്രദ്ധേയമാകുന്നു. ജില്ലയിലുള്ള നിർധനരോഗികൾക്ക് ചികിത്സാസഹായം നല്കുന്ന പദ്ധതിയാണിത്. വൃക്ക, കരൾ, ശ്വാസകോശം തുടങ്ങിയ അവയവങ്ങളിൽ ഗുരുതരമായ രോഗം ബാധിച്ച വ്യക്തികൾക്ക് പദ്ധതിയിൽ സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാം. കുട്ടികളുടെ അപേക്ഷകൾക്ക് പ്രത്യേക പരിഗണനയുണ്ട്. അപേക്ഷകൾ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്കാണ് നല്കേണ്ടത്.

സമകാലിക
ജനപഥം
01 സെപ്തംബർ 2015

# കാലത്തിനൊപ്പം

## അധികാരവികേന്ദ്രീകരണം: നൂറിൽ നൂറിന്റെ നിറവ്

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിനെയും അധികാരവികേന്ദ്രീകരണത്തിന്റെ കാര്യക്ഷമതയെയും കുറിച്ചുള്ള വിലയിരുത്തലിന്റെ സമയമാണ് ഇപ്പോൾ. ഈ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾക്കും നിറവേറ്റിയ വാഗ്ദാനങ്ങൾക്കും യഥാർഥത്തിൽ കേന്ദ്രസർക്കാർ തന്നെ മാർക്കിട്ടു കഴിഞ്ഞു.

ത്രിതല പഞ്ചായത്തുകളുടെ കാര്യക്ഷമതയ്ക്കും അധികാരവികേന്ദ്രീകരണം കാര്യക്ഷമമായി നടപ്പാക്കിയതിനും ഇന്ത്യയിൽ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം ഇക്കൊല്ലം ലഭിച്ചത് കേരളത്തിനാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും മികച്ച സാഹചര്യം ഒരുക്കിയതാണ് കേരളത്തെ പുരസ്കാരത്തിന് അർഹമാക്കിയത്.

രാജ്യത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി കൊല്ലം തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ പട്ടികയിൽ ഇടുക്കിയും വെളിയനാടും ഗ്രാമപഞ്ചായത്തുകളുടെ കൂട്ടത്തിൽ നാദാപുരവും കവിയൂരുമുണ്ട്. ഗ്രാമസഭകൾ കാര്യക്ഷമമായി സംഘടിപ്പിച്ചതിനുള്ള സൗരവ് ഗ്രാമസഭ പുരസ്കാരത്തിന് മണീട് പഞ്ചായത്തും അർഹമായി. കേരളത്തിന് അഭിമാനിക്കാവുന്ന അംഗീകാരമാണിത്.

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനത്തിലും അധികാരവികേന്ദ്രീകരണ രംഗത്തും കേരളം മുന്നേറി എന്നു മാത്രമല്ല, രാജ്യത്തിന് അനുകരണീയമായ മാതൃക തന്നെ സൃഷ്ടിക്കുകയും ചെയ്തു. ഗ്രാമസഭകളിലെ വിപുലമായ ജനപങ്കാളിത്തം, തദ്ദേശ സ്ഥാപനങ്ങൾക്ക് പഞ്ചവത്സര പദ്ധതി, പദ്ധതി നിർവഹണത്തിൽ ചടുലത, വ്യവസ്ഥാപിതമായ മേൽനോട്ടം, ഭാവനാസമ്പന്നമായ പുതിയ പദ്ധതികൾ, ആധുനിക സങ്കേതിക വിദ്യകൾ പൂർണമായി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജനസൗഹൃദമായ നടപടികൾ, ത്രിതല പഞ്ചായത്ത് ഓഫീസുകൾക്ക് പുതിയ മുഖം നൽകിക്കൊണ്ടുള്ള പ്രവത്തനങ്ങൾ തുടങ്ങിയ ബഹുമുഖമായ നടപടികളിലൂടെയാണ് കേരളം രാജ്യത്തിന് മുന്നിൽ നടക്കാൻ യോഗ്യത തെളിയിച്ചത്. ബജറ്റ് വിഹിതത്തിന്റെ 40 ശതമാനത്തോളം നൽകിയത് തദ്ദേശസ്ഥാപനങ്ങളുടെ മുന്നേറ്റത്തിനു വഴിയൊരുക്കി.

കുടുംബശ്രീയുടെ നേതൃത്വത്തിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, ദാരിദ്ര നിർമാർജനത്തിനുള്ള യത്നങ്ങൾ, വിവിധ വകുപ്പുകൾക്ക് കീഴിലുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയവയുടെയൊക്കെ നടത്തിപ്പിൽ നമ്മുടെ ത്രിതല പഞ്ചായത്തുകൾ വഹിച്ച പങ്ക് വളരെ വലുതാണ്. ഇന്ത്യയിലെ ആദ്യത്തെ സേവാഗ്രാം തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് പ്രവർത്തനമാരംഭിച്ചപ്പോൾ ഭൗതിക സാഹചര്യങ്ങളിൽ പിന്നാക്കമെന്ന കണക്കാക്കിയിരുന്ന ഇടുക്കി രാജ്യത്തെ ആദ്യ ബ്രോഡ്ബാന്റ് ജില്ലയെന്ന ബഹുമതി കരസ്ഥമാക്കി. ഇങ്ങനെ വികസനവും കരുതലുമെന്ന യു.ഡി.എഫ്. സർക്കാരിന്റെ മുദ്രാവാക്യം ഗ്രാമ-നഗരവ്യത്യാസമില്ലാതെ നടപ്പാക്കിയതാണ് നേട്ടത്തിന്റെ കാതൽ.

പഞ്ചായത്തുകളുടെ ശാക്തീകരണത്തിനൊപ്പം തന്നെ ഗ്രാമവികസന രംഗത്തും നമുക്ക് മുന്നേറാനായി. തൊഴിലുറപ്പ് പദ്ധതി പോലുള്ള ദേശീയാവിഷ്കൃത പദ്ധതികളിൽ കേരളം കൂടുതൽ ജനോപകാരപ്രദമായ മാറ്റങ്ങൾ നടപ്പാക്കി. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ നഗരങ്ങൾക്കുവേണ്ടി പരിസ്ഥിതിയും മറ്റു സാമ്പത്തിക സാമൂഹിക ഘടങ്ങളും അപഗ്രഥിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകളാണ് നഗരാസൂത്രണ വകുപ്പ് ആസൂത്രണം ചെയ്യുന്നത്. നഗരസഭകളുടെ ആവശ്യങ്ങൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കാൻ പാർട്ണർ കേരള മിഷൻ രൂപവത്ക്കരിച്ചിട്ടുണ്ട്. 1000 കോടി രൂപയുടെ പദ്ധതികളാണ് ഉടൻ തുടങ്ങാൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ അധികാരത്തിൽ കൈകടത്താതെയാണ് നഗരങ്ങളുടെ അച്ചടക്കത്തോടെയുള്ള വളർച്ചക്ക് വഴിയൊരുക്കിയിട്ടുള്ളത്.

വ്യവസ്ഥാപിതവും ആസൂത്രിതവുമായ പ്രവർത്തനങ്ങളിലൂടെയാണ് ത്രിതല പഞ്ചായത്തുകളുടെ ശാക്തീകരണത്തിൽ കേരളം നൂറിൽ നൂറിന്റെ നിറവിൽ എത്തിച്ചേർന്നത്. വികസിത കേരളത്തിന് സുശക്തമായ അടിത്തറയൊരുക്കാൻ ഇവയ്ക്കായിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ തുടർച്ച വലിയ ലക്ഷ്യങ്ങൾ കീഴടക്കാൻ നമ്മെ കരുത്തരാക്കുമെന്ന് ഉറപ്പിക്കാം.

**ഉമ്മൻചാണ്ടി**

മുഖ്യമന്ത്രി



കേരള സർക്കാർ

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് അവതരിപ്പിക്കുന്ന

# സുതാര്യകേരളം

**മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര പരിപാടി.**



ഉദ്യോഗസ്ഥരുടെ സമീപനമോ നടപടി ക്രമങ്ങളിലെ കാർക്കശ്യമോ മൂലം പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ അത് നമ്മുടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താം.

എല്ലാ ഞായറാഴ്ചയും
രാത്രി 7.20 ന് ദൂരദർശൻ
നാഷനൽ മലയാളം ചാനലിൽ...

പുനഃസംപ്രേഷണം
തിങ്കളാഴ്ചകളിൽ
രാത്രി 9.15 ന് ദൂരദർശൻ
മലയാളം ചാനലിൽ...

*നിങ്ങളുടെ ന്യായമായ പരാതികൾക്ക് മുഖ്യമന്ത്രി നേരിട്ട് ഉടനടി പരിഹാരം നിർദ്ദേശിക്കുന്ന മാധ്യമ സംരംഭം*

നിർമ്മാണ നിർവഹണം: **സി-ഡിറ്റ്**

*വികസനവും കരുതലും*

പരാതി നൽകാൻ വിളിക്കാവുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പറുകൾ:

ബി.എസ്.എൻ.എൽ ലാന്റ് ലൈനിൽ നിന്ന്: **155300**

ബി.എസ്.എൻ.എൽ മൊബൈൽ ഫോണിൽ നിന്ന്: **0471-155300**

മറ്റു നെറ്റ്‌വർക്കുകളിൽ നിന്ന്: **0471-2115054, 2115098, 2335523**

www.newsutharya.kerala.gov.in, www.keralacm.gov.in
എന്നീ വെബ് സൈറ്റുകൾ വഴിയും പരാതി നൽകാം.

*സുതാര്യഭരണം സുതാര്യകേരളം*

Registration No. KL/TV(N)660/15-17
RNI No.: 2014/58028
വില: ₹12 വാർഷിക വരിസംഖ്യ ₹120

സമകാലിക
ജനപഥം
01 സെപ്തംബർ 2015




Printed and Published by Mini Antony IAS, Director, Information & Public Relation Department on behalf of Government of Kerala and Printed at St.Joseph Press, Thiruvananthapuram and published at Publication Wing, Information & Public Relation Department, Government Secretariate Annexe, Thiruvananthapuram, Kerala. Editor in chief: Mini Antony IAS